KNANAYADEEPAM
# ക്നാനായദീപം
Vol: 34 / Issue: 12 December 2023 ₹:10/-

## ക്രിസ്തുമസ്
## പുതുവത്സരാശംസകൾ



# പുതിയ ക്നാനായ കമ്മിറ്റിയുടെ അധികാര കൈമാറ്റം





ഓതറ നസ്രേത്ത് കോളേജ് ഓഫ് ഫാർമസിയുടെ 2023 – 2028 ലെ ഗവേണിങ്ങ് ബോർഡ് അംഗങ്ങൾ ക്നാനായ സമുദായ മെത്രാപ്പോലിത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോട് ഒപ്പം. ശ്രീ. പി.എ. ഏബ്രഹാം കുഴികണ്ടത്തിൽ, ശ്രീ. ജേക്കബ് ലൂക്കോസ് കോയിപ്പുറത്ത്, സമുദായ സെക്രട്ടറി ശ്രീ. റ്റി.ഒ.എബ്രഹാം തോട്ടത്തിൽ, അസ്സോസിയേഷൻ പ്രസിഡന്റ് Rev. Fr. V.A എബ്രഹാം ഇളയശ്ശേരിൽ, വൈദീക ട്രസ്റ്റി Rev. Fr. M. C. സഖറിയാ മധുരംകോട്ട്, ശ്രീ. ആലിച്ചൻ ആറൊന്നിൽ, പ്രൊഫസർ ശ്രീ. ബേബി ഏബ്രഹാം പുളിക്കാവിൽ, ശ്രീ. ടോണി കുറിയാക്കോസ് അട്ടച്ചിറയിൽ, ശ്രീ. ലിൻസോ ഇളവൻകളം, ശ്രീ. ബൈജു മോൻ ചാക്കോ പുലയകുന്നിൽ, ശ്രീ. സണ്ണി ഇടയാടിയിൽ, ശ്രീ. പി.കെ. കുര്യൻ പാട്ടമ്പലത്ത് തുടങ്ങിയവർ സമീപം.

## ഫാർമസി കോളേജ് ഗവേണിങ് ബോർഡിലേക്ക് ക്നാനായ സമുദായ മെത്രാപ്പോലീത്ത നോമിനേറ്റ് ചെയ്തവർ



ഇരവിപേരൂർ
സെന്റ് മേരിസ് ക്നാനായ
പള്ളി ഇടവകാംഗം
**പ്രൊഫസർ ബേബി എബ്രഹാം പുളിക്കാവിൽ**
(Rtd. പ്രൊഫസർ,
സെന്റ് തോമസ് കോളേജ്
റാന്നി)



പുതുശ്ശേരി സെന്റ്
സൈമൺസ് ക്നാനായ
പള്ളി ഇടവകാംഗം
**ശ്രീ. ടോണി കുര്യാക്കോസ് അട്ടച്ചിറയിൽ**

## മോർ സേവേറിയോസ് ഫണ്ട് എക്സിക്യുട്ടീവ് ട്രസ്റ്റീസ്



റവ. ഫാ. കെ.കെ. ഏബ്രഹാം
കുറ്റിയിൽ



ശ്രീ. തമ്പാൻ തോമസ്
കോളഭാഗത്ത്



ഓതറ നസ്രേത്ത് ഫാർമസി
കോളേജ് സെക്രട്ടറിയായി
തെരഞ്ഞെടുത്ത കല്ലിശേരി
വലിയപള്ളി ഇടവകാംഗം
**ശ്രീ. പി.എ. ഏബ്രഹാം
(കുഞ്ഞുഞ്ഞുകുട്ടി)**
കുഴികണ്ടത്തിൽ

# ക്നാനായ ദീപം

2023 ഡിസംബർ പുസ്തകം 34 ലക്കം 12

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

ജ്വലിച്ചു പ്രകാശിക്കുന്ന വിളക്ക് 08
ഷീജ ചാക്കോ കൈപ്പകശ്ശേരി

പ്രകൃതിയിൽ പ്രതിഫലിക്കുന്ന... 09
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

ക്നാനായ ഫാമിലി മീറ്റ് 10

ശ്രേഷ്ഠമായ വ്യക്തിത്വം 15
സുനിൽ ഡി. കുരുവിള

വി. ബൈബിളും കേരള ക്രൈസ്തവ... 17
ടോമി കുന്നുപറമ്പിൽ

അബ്രഹാമിന്റെ ബലി 18
സീമ ഷിന്റോ കന്നിയേൽ

നിത്യ പ്രചോദനമായി... 19
അരുൺ ഗോവിന്ദ്

ക്രിസ്തുമസ്സ് 20
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

സന്ന്യാസം 21
ഐബി ജോസ് കിഴക്കേടത്ത്

ഏവൻഗേലിയോൻ ദീപം 24
ഫാ. പി.റ്റി മാത്യു പയ്യനാട്ട്

26 അരങ്ങിനപ്പുറത്തെ അണിയറ...
എഞ്ചി. ടി.എം. തോമസ് കൊച്ചുപുരയ്ക്കൽ

27 ഭാഗ്യവാനായ മനുഷ്യൻ
സനീഷ് എബ്രഹാം മണിമലേത്ത്

28 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

41 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

44 ഒറ്റപ്പെടുന്നവർ
റ്റി. യു. ജോസ്, തൈത്തറ

45 മല്പാനോട് ചോദിക്കാം

49 കാൽപ്പാടുകൾ
എബി

50 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**




കർത്താവിൽ പ്രിയ ക്നാനായ ദീപം വായനക്കാർക്ക് 2023 ലെ ക്രിസ്തുമസിന്റെ എല്ലാ മംഗളങ്ങളും നേരുന്നു.

"ആളിനൊത്ത നാമം" എന്നൊരു പഴഞ്ചൊലുണ്ട്. യേശുവിനെ സംബന്ധിച്ചിടത്തോളവും ഈ സംഗതി അർത്ഥവത്താണ്. തന്റെ വിശിഷ്ട നാമങ്ങളിൽ ഒന്നാണ് അത്ഭുതം. തന്റെ അതുല്യമായ ജനനം തന്നെ അത്ഭുതം ആണ്. ലൂക്കോ. 1:32 ൽ അവൻ വലിയവനാകും, അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും എന്ന് രേഖപ്പെടുത്തിയിരിക്കുന്നുവല്ലോ. എങ്കിലും താൻ ഒരു എളിയ കന്യകയിൽ ഭൂജാതനാകത്തക്കവിധം താഴ്മ ധരിച്ചു. തന്റെ ജനനം തന്നെയും താഴ്മയെ വിളിച്ചറിയിക്കയാണ്.

സമാധാന പ്രഭുവും ജീവന്റെ കർത്താവും, ശക്തിയുടെ ഏക ഉറവിടവുമായവൻ ജാതനാകുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയിരുന്നെങ്കിൽ ശിശുവായ യേശുവിനെ എതിരേല്ക്കുവാൻ അംബരചുംബികളായ രമ്യഹർമ്മ്യങ്ങളും, മനോഹര സൗധങ്ങളും, രാജകൊട്ടാരങ്ങളും മനുഷ്യൻ അണിച്ച് ഒരുക്കി നിർത്തുമായിരുന്നു. എന്നാൽ മനുഷ്യനായി അവതരിച്ച യേശു തെരഞ്ഞെടുത്തത് യാതൊരുവിധ പ്രാധാന്യവും പ്രശസ്തിയും പറയുവാനില്ലായിരുന്ന ഏറ്റവും താണ പുൽക്കൂടാണ്. കർത്താധി കർത്താവും രാജാധിരാജാവുമായ ശിശുവിനു അഭിവന്ദ്യം അർപ്പിക്കുവാൻ ആദ്യമായി കടന്നുവന്നത് ഒരു കൂട്ടം എളിയവരായ അജപാലകന്മാരാണ് എന്നതും വിസ്മയാവഹം തന്നെ. ആകാശത്തിൽ കണ്ട നക്ഷത്രംപോലും പുൽത്തൊട്ടിയിൽ സുഖമായി കിടക്കുന്ന പിഞ്ചു പൈതലിനെ സാകൂതം നോക്കിക്കൊണ്ടിരുന്നു (മത്താ.2:9). സൃഷ്ടാവായ ദൈവം തന്നെത്താൻ താഴ്ത്തി സ്വസൃഷ്ടിയായ മനുഷ്യരൂപം ധരിച്ച് താൽക്കാലിക ഭൂമിയിലേക്ക് താണിറങ്ങി വന്നത് മനുഷ്യബുദ്ധിക്കതീതവും മഹാശ്ചര്യവുമായ അത്ഭുത സംഭവമാണ്.

ദൈവത്തിന്റെ ഏകജാതനായ പ്രിയപുത്രൻ സ്വർഗ്ഗീയ പിതാവിന്റെ മുമ്പിൽ വിനോദിച്ചുകൊണ്ട് ദിനം പ്രതി താതന്റെ പ്രമോദമായിരുന്നത് മാത്രമല്ല. സർവ്വ മഹത്വത്തിനും ബഹുമാനത്തിനും പുകഴ്ചക്കും യോഗ്യനായി അസംഖ്യം ദൂതന്മാരാൽ ആരാധിക്കപ്പെട്ടും പുകഴ്ത്തപ്പെട്ടും കൊണ്ടിരുന്നു. എന്നാൽ തങ്ങളുടെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ടകന്നവരും ശത്രുക്കളുമായിരുന്ന മനുഷ്യരെ വീണ്ടെടുക്കുവാൻ (കൊലോ.1:21) സർവ്വശക്തന്റെ ഓമന സുതൻ സ്വർഗ്ഗീയ മഹിമകളെ വെടിഞ്ഞും സകല സന്തോഷങ്ങളും, തേജസ്സും മഹത്വവും ഉപേക്ഷിച്ചുകൊണ്ട് ജഡരക്തങ്ങളോടു കൂടിയ സാധാരണ മനുജനായി അവതരിപ്പിച്ചത് അതിശയങ്ങളിലും അതിശയം തന്നെയാണ്. പാപശാപത്തിന്റെയും പോരാട്ടത്തിന്റെയും നാശഗർത്തത്തിൽ മുങ്ങിക്കിടക്കുന്ന മനുഷ്യനെ വലിച്ചു കരേറ്റി വീണ്ടെടുപ്പാൻ തന്റെ സ്വർഗ്ഗീയ തേജസും മഹത്വവും മാറ്റി വച്ചിട്ടു സ്വയം യാഗമായിത്തീരുകയെന്ന ഒരേയൊരു മാർഗ്ഗം മാത്രമേയുള്ളു എന്ന് സൃഷ്ടാവായ ദൈവം കണ്ടു. എന്തുമാത്രം മേന്മയേറിയ തികഞ്ഞ സ്നേഹാധിക്യമാണിതെന്നു ചിന്തിക്കുക (യോഹ. 3:16). ഈ മഹാസ്നേഹം നമ്മുടെ ഹൃദയങ്ങളെ കവർന്നെടുക്കയും ദൈവത്തെ സ്നേഹിക്കുവാനും സേവിക്കുവാനും നിർബ്ബന്ധിക്കുകയും ചെയ്യുന്ന ദർശനമായി ഭവിച്ചെങ്കിൽ കൊള്ളായിരുന്നു. സൗമ്യനും ശാന്തസ്വഭാവിയും, താഴ്മയുള്ളവനുമായ യേശുവിന് വസിക്കുവാൻ ഒരിടം നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിൽ ഇപ്പോൾതന്നെ നൽകുക. നാം ഓരോരുത്തരും നിന്ദിക്കപ്പെട്ടവരും അറിയപ്പെടാത്തവരും നിസ്സാരരും യാതൊരുവിധ മേന്മയില്ലാത്തവരും ആയിരിക്കാം. നമ്മുടെ ഹൃദയങ്ങളിൽ വസിപ്പാൻ യേശു ആഗ്രഹിക്കുന്നു (യെശ. 57:15). ഉന്നതനും, ഉയിർന്നിരിക്കുന്നവനും, ശാശ്വതവാസിയും പരിശുദ്ധൻ എന്ന നാമവുമുള്ളവനുമായവൻ മനസ്താപവും മനോവിനയുവുമുള്ളവരോടുകൂടെ വസിക്കുന്നു. 21-ാം ശതാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതമാണ് യേശു കാണിച്ചതും പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നതുമായ പുതിയ യുഗം. തന്റെ സ്വന്ത ജനമായ ക്നാനായ സമുദായത്തെ നോക്കി യേശു ഇന്ന് ദുഃഖിക്കുകയാണ്. ചാവേർപടയും, മാദ്ധ്യമ പോരാട്ടങ്ങളും വഴക്കുകളും ചേരിതിരിവുകളും അവസാനിപ്പിക്കാൻ ലോകരക്ഷിതാവിന്റെ തിരുനാമത്തിൽ മാലാഖമാർ പാടിയ ദൈവമഹത്വം ഏവരുടെയും ലാക്കാകാതെ സമാധാനം ഉണ്ടാകയില്ല. എവിടെ സ്നേഹവും സന്തോഷവും സമാധാനവും നിറഞ്ഞ ഒരു നിമിഷം സൃഷ്ടിക്കപ്പെടുന്നുവോ അവിടെയെല്ലാം ക്രിസ്തു വീണ്ടും ജനിക്കുകയാണ്. എല്ലാം മനുഷ്യരുടെയും ഹൃദയത്തിൽ സ്നേഹത്തിന്റെ ക്രിസ്തുമസ്സ് സൃഷ്ടിക്കപ്പെടുമ്പോൾ സമാധാനം സൃഷ്ടിക്കപ്പെടുന്നു. യുദ്ധങ്ങളുടെയും കലാപങ്ങളുടെയും ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങളുടെയും വർത്തമാന കാലങ്ങൾ സ്നേഹത്തിന്റെ ഉണർത്തു പാട്ടുമായി സമാധാന ചക്രവർത്തിയായ യേശുദേവന്റെ ഒരു ജനനതിരുനാൾ കൂടി വിദ്വേഷങ്ങളും മത്സരങ്ങളുമില്ലാത്ത ഒരു നവയുഗം സൃഷ്ടിക്കാൻ ഈ ക്രിസ്തുമസ് നമ്മെ പ്രചോദിപ്പിക്കട്ടെ. ഉറപ്പേറിയ ക്നാനായ സമുദായ ഭരണഘടന നമുക്കുണ്ട്. ക്നാനായ മാതാപിതാക്കന്മാരിൽ നിന്ന് ജന്മനാൽ ക്നാനായക്കാർക്കു മാത്രമേ ക്നാനായ സമുദായ ഭരണഘടനയ്ക്ക് അവകാശവും അധികാരവും ഉള്ളു. പുറത്തുള്ള ഒരു ജാതിക്കാർക്കോ സഭാ നേതൃത്വത്തിനോ നമ്മുടെമേൽ അവകാശവും അധികാരവും ഇല്ല എന്ന സത്യം നാം മനസ്സിലാക്കണം. ഒന്നാം നൂറ്റാണ്ടിൽ യഹൂദ ക്രിസ്ത്യാനികളായി തീർന്ന അബ്രഹാമിന്റെ യഥാർത്ഥ മക്കളായ നമ്മേ നയിക്കുന്നതിനുള്ള യഹൂദ ക്രിസ്ത്യാനിയായ പാത്രിയർക്കീസ് നമുക്ക് ഉണ്ടായിരുന്നു. അന്ന് അന്ത്യോഖ്യ സിംഹാസനത്തിൽ രണ്ടു അദ്ധ്യക്ഷന്മാരുണ്ടായിരുന്നു. ക്നാനായ കത്തോലിക്കരും ക്നാനായ യാക്കോബായക്കാരുമായ നാം ഒരേ വംശത്തിൽപ്പെട്ടവരാണ്. നമ്മുടെ വംശീക നിലപാട് ഇല്ലാതാക്കുക എന്നതാണ് എല്ലാ ക്രൈസ്തവ സഭാ നേതാക്കന്മാരുടെയും ലക്ഷ്യം. ഇത് മനസ്സിലാക്കി ഒത്തൊരുമയോടെ വിശ്വാസത്തിൽ സ്ഥിരതയോടെ വിശുദ്ധിയെ തികച്ച് വേഗം വരുന്ന കർത്താവിനെ എതിരേല്പാൻ ഒരുങ്ങാം.

ദൈവപുത്രനായ യേശു സ്വർഗ്ഗീയ മഹിമകളെ വെടിഞ്ഞ് മനുഷ്യന്റെ രക്ഷയ്ക്കായി അവതരിച്ചപ്പോൾ ആ ദിവസത്തെ കാണുന്നതിന് അതീവ താല്പര്യത്തോടും ശ്രദ്ധയോടും കാത്തിരുന്ന ഭക്തനായ ശീമോൻ, 84 വയസ്സുള്ള പ്രവാചകിയായ ഹന്നാ എന്നിങ്ങനെ ചുരുക്കം ചിലർക്കു മാത്രമേ തിരിച്ചറിയാൻ കഴിഞ്ഞുള്ളു. അവർക്ക് മിശിഹായെ കണ്ടു നമ

*(ശേഷം പേജ് 9-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

ഡിസംബർ മാസം അതായത് ഈ വർഷത്തിന്റെ അവസാന മാസത്തിലാണല്ലോ ക്രിസ്തുമസ്. സ്റ്റാറുകളാലും, ട്രീകളാലും പുൽക്കൂടിനാലും അലങ്കരിക്കപ്പെട്ട ഭവനങ്ങൾ. വഴിയോരങ്ങളിലെ കടകളാകട്ടെ ഇവയുടെ ആകർഷണങ്ങളാൽ നിറഞ്ഞിരിക്കുന്ന വർണ്ണശബളമായ കാഴ്ച നമ്മുടെ നയനങ്ങളെ ആകർഷിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു. ദൈവാലയങ്ങളിൽ ക്രിസ്തുമസിന്റെ കരോൾ പ്രാക്ടീസും, ക്രിസ്തുമസ്സ് ആഘോഷങ്ങളും നിറഞ്ഞിരിക്കുന്നു. എന്നാൽ ഈ ആഘോഷങ്ങളും ആരവങ്ങളിലും മാത്രമാണോ യഥാർത്ഥ ക്രിസ്തുമസ്സ്? ദൈവം മനുഷ്യനെ രക്ഷിക്കുവാനായി അവതരിച്ച ക്രിസ്തുമസിന്റെ സത്ത ആഘോഷങ്ങൾക്കപ്പുറം മനുഷ്യനായി ഭൂമിയിൽ അവതരിച്ച യേശുനാഥനെ നമ്മുടെ കർത്താവും രക്ഷകനുമായി സ്വീകരിക്കുകയും, ദൈവത്തിന്റെ സന്നിധിയിൽ നവസമർപ്പണ അനുഭവമായിത്തീരണം. ഭൂമിയിൽ അവതരിച്ച ക്രിസ്തു നമ്മുടെ നാഥനും കർത്താവുമായിത്തീരാൻ നമ്മെത്തന്നെ പുൽക്കൂടാക്കി മാറ്റുവാൻ ഇടയാകണം. യൽദോ പെരുന്നാൾ നാം ആചരിച്ച് ക്രിസ്തുമസിന്റെ ശുശ്രൂഷ നാം ആചരിക്കുമ്പോൾ ക്രിസ്തു നമ്മിൽ പിറന്ന്, വിശ്വാസികളായ നാം ഓരോരുത്തരും ക്രിസ്തു വസിക്കുന്ന ആലയങ്ങളായി രൂപാന്തരപ്പെടണം.

ഒരു നവ വർഷത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ദൈവം നടത്തിയ വഴികളെ സ്മരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാനും, നടന്ന വഴിയിൽ വന്നുപോയ തെറ്റുകളെക്കുറിച്ച് അനുതപിക്കുവാനും. യഥാർത്ഥത്തിലുള്ള ഒരു നവജീവിതത്തിലേക്ക് പ്രവേശിക്കുവാനും നമുക്ക് ഇടയാകണം.

നമ്മുടെ വനിതാസമാജത്തിന്റെ വാർഷികം ഏറ്റവും അനുഗ്രഹകരമായി റാന്നി ഐത്തലപള്ളിയിൽ വച്ച് നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പ്രത്യേകിച്ച് മലബാറിൽനിന്നുവരെ സ്ത്രീകൾ അതിൽ പങ്കെടുത്തു. നൂറുകണക്കിനു ആളുകളുടെ സാന്നിദ്ധ്യവും. ക്രമീകരണങ്ങളുടെ മികവും അതിനെ ശ്രേഷ്ഠമാക്കിത്തീർത്തു. ഐത്തലപ്പള്ളി വനിതാസമാജത്തോടൊപ്പം, അവിടുത്തെ ഇടവക നിർവാഹക സമിതിയും അസ്സോസിയേഷൻ അംഗങ്ങളും ഇടവക ജനവും, വൈദികരോട് ഒന്നിച്ച് ഇതിന്റെ നടത്തിപ്പിനുവേണ്ടി അക്ഷീണം പ്രവർത്തിച്ചു. ഇതിന്റെ അനുഗ്രഹകരമായ നടത്തിപ്പിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവരേയും അനുമോദിക്കുന്നു. അവിടെ നിന്നും ലഭിച്ച വചനങ്ങൾ നമ്മെ രൂപപ്പെടുത്തുവാനും ഇടയാക്കട്ടെയെന്ന് ആശംസിക്കുന്നു.

കേരളത്തിലെ വിവിധ അപ്പോസ്തോലിക കൂട്ടായ്മയായ കേരള കൗൺസിൽ ഓഫ് ചർച്ച്സിന്റെ ആസ്ഥാനമന്ദിരം തിരുവല്ലയിൽ കൂദാശകർമ്മം നിർവഹിച്ചു. അതിലും ഈ പ്രസ്ഥാനത്തിന്റെ മൂന്നു വർഷത്തിൽ ഒരിക്കൽ നടക്കുന്ന അസംബ്ലിയിലും നമ്മുടെ പ്രതിനിധികളോടൊപ്പം സംബന്ധിക്കുവാൻ നമുക്കും സാധിച്ചു. ആ പ്രസ്ഥാനത്തിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. അതിന്റെ വിവിധ കമ്മിറ്റികളിൽ നമ്മുടെ ആളുകളും ഉൾപ്പെട്ടിട്ടുണ്ട്. അവരെ അനുമോദിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ എക്യൂമെനിക്കൽ ബന്ധം ഏറ്റവും അനിവാര്യമാണെന്ന് നമുക്കേവർക്കും അറിയാമല്ലോ. ക്രൈസ്തവസഭകൾ സാധ്യമായ നിലയിൽ ഒരുമിച്ച് ക്രിസ്തീയ സാക്ഷ്യം ലോകത്തിൽ പരത്തുവാനുള്ള ഉദ്യമത്തിൽ നമുക്കും പങ്കാളികളാകാം.

മലങ്കര മർത്തോമ്മാസഭയിൽ മൂന്നു എപ്പിസ്കോപ്പാമാരെ ഡിസംബർ രണ്ടിന് വാഴിച്ചുവല്ലോ. പുതിയ ഇടയന്മാരെ അനുമോദിക്കുന്നു. ദൈവത്താൽ നല്കപ്പെട്ട ശുശ്രൂഷ ദൈവാശ്രയത്തോടെ നിർവ്വഹിക്കുവാൻ അതിലൂടെ സഭ അതിന്റെ സാക്ഷ്യജീവിതത്തിൽ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ ഇടയാകട്ടെയെന്നും പ്രാർത്ഥിച്ച് എല്ലാ അനുഗ്രഹങ്ങളും പ്രാർത്ഥനകളും നേരുന്നു.

ഫെബ്രുവരി 28 മുതൽ മാർച്ച് 3 വരെ 22-ാമത് ക്നാനായ കൺവൻഷൻ തിരുവല്ലയിൽ നടത്തുവാൻ നാം ദൈവത്തിൽ ശരണപ്പെടുന്നു. അതിനുവേണ്ടിയുള്ള വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ അനുഗ്രഹത്തിനായി എല്ലാവരും പ്രാർത്ഥിക്കണം. ആത്മാർത്ഥമായ സഹകരണവും ഉണ്ടാകണമേ. ക്നാനായ സുവിശേഷ സമാജത്തിനോട് ചേർന്ന് എല്ലാവരും പ്രവൃത്തിക്കണം.

ഏവർക്കും അനുഗ്രഹകരമായ ക്രിസ്തുമസും, പുതുവർഷത്തിന്റെ എല്ലാ മംഗളങ്ങളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



 റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

2023–2028 കാലഘട്ടത്തിലേയ്ക്ക് 24–10–2023 ൽ ക്നാനായ അസ്സോസിയേഷൻ തിരഞ്ഞെടുത്ത ക്നാനായ കമ്മിറ്റി 11 –11–2023 ൽ ചാർജ് എടുത്തു. തുടർച്ചയായി രണ്ടാമതും സമുദായ സെകട്ടറിയായ റ്റി. ഒ. ഏബ്രഹാം തോട്ടത്തിലിന് സമുദായ മെത്രാപ്പോലീത്ത റെക്കോർഡുകൾ കൊടുത്ത് ചാർജ് കൈമാറി. സമുദായ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ മുൻ ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്ട് പുതിയ ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിലിന് ചാർജ് കൈമാറ്റം നടത്തി. വൈദിക ട്രസ്റ്റി ഫാ.സക്കറിയ മധുരംകോട്ട്, ഫാ. മോനായി ഫിലിപ്പിൽ നിന്നും ചാർജ് ഏറ്റെടുത്തു.

പിന്നീട് 25–11–2023 ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട തീരുമാനങ്ങൾ.

1. നിലവിലുള്ള ക്നാനായ സമുദായ ഭരണഘടന 20 വർഷങ്ങൾക്കു മുമ്പ് 2003 ൽ ഭേദഗതി ചെയ്തതാണ്. കാലാനുസൃതമായി ഭേദഗതി അത്യന്താപേക്ഷിതമായതിനാൽ ക്നാനായ കമ്മിറ്റിയ്ക്ക് പുറമെ അഡ്വക്കേറ്റ് സന്ദീപ് ഏബ്രഹാം താമരപള്ളിയിൽ, അഡ്വക്കേറ്റ് ജോസഫ് ഏബ്രഹാം കോട്ടയം, സീനിയർ അഡ്വക്കേറ്റ് എസ് ശ്രീകുമാർ, എറണാകുളം, സീനിയർ അഡ്വക്കേറ്റ് ജയകുമാർ എറണാകുളം, ഫാ. പ്രസാദ് കോവൂർ കോറെപ്പിസ്ക്കോപ്പാ, തമ്പാൻ തോമസ്, വില്ലി വടാമറ്റം എന്നിവരെകൂടി ഉൾപ്പെടുത്തി ഭരണഘടന അമെൻഡ്മെന്റ് കമ്മിറ്റി രൂപീകരിച്ചു.

2. 2012 ലെ ഭരണസമിതി നെല്ലിക്കൽ തോട്ടം കടപ്പെടുത്തിയെടുത്ത ഒന്നരക്കോടി രൂപയിൽ ഇനിയും അടച്ചു തീർക്കുവാനുള്ള ഒരു കോടി 5 ലക്ഷം രൂപ ഒറ്റത്തവണ തീർപ്പാക്കലിനുവേണ്ടി ബാങ്കിന് ലെറ്റർ കൊടുക്കുന്നതിന് തീരുമാനിച്ചു.

3. തെങ്ങേലി സെന്റ് മേരീസ് ദൈവാലയത്തിലെ കഴിഞ്ഞ വർഷത്തെ പള്ളി ഭാരവാഹികളെ തെരഞ്ഞെടുത്തതും, തന്നാണ്ട് കണക്ക് പാസ്സാക്കിയതും ആയ പൊതുയോഗ മിനിറ്റ്സും പിന്നീട് നടന്ന ബഡ്ജറ്റ് പൊതുയോഗ മിനിറ്റ്സും നാളിതുവരെ സമുദായ ഓഫീസിൽ കൊണ്ടുവന്ന് സമുദായ മെത്രാപ്പോലീത്തായുടെ അപ്രൂവൽ വാങ്ങിയിട്ടില്ലാത്തതിനാൽ ആയത് ക്നാനായ ഭരണഘടന വകുപ്പ് 17, 36 എന്നിവയുടെ ലംഘനവും 2021 ഏപ്രിൽ മുതൽ ഭദ്രാസനനിധി അടയ്ക്കാതെയും ആണ്ടുവരി 45,000 രൂപ കുടിശിഖയും വരുത്തിയത് ഭരണഘടന 34 (ഡി) യുടെ ലംഘനവും ആണ്. പലപ്രാവശ്യം ഇക്കാര്യങ്ങൾക്ക് മുന്നറിയിപ്പ് കൊടുത്തിട്ടും ഈ ലംഘനം തുടരുന്നതിനാൽ ഭരണഘടന അനുസൃതമായി ആ ദൈവാലയം പ്രവർത്തിക്കുന്നതുവരെ വികാരിയുടെ ശമ്പളം തടഞ്ഞുവെക്കുവാൻ തീരുമാനിച്ചു. ടി കാര്യങ്ങൾ കാവാലം സെന്റ് ജോർജ് ദൈവാലയവും തുടരുന്നതിനാൽ ഭരണഘടനപ്രകാരം പ്രവർത്തിക്കുന്നതുവരെ കാവാലം സെന്റ് ജോർജ് ദൈവാലയത്തിലെ വികാരിയുടെ ശമ്പളവും തടഞ്ഞുവെയ്ക്കുവാൻ തീരുമാനിച്ചു.

4. 2024 ജനുവരി 15–ാം തീയതി ക്നാനായ സമുദായ ദിനം ആചരിക്കുവാൻ തീരുമാനിച്ചു.

5. രോഗാവസ്ഥയിൽ ആയിരിക്കുന്ന ബഹു.ജോൺ മാത്യു മൂലംകുളം അച്ചന് സാമ്പത്തിക സഹായം ചെയ്യുന്നതിന് തീരുമാനിച്ചു.

6. ക്നാനായ സമുദായ മെത്രാപ്പോലീത്തായെ ജയിലിൽ അടയ്ക്കണമെന്നും സ്വത്ത് കണ്ടു കെട്ടണമെന്നും ആവശ്യവുമായി കോട്ടയം കോടതിയിൽ കേസ് ഫയൽ ചെയ്ത ഈര പള്ളിയുടെ ഇടവക അംഗം അനീഷ് മോൻ, ചെങ്ങളം പള്ളിയുടെ ഇടവകാംഗം ബെന്നി ഉതുപ്പാൻ ഇവരെ പ്രേരിപ്പിച്ചുകൊണ്ട് കേസ് കൊടുത്തവർക്ക് എതിരായും ചിങ്ങവനത്ത് പ്രതിഷേധ മീറ്റിംഗ് കൂടുവാൻ തീരുമാനിച്ചു.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ തീരുമാനങ്ങളും ഏക കണ്ഠേന ക്നാനായ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചതാണ്.

സമുദായത്തിലെ ദൈവാലയങ്ങളിൽ 8–10–2023 ൽ നടന്ന ക്നാനായ അസ്സോസിയേഷനിലേക്ക് നടന്ന ഇലക്ഷനു ശേഷം ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്ക് വിശദമായി കത്ത് കൊടുക്കുകയും അതു സമുദായമെത്രാപ്പോലീത്താ കവറിങ്ങ് ലെറ്റർ വച്ച് പരി. പാത്രിയർക്കിസ് ബാവായ്ക്ക് അയച്ചു. വീണ്ടും സമുദായ ഭാരവാഹികളുടെ ഇലക്ഷൻ കഴിഞ്ഞപ്പോൾ സമുദായത്തിന്റെ എല്ലാ കാര്യങ്ങളും വിശദമായി എഴുതി പരി.ബാവായെ കാര്യങ്ങൾ അറിയിക്കണം എന്ന് ക്നാനായ കമ്മിറ്റി സമുദായ മെത്രാപ്പോലീത്തായ്ക്ക് കത്ത് കൊടുത്തു. സമുദായ മെത്രാപ്പോലീത്താ പരി. ബാവായെ അത് അറിയിച്ചിട്ടുമുണ്ട്.

ആ കത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്. ഈ പ്രാവശ്യം ലഭിച്ച വൻപിച്ച ഭൂരിപക്ഷം ഏതാണ് 90% ജനങ്ങളുടെയും പിന്തുണ കഴിഞ്ഞ അഞ്ചു വർഷം ക്നാനായ കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ അംഗീകാരമായി കരുതണമെന്നും എല്ലാ ദൈവാലയങ്ങളിലെയും പള്ളി പ്രതി പുരുഷന്മാർ ആ ദൈവാലയത്തിന്റെ അഭിപ്രായമാണ് രഹസ്യ ബാലറ്റിലൂടെ രേഖപ്പെടുത്തി സുതാര്യമായ ജനാധിപത്യ രീതിയിലാണ് തെരഞ്ഞെടുപ്പ് നടന്നതെന്നും ഇന്ത്യയിലെ മറ്റുള്ള സഭകളിലുള്ളതുപോലെ ഭദ്രാസനങ്ങളിൽ സഹായമെത്രന്മാരെ വാഴിച്ച് നിയമിക്കുമ്പോൾ സമുദായത്തിന്റെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനു വേണ്ടിയാണ് സഹായമെത്രാന്മാർ പ്രവർത്തിക്കുന്നത്. എന്നാൽ നമ്മുടെ സഹായ മെത്രാൻമാർ അധികാരത്തിനു വേണ്ടിയും സമുദായത്തെ വിഭജിക്കുന്നതിനും വേണ്ടിയുമാണ് പ്രവർത്തിച്ചത് എന്ന് ഈ തെരഞ്ഞെടുപ്പിലൂടെ മനസ്സിലായതു കൊണ്ടുള്ള ജനങ്ങളുടെ തിരിച്ചടിയാണ് അവർക്ക് ലഭിച്ചതെന്നും. അത് മനസ്സിലാക്കി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ വൈദിക കൗൺസിലും, ക്നാനായ കമ്മിറ്റിയും മെത്രാച്ചന്മാരും ഒരുമിച്ചിരുന്ന് പറഞ്ഞു തീർത്ത് സഹായമെത്രാന്മാർക്കുള്ള ചുമതല ചർച്ചയിലൂടെ പരിഹരിച്ച് ക്നാനായ അസ്സോസിയേഷനിൽ വച്ച് പാസ്സാക്കി കൊടുക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിയാൽ സമുദായജനം അവരെ മാനിക്കും എന്നും, അന്ത്യോഖ്യാ ബന്ധം എന്നും ക്നാനായ സമുദായം കാത്ത് സൂക്ഷിക്കുന്നവരാണ്, സഹായ മെത്രാന്മാരാണ് നമ്മൾ അന്ത്യോഖ്യാ സിംഹാസനത്തിന് എതിരാണെന്ന് പബ്ലിസിറ്റി കൊടുക്കുന്നത്. സമുദായ മെത്രാപ്പോലീത്തായെ യാക്കോബായ പള്ളികളിൽ പ്രവേശിക്കാതെ അകറ്റി നിർത്തുന്നതും, സമുദായ മെത്രാപ്പോലീത്തായുടെ രണ്ടു സ്ഥാനങ്ങൾ എടുത്തു മാറ്റിച്ചതും പരി. ബാവായെ തെറ്റിദ്ധരിപ്പിച്ച് വി. കുർബ്ബാന

ചൊല്ലിയ അമേരിക്കയിലുള്ള റവ. ഫാ. റെന്നി, റവ. ഫാ. മർക്കോസ് ചാലുപറമ്പിൽ എന്നീ രണ്ടു വൈദികരുടെ മേൽ നടപടിയെടുപ്പിച്ചതും അസ്സോസിയേഷൻ തീരുമാനപ്രകാരം മലങ്കരയിലേക്ക് അസ്സോസിയേഷൻ തിരിച്ചുവിളിച്ച സിൽവാനോസ് തിരുമേനിയെ മലങ്കരയിൽ അദ്ദേഹത്തിനു കൊടുത്ത പള്ളികളുടെ ചുമതല ഏൽക്കുവാൻ തിരിച്ചു വിടുവാൻ എതിരെ നിന്നതും എല്ലാം സഹായ മെത്രാന്മാരുടെ അതിർ കടന്നുള്ള ഇടപെടൽ ആണ്. ആയതിനാൽ ഈ കാര്യങ്ങളെല്ലാം സിംഹാസനത്തിൽ നിന്നും പിൻവലിച്ച് അന്ത്യോഖ്യാ ക്നാനായ ബന്ധം ഊട്ടി ഉറപ്പിക്കുവാൻ പരിശുദ്ധ ബാവായോട് അപേക്ഷിക്കണമെന്നും സമുദായത്തിനെതിരെ എടുത്ത നടപടികൾ പിൻവലിക്കണം എന്ന് പരി. ബാവായെ അറിയിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് സമുദായ മെത്രാപ്പോലീത്തായ്ക്ക് കത്തുകൾ കൊടുക്കുകയും മെത്രാപ്പോലീത്ത അദ്ദേഹത്തിന്റെ കവറിംഗ് ലെറ്ററോടുകൂടി പരി. ബാവായെ അറിയിക്കുകയും ചെയ്തു എന്നാൽ ഈ എഴുത്തുകൾക്ക് ഒന്നും പരിശുദ്ധ പാത്രിയർക്കീസ് ബാവായിൽ നിന്നും ഒരു മറുപടിയും ലഭിച്ചിട്ടില്ല എന്നുള്ളത് വളരെ വേദനയോടെ അറിയിക്കട്ടെ.

ഇലക്ഷൻ കഴിഞ്ഞതിനു ശേഷം രണ്ട് കേസാണ് കോട്ടയം കോടതിയിൽ IA ആയിട്ട് ഫയൽ ചെയ്തിരിക്കുന്നത്. അതിൽ ഒരു കേസിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത് 5-ാം പ്രതിയായ ക്നാനായ സമുദായ മെത്രാപ്പോലീത്തായെ ജയിലിൽ അടയ്ക്കണം എന്നും അദ്ദേഹത്തിന്റ സ്വത്ത് കണ്ടു കെട്ടണമെന്നുമാണ്. രണ്ടാമത്തെ കേസിൽ പറഞ്ഞിരിക്കുന്നത് 24-10-2023 ൽ നടന്ന ക്നാനായ അസ്സോസിയേഷൻ തിരഞ്ഞെടുപ്പു ക്യാൻസൽ ചെയ്യണം എന്നുമാണ്. ക്നാനായ സമുദായത്തിന്റെ വളരെയധികം പണം കോടതി വ്യവഹാരങ്ങൾക്കുവേണ്ടി ചിലവഴിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാക്കുന്നവരോട് ദൈവം ക്ഷമിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കേസ് കൊടുത്തവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. ചെങ്ങളം സെഹിയോൻ പള്ളിക്കാരൻ ബിനോയ് ഉതുപ്പാൻ, S/o എം. സി. ഉതുപ്പാൻ, ഉളിയപ്പള്ളി വീട്, ചെങ്ങളം സൗത്ത്.

2. ഈര പള്ളിക്കാരൻ അനീഷ്മോൻ S/o ജോസുകുട്ടി, വയസ്സ് 36, കൈത്തറവീട്, കൈനടി, ചക്കച്ചമ്പാക്കമുറി, കാവാലം വില്ലേജ്, കുട്ടനാട് താലൂക്ക്.

ക്നാനായ സമുദായത്തിന്റെ ആസ്ഥാന മന്ദിരമായ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ അഭി. ക്ലീമീസ് തിരുമേനിയുടെ കാലം മുതൽ വിവിധ രാഷ്ട്രീയ നേതാക്കന്മാരും മതമേലദ്ധ്യക്ഷന്മാരും ബിസിനസ് പ്രമുഖരും സ്വദേശത്തു നിന്നും വിദേശത്തു നിന്നും കാലാകാലങ്ങളിൽ സന്ദർശിക്കുന്ന പതിവുണ്ട്. അതിപ്പോഴും തുടരുന്നു.

ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിലയ്ക്കൽ എക്യുമിനിക്കൽ പ്രസ്ഥാനം, കേരള ക്രിസ്ത്യൻ കൗൺസിൽ തുടങ്ങിയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുകയും മാരാമൺ കൺവൻഷൻ തുടങ്ങിയ ക്രൈസ്തവ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതും പ്രഭാഷണങ്ങൾ നടത്തുന്നതും എല്ലാവർക്കും അറിവുള്ളതാണല്ലോ.

ആയതിന്റെ ഒക്കെ ഭാഗമായി വിവിധ എക്യുമിനിക്കൽ മീറ്റിംഗുകളിൽ വച്ച് ക്നാനായ സമുദായ മെത്രാപ്പോലീത്തായും, ഓർത്തഡോക്സ് സഭയുടെ കാതോലിക്ക ബാവ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയനും തമ്മിൽ കണ്ടുമുട്ടിയപ്പോൾ ചിങ്ങവനം മോർ അപ്രേം സെമ്മിനാരി സന്ദർശിക്കുന്നതിനുള്ള താൽപ്പര്യം പരി. ബാവ പ്രകടിപ്പിച്ചിരുന്നു. അതിൻ പ്രകാരം അദ്ദേഹം 19-11-2023 സമുദായ ആസ്ഥാനത്ത് വരികയും ചെയ്തു. ക്നാനായ സമുദായത്തിന്റെ ആതിഥ്യമര്യാദ അനുസരിച്ച് ബാവ തിരുമേനിയെ സ്വീകരിക്കുകയും, ക്രൈസ്തവ സഭകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ ഒന്നിച്ച് പ്രവർത്തിക്കേണ്ട സംഗതികളെക്കുറിച്ചും, മലങ്കര സഭയിലെ ഭിന്നതകൾ പരിഹരിക്കുന്നതിനെക്കുറിച്ചുള്ള സാധ്യതകൾ ചർച്ച ചെയ്യുകയും ചെയ്തു. കാതോലിക്കാ ബാവായിൽ നിന്നും ഈ വിഷയങ്ങളിൽ വളരെ അനുകൂലമായ പ്രതികരണമാണ് ലഭിച്ചത്. ഇപ്രകാരമുള്ള ചർച്ചകൾ തുടരുന്നത് ക്രൈസ്തവ സഭകളിൽ ഐക്യം വീണ്ടെടുക്കുന്നതിന് സഹായകരമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മോർ സേവേറിയോസ് വിദ്യാഭ്യാസനിധി 9 വർഷമായി ആനുവൽ ഇലക്ഷൻ നടത്തുകയോ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല. ആയതിനുവേണ്ടി ഡിസംബർ 5-ാം തീയതി ജനറൽ ബോഡി മീറ്റിംഗ് കൂടുകയാണ്. ആ മീറ്റിംഗിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതാണ്. ക്നാനായ സമുദായ അസ്സോസിയേഷന്റെ കീഴിൽ മോർ സേവേറിയോസ് വിദ്യാഭ്യാസനിധി പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഓതറ നസ്രേത്ത് ഫാർമസി കോളേജ് സെക്രട്ടറിയായി കല്ലിശ്ശേരി വലിയപള്ളി ഇടവകാംഗമായ ശ്രീ. പി.എ.എബ്രഹാം (കുഞ്ഞുഞ്ഞുകുട്ടി) കുഴികണ്ടത്തിലിനെ സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് മീറ്റിംഗിൽ ഏകകണ്ഠേന തിരഞ്ഞെടുത്തു. (2018-2023 കാലയളവിൽ ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് മെമ്പറായിരുന്നു).

ഫാർമസി കോളേജ് ഗവേണിംഗ് ബോർഡിലേക്ക് ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകാംഗം പ്രൊഫ. ബേബി എബ്രഹാം പുളിക്കാവിൽ (റിട്ട.പ്രൊഫ. സെന്റ് തോമസ് കോളജ്, റാന്നി), വാകത്താനം സെന്റ് സൈമൺസ് ക്നാനായ ഇടവക അംഗം ശ്രീ. ടോണി കുറിയാക്കോസ് അട്ടച്ചിറയിൽ എന്നിവരെ ക്നാനായ സമുദായ മെത്രാപ്പോലീത്ത നോമിനേറ്റ് ചെയ്തു.

ഓതറ ഫാർമസി കോളജിലെ അദ്ധ്യാപകൻ ഡോ. ശ്രീജിത്തിന് കേരള യൂണിവേഴ്സിറ്റി ആൻഡ് ഹെൽത്ത് സയൻസ് യൂണിവേഴ്സിറ്റിയിൽ നിന്നും ബെസ്റ്റ് ടീച്ചർ 2023 അവാർഡ് ലഭിച്ചിരിക്കുന്നു. അദ്ദേഹത്തെയും കോളേജ് ഭാരവാഹികളെയും അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു.

ക്നാനായ സമുദായത്തിന്റെ മലബാറിലുള്ള വടപുറം മോർ ക്ലീമ്മീസ് യു.പി. സ്കൂൾ ഉപജില്ലാ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. അവരെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രത്യാശയുടെ ഓർമ്മ പുതുക്കി പുതിയ ഒരു ക്രിസ്തുമസ് കാലം കൂടി വരുകയാണ്. ക്രിസ്മസ് ട്രീകൾ, കേക്കുകൾ, കരോൾ, സാന്റാ എന്നിങ്ങനെ വലിയ ആഘോഷങ്ങളുടെ രാവ് തന്നെയായിരിക്കും ക്രിസ്തുമസ്. എല്ലാവരും വീടുകളിൽ നക്ഷത്രവർണ്ണ വിളക്കുകൾ തൂക്കിയും ആളുകൾ വീടുകൾ അലങ്കരിച്ചുമാണ് ക്രിസ്തുമസ് ആഘോഷിക്കുന്നത്. ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും സന്തോഷവും സമാധാനവും ഓരോ ക്നാനായ സമുദായ അംഗങ്ങളുടെ കുടുംബത്തിനും ക്നാനായ സമുദായത്തിനും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും സന്തോഷം നിറഞ്ഞ ഒരു ക്രിസ്തുമസ് ആശംസിച്ചുകൊണ്ട്

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയ്ക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. എബ്രഹാം തോട്ടത്തിൽ**

# ജ്വലിച്ചു പ്രകാശിക്കുന്ന വിളക്ക്

ഷീജ ചാക്കോ കൈപ്പകശ്ശേരി, ഇരവിപേരൂർ

യെരുശലേം ദൈവാലയത്തിലെ പുരോഹിതനായിരുന്ന സെഖര്യാവിന്റെയും ഏലിശുബായുടെയും മകനായി ജനിച്ചു, സ്വർഗ്ഗത്തിൽ നിന്നും ഉണ്ടായ അരുളപ്പാടു പ്രകാരം "യോഹന്നാൻ" എന്ന് പേർ വിളിക്കപ്പെട്ട 'ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു' യോഹന്നാൻ (യോഹ. 5:35). യഹൂദ പശ്ചാത്തലത്തിൽ പൗരോഹിത്യം തലമുറ തലമുറയായി കൈമാറുന്നതാണ്. കുഞ്ഞുങ്ങൾ ഇല്ലാത്ത സെഖര്യാവിനും ഏലിശുബായ്ക്കും അത് ഒരു വലിയ ദുഃഖമായിരുന്നു. അഹറോന്റെ പുത്രിമാരിൽ ഒരാളായിരുന്നു ഏലിശുബാ എന്നാണ് വേദപുസ്തകത്തിൽ പറയുന്നത്. വാർദ്ധക്യത്തിൽ അസാദ്ധ്യമായതിനെ സാദ്ധ്യമാക്കുന്ന ദൈവം അവരോട് കരുണ കാണിച്ചു.

ഉദരത്തിൽവെച്ചു തന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും മറിയത്തിന്റെ വന്ദനം ഏലിശെബത്ത് കേട്ടപ്പോൾ ശിശു അവളുടെ ഗർഭത്തിൽ തുള്ളി. വി. വേദപുസ്തകത്തിൽ എത്രയോ കഥാപാത്രങ്ങൾ ഉണ്ട്. ധീരന്മാർ, വിശ്വാസികൾ, ജ്ഞാനികൾ, നീതിമാൻമാർ. എന്നാൽ ആർക്കും ലഭിക്കാത്ത ഒരു വലിയ സ്ഥാനമാണ് യോഹന്നാന് ലഭിച്ചത്. "സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ഇല്ല". ഈ സ്ഥാനം ദൈവപുത്രനിൽ നിന്നും ലഭിച്ച ആൾ ആണ് യോഹന്നാൻ.

ശിശു വളർന്നു, ആത്മാവിൽ ശക്തിപ്പെട്ടു. യിസ്രായേലിന് തന്നെത്താൻ കാണിക്കും നാൾ വരെ മരുഭൂമിയിൽ ആയിരുന്നു (ലൂക്കാ.1:80). ദൈവത്തിനുവേണ്ടി സ്വയം സമർപ്പിച്ച് നാസിർ വ്രതക്കാരുടെ സമൂഹത്തിൽ അംഗമായി ചേർന്ന് വേഷത്തിലും ഭക്ഷണത്തിലും വളരെ വ്യത്യസ്ഥനായ മനുഷ്യൻ ആയിരുന്നു യോഹന്നാൻ.

തന്റെ ദൗത്യം എന്താണ് എന്ന് വ്യക്തമായി അറിയാമായിരുന്നു. പാപികളെ മാനസാന്തരത്തിലേയ്ക്ക് കൊണ്ടുവരിക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. "മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കാണിത്, കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവീൻ" (മത്തായി 3:3). സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവീൻ എന്നും പറഞ്ഞ് യഹൂദാ മരുഭൂമിയിൽ പ്രസംഗിക്കാൻ തുടങ്ങി. ഇതിൽ കൂടി യോഹന്നാനിലെ എളിമ വെളിപ്പെടുന്നു.

അവനോ വളരേണം, ഞാനോ കുറയേണം; സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ വലിയവനായിട്ടും വിളിച്ചു പറഞ്ഞു. തന്റെ നിയോഗങ്ങളിലൂടെ അറിഞ്ഞ സത്യത്തെ അനേകരിലേക്ക് പകർന്നു.

നിഷിദ്ധമായ കാര്യങ്ങളിൽ പ്രതികരിച്ചതിനാൽ തളികയിൽ അവശേഷിച്ചു എങ്കിലും ഇന്നും സ്നാപക യോഹന്നാനെ പരിശുദ്ധ സഭ ഓർക്കുന്നു. ദൈവമാതാവ് കഴിഞ്ഞാൽ സഭ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന വിശുദ്ധനാണ് സ്നാപക യോഹന്നാൻ. അതുകൊണ്ടാണല്ലോ വി.



കുർബ്ബാന ആരംഭിക്കുമ്പോൾ "നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമ്മോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കു വേണ്ടി നിന്നോടപേക്ഷിക്കും'' എന്ന് പുരോഹിതൻ പ്രാർത്ഥന ചൊല്ലുന്നത്.

കർത്താവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകനെയാണ് കത്തിച്ച മെഴുകുതിരിയായി മുമ്പേ പോകുന്ന പ്രധാന ശുശ്രൂഷകൻ പ്രതിനിധാനം ചെയ്യുന്നത്.

യേശു, കന്യകമറിയം, സ്നാപക യോഹന്നാൻ എന്നിവരുടെ ജനനപെരുന്നാൾ മാത്രമെ സഭ ആഘോഷിക്കാറുള്ളൂ. ശിരസ്സ് ഇല്ലാത്ത യോഹന്നാൻ സ്നാപകന്റെ പ്രതീകമായി ഇന്നും ദൈവാലയങ്ങളിൽ കൊടി ഉയർത്തുന്നു. അത്രമാത്രം സ്വർഗ്ഗീയ അനുഗ്രഹങ്ങൾ ലഭിച്ച ഒരു വിശുദ്ധൻ ആണ് യോഹന്നാൻ സ്നാപകൻ.

നമ്മുടെയൊക്കെ ജീവിതത്തിൽ വരുന്ന അനുഭവങ്ങൾ വളരെയാണ്. ഒന്നു പുഞ്ചിരിക്കാൻ, സ്നേഹത്തോടെ ഒന്നു സംസാരിക്കാൻ, ക്ഷമിക്കുവാൻ സാധിക്കാത്ത നമ്മുടെ ഓരോ കാലയളവിലെ, ജീവിതത്തിലെ മരുഭൂമി അനുഭവങ്ങളിലൂടെ നമ്മൾ കടന്നു പോകുമ്പോൾ, നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവരുടെ ജീവിതത്തിലേയ്ക്കും "കർത്താവിന് വഴി ഒരുക്കുന്ന" ആത്മീയ ദാനങ്ങൾ പകർന്ന് നൽകാൻ സാധിക്കണം.

പരിശുദ്ധാത്മാവിനാൽ സ്നാനം നൽകാൻ കഴിയുന്ന ദൈവപുത്രൻ ജലത്താൽ സ്നാനം നൽകുന്നവന്, നിയമത്തിന് വിധേയപ്പെട്ടതുപോലെ നമുക്കും വിധേയപ്പെട്ടു ജീവിക്കാം.

യേശു എന്ന രക്ഷകനെ സ്നാപക യോഹന്നാൻ ഉദരത്തിൽവച്ച് കണ്ടുമുട്ടിയപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞതുപോലെ, ഓരോ ദിവസവും ആ ദൈവപുത്രന്റെ തിരുശരീരം ഭക്ഷിക്കുന്ന നമ്മൾ പരിശുദ്ധാത്മാവിൽ നിറയപ്പെടാൻ ഈ അറിയിപ്പിന്റെ കാലങ്ങളിൽ ഇടയാകട്ടെ.

# പ്രകൃതിയിൽ പ്രതിഫലിക്കുന്ന പ്രപഞ്ച സ്യഷ്ടാവ്

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്, റാന്നി

ദൈവം എവിടെ? അവന്റെ അസ്തിത്വം എങ്ങനെ അറിയാം? അവനെ എവിടെ കണ്ടെത്താം? അവന്റെ അസ്തിത്വം തെളിയിക്കാമോ? തുടങ്ങിയ അനവധി നിരവധി ചോദ്യങ്ങൾ പലരുടെയും മനസ്സിൽ ഉയർന്നു വരുന്നു. ഈ ചോദ്യങ്ങൾക്കു മനുഷ്യനോളം പഴക്കമുണ്ട്. ഇത് അധികം പ്രാധാന്യമുള്ള ചോദ്യമാണ്. ദൈവത്തെക്കുറിച്ചുള്ള അറിവാണ് ഏറ്റവും വലുത്. ഈ അറിവാണ് മനുഷ്യജീവിതത്തിൽ ശരി തെറ്റുകൾ തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നതും, ജീവിതത്തെ സന്തോഷസന്താപ പൂർണ്ണമാക്കുന്നതും.

ദൈവത്തെ കണ്ടെത്തുവാനുള്ള ശ്രമം സാഹസികമാണ്. നയനമനോഹരമായ പ്രകൃതിയിൽ ദൈവചൈതന്യം പ്രതിഫലിക്കുന്നു. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളിൽ അവന്റെ നയനതിളക്കവും, വെണ്മയേറിയ ഹിമപാളികളിൽ അവന്റെ വിശുദ്ധിയും, പക്ഷികളുടെ കളകൂജനത്തിൽ അവന്റെ സ്വരമാധുരിയും, മന്ദമാരുതന്റെ ഇളംതെന്നലിൽ അവന്റെ നിശ്വാസവും, അംബരചുംബികളായ ഗിരിശിഖരങ്ങളിൽ അവന്റെ മഹത്വവും ആർക്കും ദർശിക്കാം.

നെപ്പോളിയൻ ചക്രവർത്തി സെന്റ് ഹെലേന ദ്വീപിൽ തടവുകാരനായിരിക്കേ തന്റെ നഷ്ടപ്പെട്ട ദൈവവിശ്വാസം പുനരാർജ്ജിച്ചപ്പോൾ, ഭൗതികവാദിയായ തന്റെ ജനറൽ സെൻട്രന്റ് ചോദിച്ചു "ദൈവത്തെ കണ്ടിട്ടില്ലല്ലെ? നെപ്പോളിയൻ മറ്റൊരു ചോദ്യത്തിലൂടെ ഉത്തരം നൽകി. "സ്നേഹിതൻ എന്റെ ബുദ്ധിയേയും കണ്ടിട്ടില്ലല്ലെ? ഞാൻ കൈവരിച്ച വിജയങ്ങൾ നിമിത്തം നിങ്ങൾ പറയുന്നു എനിക്കു അസാമാന്യ ബുദ്ധിയുണ്ടെന്ന്. എന്നാൽ എന്റെ വിജയങ്ങൾ സർവ്വശക്തന്റെ പ്രവർത്തനങ്ങളോടു തുലനം ചെയ്യുമ്പോൾ, എന്റെ വീരപരാക്രമങ്ങൾ താരകങ്ങളുടെ ചലനത്തോടു ഒത്തുനോക്കുമ്പോൾ എന്താണ്? ഒരാളുടെ പ്രവൃത്തിയിൽ നിന്ന് അയാളുടെ അദൃശ്യമായ ബുദ്ധിപ്രഭാവത്തെ മനസ്സിലാക്കുമ്പോൾ, എന്തുകൊണ്ട് സൃഷ്ടികളിൽ മുദ്രിതമായ കർമ്മദൈവത്തിൽ നിന്ന് അദൃശ്യനായ ദൈവത്തിന്റെ അസ്തിത്വം മനസ്സിലാക്കുവാൻ കഴിയാത്തത്? സങ്കീ.19:1 "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു, ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു".

ഈ പ്രപഞ്ചത്തിൽ മനുഷ്യൻ അന്വേഷിക്കുന്നതും, അദ്ധ്വാനിക്കുന്നതും ആനന്ദത്തിന്റെ പ്രതീക്ഷിക്കുന്ന പ്രത്യാശയും പ്രാപിക്കുവാനാണ്. എന്നാൽ ദൈവത്തെക്കുറിച്ചുള്ള അറിവാണു പരമപ്രധാനം. എന്തെന്നാൽ ദൈവമാണു ജ്ഞാനവും, പ്രത്യാശയും. സദൃശ്യ.2:6 "യഹോവയല്ലോ ജ്ഞാനം നൽകുന്നതു, അവന്റെ വായിൽ നിന്നു പരിജ്ഞാനവും വിവേകവും വരുന്നു".

പ്രപഞ്ചഘടന പരിശോധിച്ചാൽ ദൈവ വെളിപാടിനപ്പുറം മാനുഷിക ബുദ്ധിശക്തികൊണ്ടു ദൈവാസ്ഥിത്വത്തെ ഒരു പരിധിവരെ മനസ്സിലാക്കുവാൻ കഴിയും. ഇരുൾ നിറഞ്ഞ അനന്തനീലാകാശവിരിമാറിൽ കോടാനുകോടി നക്ഷത്രങ്ങൾ തിളങ്ങുന്നതു കാണാം. അവ പരസ്പരം ഏറ്റുമുട്ടാതെ നിശ്ചിത സ്ഥലനിയമങ്ങളനുസരിച്ച് നിൽക്കുന്നു, താഴോട്ടു വീഴാതെ സ്ഥിതിചെയ്യുന്നു. ചൂടുംവെളിച്ചവും തരുന്ന സൂര്യൻ ഭൂമിയിൽ നിന്നും 940 ലക്ഷം മൈൽ ദൂരത്തായി നിലകൊള്ളുന്നു. ഭൂമി അവന്റെ നിലയിൽ ചിട്ടയും ക്രമവും പാലിച്ചുകൊണ്ട് പകലും രാത്രിയും നൽകിക്കൊണ്ട് അതിന്റെ അച്ചുതണ്ടിൽ കറങ്ങുന്നു. കാലാകാലങ്ങളിൽ മഞ്ഞും മഴയും, ചൂടും തണുപ്പും നൽകി ഭൂമിയേയും ഭൂമണ്ഡലത്തേയും അതിലെ സകല ചരാചരങ്ങളെയും തൃപ്തിപ്പെടുത്തുന്നു. ഇങ്ങനെ പ്രകൃതിയിലെങ്ങും കൃത്യവും വ്യക്തവുമായ ക്രമീകരണങ്ങൾ കാണുവാൻ കഴിയുന്നു. അവയ്ക്കെല്ലാം അഴിഞ്ഞുപോകാത്ത ഒരു നിയമം നിശ്ചയിച്ച് നിയന്ത്രിക്കുന്നു. ഇതിന്റെ ഹേതു ആരാണ്? കുറ്റമറ്റ നിയന്ത്രിതാവായിരിക്കുമെന്ന് സമ്മതിക്കേണ്ടിവരും. അതു ദൈവമല്ലാതെ മറ്റാരുമല്ല. പ്രകൃതിയിൽ എല്ലാം പൂർണ്ണമാണ്. അവിടെ ഏതൊരു വസ്തുവിലും എന്തോ നിഗൂഢമായ, അത്ഭുതകരമായ ഒരു ശക്തി മറഞ്ഞിരിപ്പുണ്ട്. പദാർത്ഥമയമായ് പ്രത്യക്ഷീകരിക്കാൻ കഴിയാത്ത സർവ്വവ്യാപിയായ ശക്തിയാണിത്. അത് അജ്ഞാതവും, സ്വയംഭൂവും, അപരിമേയവുമാണ്. അതു ദൈവം തന്നെ. അവനെയും അവന്റെ അസ്തിത്വവും അറിയുക. ബുദ്ധിയ്ക്കും, യുക്തിയ്ക്കും അതീതവും, എന്നാൽ വിശ്വാസത്തിന് അധീനവുമാണ്.

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

സ്ക്കരിക്കാനും ആരാധിക്കുവാനും മഹത്വപ്പെടുത്താനും സാധിച്ചു. മറ്റുള്ളവർക്കോ. ശിശുവായ യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. ഈ യേശു തന്റെ മണവാട്ടി സഭയെ ചേർത്തുകൊള്ളുവാൻ വീണ്ടും വരും. ആത്മ മണവാളനെ കാണ്മാനുള്ള ആശയോടെ കക്ഷി വഴക്കുകൾ ഒക്കെ അവസാനിപ്പിച്ച് യാക്കോബായ ഓർത്തഡോക്സ്, ക്നാനായ എന്ന കക്ഷികൾ വഴക്കുകൾ അവസാനിപ്പിച്ച് ഏക സഭയായി തീർന്നുകൊണ്ട് പ്രിയന്റെ വരവിനെ എതിരേല്പാൻ ഒരുങ്ങാം. കാത്തിരിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലർ മാത്രം യേശുവോടുകൂടെ എടുത്തുകൊള്ളപ്പെടും. വേഗം വരുന്ന യേശു നമുക്ക് നഷ്ടപ്പെടരുത്. യേശുവിന്റെ മണവാട്ടിയായി ആകാശത്തിൽ മേഘങ്ങളിൽ ചേർക്കപ്പെടുവാൻ തയ്യാറായിരിക്കുക. അതിന് ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# രണ്ടാം ക്നാനായ ഫാമിലി മീറ്റ് ജർമ്മനിയിൽ നടത്തപ്പെട്ടു

ദൈവകൃപയാൽ ജർമ്മനിയിലെ ക്നാനായ സുറിയാനി മക്കളുടെ രണ്ടാമത്തെ വാർഷിക കുടുംബ കൂട്ടായ്മ "ക്നാനായ ഫാമിലി മീറ്റ്-2023" "പ്രത്യാശയുടെ പൂർണ്ണ നിശ്ചയം പ്രാപിപ്പിൻ" എന്ന ചിന്താവിഷയത്തോടുകൂടി, ആൽപ്സ് പർവ്വതനിരകളുടെ താഴ്‌വാരത്തിലുള്ള പ്രകൃതി രമണീയമായ ബയേണിലെ Lenggries ൽ 2023 സെപ്തംബർ 22 മുതൽ 24 വരെ അഭി. സമുദായ മെത്രാപ്പോലീത്തായുടെയും മേഖലാ മെത്രാപ്പോലീത്തായുടെയും ഉപദേശപ്രകാരം ജർമ്മൻ ക്നാനായ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ജർമ്മനിയുടെ പല ഭാഗങ്ങളിലും നിന്നുള്ള ക്നാനായ കുടുംബങ്ങളും വിദ്യാർത്ഥികളും ഈ അനുഗ്രഹീത സംഗമത്തിൽ പങ്കെടുത്തു.

കമ്മിറ്റി പ്രസിഡന്റ് റവ.ഡോ.തോമസ് ജേക്കബ് മണിമല അച്ചൻ, ജനറൽ സെക്രട്ടറി ശ്രീ. ബിനു ഏബ്രഹാം മാവേലിൽ, ശ്രീമതി ബേബി കുളമടയിൽ എന്നിവരോടുകൂടി നിലവിളക്കു കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തു. "Have the full assurance of Hope until the end" എന്ന വിഷയത്തിൽ ബഹു. തോമസ് മണിമല അച്ചൻ നയിച്ച സ്റ്റഡിക്ലാസ്സ് സത്യവിശ്വാസം ഊട്ടി ഉറപ്പിച്ചു. കുടുംബ കൂട്ടായ്മയുടെ ഭാഗമായി വി. കുർബ്ബാന, സ്റ്റഡി ക്ലാസ്സുകൾ, ഗ്രൂപ്പ് ഡിസ്കഷൻസ് എന്നിവ നടത്തപ്പെട്ടു. എല്ലാവരെയും ആവേശം കൊള്ളിച്ച കലാസന്ധ്യ, ക്നാനായക്കാരുടെ തനതായ പാരമ്പര്യം വിളിച്ചോതുന്ന പുരാതന പാട്ടുകൾ എന്നിവ പരിപാടിയുടെ മാറ്റു കൂട്ടി. ഫാമിലി മീറ്റിന്റെ ഭാഗമായി നടത്തപ്പെട്ട ആൽപ്സ് കൊടുമുടിയിലേയ്ക്കുള്ള ട്രെക്കിങ്ങ് ഈ വർഷത്തെ ഫാമിലി മീറ്റിംഗിന്റെ വേറിട്ട ആകർഷണമായി. സമ്രോനോ ജോ ഫിലിപ്പ് വടാമറ്റം നയിച്ച "A brief introduction to Knanaya Identity" എന്ന ക്ലാസ്സ് ക്നാനായ സമുദായ ചരിത്രത്തിന്റെ മറഞ്ഞു കിടന്ന താളുകളിലേയ്ക്കു വെളിച്ചം വീശുകയും ക്നാനായ പാരമ്പര്യവും ഐഡന്റിറ്റിയും കാത്തു സൂക്ഷിക്കുന്നതിന്റെ ആവശ്യകതയും വ്യക്തമാക്കി. വൈസ് പ്രസിഡന്റ് അഡ്വ. മാത്യു കുളമടയിൽ, ചീഫ് കോ-ഓർഡിനേറ്റർ ടിങ്കു ഏബ്രഹാം മുളമൂട്ടിൽ, ട്രഷറർ അനു മാത്യു കണിയാംമാലിയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

"ക്നായിത്തൊമ്മൻ കൊടുങ്ങല്ലൂരിൽ അന്ന് കൊളുത്തിയ ദീപശിഖ തലമുറ തലമുറ കൈമാറി കെടാതെ ഞങ്ങൾ സൂക്ഷിക്കും" എന്ന് വീണ്ടും ഒരിക്കൽകൂടി പ്രതിജ്ഞ ചെയ്തു കൂട്ടായ്മയ്ക്ക് തിരശ്ശീല വീണു. അടുത്ത കുടുംബ കൂട്ടായ്മയ്ക്ക് വീണ്ടും കാണാമെന്ന ഉറപ്പോടുകൂടി മൂന്ന് ദിവസത്തെ ക്നാനായ ഫാമിലി മീറ്റ് ഇൻ ജർമ്മനി-2023 ശുഭമായി പര്യവസാനിച്ചു. ജർമ്മനിയിലെ ക്നാനായ മക്കളുടെ അംഗസംഖ്യ ദ്രുതഗതിയിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇനിയും whatsapp ഗ്രൂപ്പിൽ അംഗമായിട്ടില്ലാത്ത ക്നാനായ ജാക്കോബൈറ്റ് സഹോദരങ്ങൾ knanayajacobite.germany@gmail.com എന്ന ഈ മെയിൽ ബന്ധപ്പെടുവാൻ അപേക്ഷിക്കുന്നു.

ക്നാനായ കമ്മിറ്റി ജർമ്മനിക്കുവേണ്ടി ജനറൽ സെക്രട്ടറി ബിനു ഏബ്രഹാം മാവേലിൽ, മ്യൂണിക്.



*കുമളി മാർത്തോമ്മൻ ക്നാനായ പള്ളി സിൽവർ ജൂബിലിയുടെ ഉദ്ഘാടനം ക്നാനായ സമുദായം റാന്നി & ബാഹ്യകേരള മേഖല മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി നിർവ്വഹിക്കുന്നു. വികാരി ഫാ. സന്തോഷ് തിരുനിലത്ത്, ട്രസ്റ്റി ബിജു, സെക്രട്ടറി ഡിഡി, അസ്സോസിയേഷൻ അംഗം ജോജി, രാജു കക്കുഴി, സുശീല സ്റ്റീഫൻ, യാർഡ്‌ലി എന്നിവർ സമീപം.*

# വിവാഹിതരായി



Advt -O

കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ തേക്കുമ്മൂട്ടിൽ പരേതനായ T.M. Thomas–ന്റെയും Suja Thomas –ന്റെയും മകൻ **Tarun Thomas**–ഉം കറ്റോട് സെന്റ് മേരീസ് ക്നാനായ ഇടവകയിൽ കിഴക്കേതിൽ Jenu Abraham–ന്റെയും Siju Jenu–ന്റെയും മകൾ **Delma Jenu**–ഉം തമ്മിലുള്ള വിവാഹം 09–09–2023–ൽ കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.

# 50th Happy Anniversary

11–11–2023



Advt -R

## P.P. Thomas & Jancy Thomas

**Pullampallil, Ranni**

**ഇത്രത്തോളം യഹോവ സഹായിച്ചു**
**ഇത്രത്തോളം ദൈവം നടത്തി**

പ്രാർത്ഥനയോടെ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

# ഇന്റർ ക്നാനായ ചർച്ചസ് ഫുട്ബോൾ ടൂർണമെന്റ്



ഇന്റർ ക്നാനായ ചർച്ചസ് ഫുട്ബോൾ ടൂർണമെന്റ് സമാപന സമ്മേളനം ചിങ്ങവനത്ത് ക്നാനായ സമുദായ മെത്രാപ്പോലിത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു, ഇന്ത്യൻ ഫുട്ബോൾ ടീം മുൻ താരം കെ. റ്റി. ചാക്കോ, സമുദായ സെക്രട്ടറി റ്റി. ഒ. എബ്രഹാം തോട്ടത്തിൽ, ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് സ്കറിയ ഇളവൻകളം, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ തോമസുകുട്ടി തേവരുമുറിയിൽ, രെഞ്ചു കോഴിമറ്റം, ഫാ. മാത്യു കൂരുവിള എരുത്തിപ്പാട്ട്, കൗൺസിലർമാരായ സൂസൻ കെ. സേവിയർ, ലിസി മണിമല, ടിംസ് തോമസ് കൊച്ചുപറമ്പിൽ, ഏലിയാസ് പി. തോമസ് പാട്ടാശ്ശേരി, ബെൻ കെ. ബിജു കുളങ്ങര കളത്തിൽ എന്നിവർ സമീപം.



PROJECT BY WAKE
KNANAYA WEDDINGS.COM
THE MOST TRUSTED KNANAYA MATRIMONIAL
www.knanayaweddings.com
+91 70254 22022 ERNAKULAM
CHINGAVANAM +91 9446 146000
CHRISTMAS OFFERS
20%
DISCOUNT ON PACKAGES
OFFER ENDS 31ST DECEMBER 2023
PACKAGES TARIFF DISCOUNTED TARIFF
Silver 1000 800 (One Month)
Gold 2500 2000 (One Year)
Platinum 5000 4000
Advt - O




Life is the finest blend of rich and tasteful elements, served to you with love!
We undertake full packages
Shamiyana, Stage decoration,
Flower arrangement, Choir etc.
SINCE 1996
Casserole
CATERERS & WEDDING PLANNERS
Elias Zachariah Paarel
Managing Director
Abu K. Thomas Kallamparambil
Executive Director
KOTTAYAM • COCHIN • RANNY
MC Road, Chingavanam, Kottayam-686 531
For enquiries, Please contact us on
9447030454, 9447135119, 9447770204
E-mail: elias.casserole@gmail.com • abukthomas02@gmail.com
www.casserolecaterers.com
Advt - O

# നസ്രേത്ത് ആശ്രമം, ഓതറ

## ഗവേണിംഗ് ബോർഡ് 2023-28

ഫോൺ: 0469 2656416, 9446079420



രക്ഷാധികാരി
**അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത**



പ്രസിഡന്റ് & വികാരി ജനറാൾ
റവ. ഫാ. വി.എ. എബ്രഹാം
ഇളയശേരിൽ



സെക്രട്ടറി
സ്മിജു ജേക്കബ്
മറ്റയ്ക്കാട്ട്, ഐത്തല



Ex-officio
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ
(സമുദായ സെക്രട്ടറി)



Ex-officio
തോമസുകുട്ടി
തേവരുമുറിയിൽ
(സമുദായ മാനേജിംഗ് കമ്മിറ്റിയംഗം)



Ex-officio
ഉതുപ്പാൻ ജോസഫ്
വള്ളപ്പുരയ്ക്കൽ
(സമുദായ മാനേജിംഗ് കമ്മിറ്റിയംഗം)



മോനായി പുന്നൂസ്
ചെരിക്കിലേത്ത്,
ഐത്തല



റ്റിബി സഖറിയ
താമരപ്പള്ളിൽ, മഴുക്കീർ



റെജി പി എ,
പ്ലാന്നിക്കുന്നേൽ കിഴക്കേതിൽ, തിരുവൻവണ്ടൂർ



ബോബി പോത്തൻ
കടക്കേത്ത്, സീതത്തോട്



റെജി ജേക്കബ്
പുളിക്കാവിൽ, ഇരവിപേരൂർ



കുഞ്ഞുമോൻ എബ്രഹാം
ആലഞ്ചേരിൽ, മഴുക്കീർ



സോണി സഖറിയ
കുന്നിരിക്കൽ, റാന്നി

Advt -O



തിരുവനന്തപുരത്ത് നടന്ന കെ സി സി ട്രെയ്നിയൽ അസംബ്ലിയിൽ പങ്കെടുത്ത ക്നാനായ സമുദായ പ്രതിനിധികൾ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടൊപ്പം. ഫാ. തോമസ്കുട്ടി മങ്ങാട്ട്, ആലിച്ചൻ ആറൊന്നിൽ, സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, റ്റിറ്റിൻ തേവരുമുറിയിൽ, ജെസ്സി ചാക്കോ ഇടമംഗലം, ടിന്റു മാത്യു ചന്ദ്രത്തറമലയിൽ എന്നിവർ.



ആശംസകൾ
കെ. സി. സി.
കേന്ദ്ര കമ്മിറ്റി അംഗം
ആലിച്ചൻ ആറൊന്നിൽ
(ക്നാനായ കമ്മിറ്റി
അംഗം)



ആശംസകൾ
കെ. സി. സി.
ചിൽഡ്രൻസ്
കമ്മിറ്റി ചെയർമാൻ
സ്മിജു ജേക്കബ്
മറ്റക്കാട്ട്
(നസ്രേത്ത് ആശ്രമം
സെക്രട്ടറി)



## 54 – ാം ചരമവാർഷികം
22 – 12 – 2023

# തകിടിയിൽ
# യാക്കോബ് കശ്ശീശ

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Inserted by
**സെന്റ് മേരീസ് ശാലേം പള്ളി,**
**ചിങ്ങവനം**

Advt - G

# ശ്രേഷ്ഠമായ വ്യക്തിത്വം



സുനിൽ ഡി. കുരുവിള

നിങ്ങൾ മികച്ച ഒരു വ്യക്തിത്വത്തിന് ഉടമയാകാൻ ആഗ്രഹിക്കുന്നുണ്ടോ? എന്നാൽ ഈ മൂന്നു personal qualities നന്നായി വളർത്താൻ ശ്രദ്ധിക്കാം. യുവജനങ്ങൾക്ക് മാത്രമല്ല അദ്ധ്യാപകർ, മാതാപിതാക്കൾ, പുരോഹിതന്മാർ, രാഷ്ട്രീയ-സാമൂഹിക നേതാക്കൾ അങ്ങനെ യുവതയുടെ ജീവിതത്തെ സ്വാധീനിക്കുന്ന എല്ലാവർക്കും ഈ കാര്യങ്ങൾ ജീവിതത്തിൽ വളർത്താൻ ശ്രമിക്കാം. ആധുനിക വിദ്യാഭ്യാസം കൂടുതൽ ഊന്നൽ നൽകുന്നത് മാർക്കിനും ഡിഗ്രികൾക്കും ഇംഗ്ലീഷ് പറയാനും എൻട്രൻസ് ജയിക്കാനും പണം സമ്പാദിക്കാനും ഒക്കെ ആയതുകൊണ്ട് ഈ കാര്യങ്ങൾ കാലാകാലങ്ങളായി പുറകോട്ടടിക്കപ്പെട്ടു. പഠിക്കാനും മാർക്കുവാങ്ങിക്കാനും ഉള്ള തിരക്കിനിടയിൽപ്പെട്ട് ട്യൂഷനും കോച്ചിംഗിനും എക്സ്ട്രാ ക്ലാസ്സിനും ഒക്ക ഉള്ള സമയം ഓടിത്തീർക്കുന്ന മനുഷ്യന് വ്യക്തിത്വ വികസനത്തിന് ചെറുപ്പകാലത്ത് എവിടെയാണ് സമയം കിട്ടുന്നത്? ചെറുപ്പത്തിൽ ഈ അടിസ്ഥാനങ്ങൾ ഉറപ്പിക്കാത്തവരുടെ ജീവിതം വിള്ളലുകൾ ഉള്ളതായിരിക്കും.

**Character** (സ്വഭാവം)

പണ്ടൊക്കെ സ്കൂളിൽ കുട്ടികളെ പറഞ്ഞു പഠിപ്പിച്ചിരുന്ന ഒരു ചൊല്ലുണ്ട്.

When wealth is lost, nothing is lost;
when health is lost, something is lost;
when character is lost, all is lost.”

ഇന്ന് എങ്ങനെയും മാർക്ക് വാങ്ങുന്നതും ഏതു വിധേനയും പണം സമ്പാദിക്കുന്നതും ഒക്കെ മിടുക്കാണ്......... പണമുണ്ടെങ്കിൽ “character’ഒക്കെ ഉണ്ടാക്കി എടുക്കാം അല്ലെങ്കിൽ പണമുണ്ടെങ്കിൽ എന്തും ‘വാങ്ങാൻ’ കിട്ടും എന്നൊരു ധാരണയാണ് സമൂഹം ചെറുപ്പക്കാർക്ക് നൽകുന്നത്.

ഒരാളുടെ മാനസിക - ധാർമ്മിക വ്യത്യസ്ഥതയാണ് ഒരാളുടെ സ്വഭാവം. മനോഭാവം, ആത്മവിശ്വാസം, അഭിമാനബോധം, സൗഹൃദം, കരുണ, ദയ, അദ്ധ്വാനശീലം, ഉത്തരവാദിത്വം, വിശ്വസ്തത, സത്യസന്ധത, സന്തോഷം, സഹവർത്തിത്വം, സൗഹൃദം ഒക്കെ ഇതിൽ പെടും. ഇന്ന് ലോകത്ത് ഏറ്റവും demand ഉള്ള ഒരു personal quality യാണ് ഇന്റെഗ്രിറ്റി. വിശ്വസിക്കാൻ കൊള്ളാവുന്ന ആശ്രയിക്കാൻ കൊള്ളാവുന്ന സത്യസന്ധതയും ധാർമ്മികതയുമുള്ള വ്യക്തികളെയാണ് ‘integrity’ എന്ന വാക്കുകൊണ്ട് അടയാളപ്പെടുത്തുന്നത്. ഇന്ന് ലോകത്തു ലഭിക്കാൻ ഏറ്റവും പ്രയാസവും ഈ ക്വാളിറ്റിയുള്ളവരെയാണ്.

ഒരിക്കൽ ലോകപ്രസിദ്ധ ബിസിനസ്സ്കാരനായ Warren Buffet പറഞ്ഞതായി വായിച്ചിട്ടുണ്ട്. ‘ഞാൻ എന്റെ കമ്പനിയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ മൂന്നു കാര്യങ്ങൾ ആണ് ശ്രദ്ധിക്കുന്നത്. അവരുടെ അറിവ്, തൊഴിൽ വൈദഗ്ധ്യം, ഇന്റെഗ്രിറ്റി. ഇതിൽ അവസാനത്തെ ക്വാളിറ്റി ഇല്ലാത്തവർ എത്ര മിടുക്കരായിരുന്നാലും ഞാൻ തിരഞ്ഞെടുക്കില്ല. ഇന്ന് Integrity ഇല്ലാത്തവർ കടന്നുകൂടിയ സ്ഥാപനങ്ങളാണ് തകർന്നുകൊണ്ടിരിക്കുന്നത്. അത് സഭ ആയാലും രാഷ്ട്രീയമായാലും!

ഒരാളുടെ സ്വഭാവത്തിന്റെ കരുത്താണ് ജീവിതത്തിന്റെ നിലവാരം ആത്യന്തികമായി തീരുമാനിക്കുന്നത്. character ഉള്ളവർ പണക്കാരനാകണം എന്നില്ല. എന്നാൽ നിലവാരമുള്ളവരാൽ എന്നും ബഹുമാനിക്കപ്പെടും! ലോകത്തിന്റെ നിലവാരത്തിലേയ്ക്ക് നമ്മൾ ചേരുന്നതല്ല, മറിച്ച് ലോകത്തിനു അനുരൂപരാകാതെ തന്റെയിടം കൃത്യമായി അടയാളപ്പെടുത്താൻ കഴിയുന്നതാണ് character. മികച്ച സ്വഭാവമുള്ളവർ നിലനിൽക്കും!

പലരും ഇന്ന് കയ്യടിവാങ്ങാനും പേരെടുക്കാനും image ഉണ്ടാക്കാനും ഒക്കെ കുറുക്കുവഴികൾ തേടുന്നവരാണ്. പക്ഷെ ‘character’നു അപ്പുറത്തേയ്ക്ക് നമ്മൾക്ക് വളരാൻ കഴിയില്ല. ഏച്ചുവച്ചതൊക്കെ താൽക്കാലിക സന്തോഷം തരും, അത്രമാത്രം. Men of genius are admired, men of money are envied, men of power are feared; but only men of character are respected! ജീവിതത്തിലെ ഏതു സാഹചര്യത്തോടും നമ്മൾ പ്രതികരിക്കുന്നത് മുഖ്യമായും നമ്മുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ്!

**Values** (മൂല്യങ്ങൾ)

നമ്മുടെ വിശ്വാസങ്ങൾ, ബോധ്യങ്ങൾ, നിലപാടുകൾ, യുക്തിചിന്ത എന്നിവയാണ് ഒരാളുടെ മൂല്യബോധം. ഒരു വ്യക്തി വിൽക്കാനോ വിലപേശാനോ തയ്യാറാകാതെ എന്തെങ്കിലും ജീവിതത്തിൽ മുറുകെ പിടിക്കുന്നുണ്ടെങ്കിൽ അതാണ് മൂല്യങ്ങൾ. നമ്മൾ ജീവിതത്തിൽ ഏറ്റവും ചേർത്തുപിടിക്കുന്നതു... വിട്ടുകൊടുക്കാൻ തയ്യാറാകാത്തത്...... എന്ത് വിലകൊടുത്തും സംരക്ഷിക്കുന്നത്...... ഇതാണ് മൂല്യങ്ങൾ. ആധുനിക ലോകത്തു ‘വെള്ളം’ പോലെ ഒഴുകി നടക്കുന്ന നിലപാടുകളില്ലാത്ത വ്യക്തിത്വങ്ങൾ ആണ് ഭൂരിഭാഗവും! സ്വന്തം അഭിപ്രായമില്ലാത്ത ‘കൈ പൊക്കാനും’ ഏറാൻ മൂളാനും മാത്രം ജീവിക്കുന്നവർ. “ദീപസ്തംഭം മഹാശ്ചര്യം! എനിക്കും കിട്ടണം പണം!”

നിസ്വാർത്ഥതയും ആർത്തിയും ഉള്ളവർ മൂല്യങ്ങളിൽ വിശ്വസിക്കുന്നില്ല. ഭയമുള്ളവർക്കു മൂല്യങ്ങൾ സംരക്ഷിക്കാൻ കഴിയുകയില്ല. ഉയർന്ന വ്യക്തിത്വങ്ങൾ മൂല്യങ്ങളാൽ ആണ് കെട്ടിപ്പടുക്കുന്നത്!

നിലപാടില്ലാത്തവനെയും ആത്മാഭിമാനമില്ലാത്തവരെയും സൂക്ഷിക്കുക! അവർ സുഖിപ്പിക്കും! വ്യാജമാണ് അവരുടെ ഇമേജ്! നിലപാടുകളും അഭിപ്രായങ്ങളും വ്യക്തതയുള്ളവരാണ് ശരിയായ വ്യക്തിത്വങ്ങൾ! മൂല്യങ്ങളിൽ അടിസ്ഥാനപ്പെട്ട ഒരു സാമൂഹിക സൃഷ്ടിയാണ് ഇന്ന് കാലം ആവശ്യപ്പെടുന്നത്!

നമ്മൾ മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന മൂല്യങ്ങൾ നമ്മൾ സ്വന്തം ജീവിതത്തിൽ പാലിക്കുക. ഇതാണ് അടി

സ്ഥാന പ്രമാണം! അതുകൊണ്ടാണ് ഗാന്ധിജി പറഞ്ഞത്, "എന്റെ ജീവിതമാണ് എന്റെ സന്ദേശം"! മാതാപിതാക്കൾ മൂല്യങ്ങളെ മുറുകെ പിടിക്കുന്നവരാണെങ്കിൽ അതിന്റെ വലിയ സ്വാധീനം കുട്ടികളിൽ കാണാം. അദ്ധ്യാപകർ മൂല്യങ്ങൾ കൊണ്ട് ഉയർന്നു നിന്നിരുന്നപ്പോൾ അവർ രാഷ്ട്രീയത്തെവരെ നിയന്ത്രിച്ചിരുന്നു. ഇന്ന് പലരും രാഷ്ട്രീയ അടിമകളായിരിക്കുന്നു. മതം മൂല്യങ്ങളിൽ നിന്ന് വ്യതിചലിച്ചപ്പോൾ റിയൽ എസ്റ്റേറ്റും മരാമത്ത് പണിയും ഒക്കെയായി തളർന്നു. ഇന്ന് കാലം ആവശ്യപ്പെടുന്നത് ശക്തമായ മൂല്യബോധത്തോടെ ഉറച്ചു നിന്ന് പ്രവർത്തിക്കാനും പ്രതികരിക്കാനും കഴിയുന്ന യുവതയെയാണ്!

മൂല്യമുള്ളവന് വിജയമല്ല ലക്ഷ്യം. സത്യമാണ് ലക്ഷ്യം! ശരിയുടെ ഭാഗത്ത് അതു ഒറ്റക്കാണെങ്കിൽപോലും ഉറച്ചു നിൽക്കും! മൂല്യത്തോടെയുള്ള ജീവിതം ലോകപരമായി വിജയമായിക്കൊള്ളണമെന്നില്ല. പക്ഷെ dignity യുള്ള ജീവിതം ഉറപ്പുതരും. അവർ സമാധാനത്തോടെ ഉറങ്ങും!

The value of life is not in its duration, but in its donation. You are not important because of how long you live, you are important because of how effective you live.

എന്തെല്ലാം നേടി എന്നുള്ളതല്ല നമ്മുടെ ജീവിതത്തെ അടയാളപ്പെടുത്താൻ പോകുന്നത് മറിച്ചു എന്തെല്ലാം ഈ ലോകത്തിനു നൽകി എന്നുള്ളതാണ്, ഓർക്കാം! നമ്മുടെ ജീവിതത്തിനു വ്യക്തമായ ഒരു ദിശാബോധവും അതിലേറെ വ്യക്തമായ ദൗത്യബോധവും നൽകാൻ മൂല്യങ്ങൾക്ക് സാധിക്കും!

**Vision** (ദർശനം)

ഒരിക്കൽ ഹെലൻ കെല്ലർ എഴുതി, 'കാഴ്ചയില്ലാത്തതല്ല എറ്റവും വലിയ ദുരിതം കാഴ്ചപ്പാടില്ലാത്തതാണ്!' നല്ല ദർശനം നല്ല അറിവിന്റെയും നല്ല ലോകപരിചയത്തിന്റെയും പരിശീലനത്തിന്റെയും ഒക്കെ ഫലമായാണ് രൂപപ്പെടുന്നത്. നമുക്കു ചുറ്റുമുള്ള വലിയ ലോകത്തെയും അതിന്റെ ആവശ്യങ്ങളെയും സാധ്യതകളെയും ഒക്കെ തിരിച്ചറിയാൻ കഴിയുക എന്നത് വലിയ ജീവിതനൈപുണ്യം തന്നെ. ജോലിയില്ല അവസരങ്ങൾ ഇല്ല നാട് കൊള്ളില്ല ഇവിടെയെല്ലാം പ്രശ്നമാണ് ആരും ശരിയല്ല എന്നൊക്കെ ഒരു ശരാശരി മനുഷ്യൻ വിലപിക്കുമ്പോൾ അതൊക്കെ തന്നെ സാധ്യതയാക്കാൻ- mission ആക്കാൻ കഴിയുന്ന ചിലരും ഈ ലോകത്തുണ്ട്. ഇതാണ് ദർശനമുള്ളവന്റെ ശക്തി. **ഒരിക്കൽ അബ്ദുൽ കലാം പറഞ്ഞു, "ചെറിയ ലക്ഷ്യം കുറ്റകൃത്യമാണ്!"** എന്നാൽ വലിയ ദർശനം കാണാൻ കഴിയണമെങ്കിൽ വലിയധൈര്യം, അറിവ്, നൈപുണ്യം, ലോകപരിചയം ഒക്കെ ആവശ്യമാണ്. ചെറിയ പ്രായത്തിൽ തന്നെ യുവത കൂടുതൽ പ്രവർത്തനങ്ങളിൽ വ്യപൃതമാകണം! എന്ത് കിട്ടും എന്നല്ല ഓരോ പ്രവർത്തനങ്ങളിൽ നിന്നും എന്ത് പഠിക്കാൻ കഴിയും എന്ന് ചിന്തിക്കുക. Volunteering ഒക്കെ വലിയ അവസരങ്ങൾ ആണ്. നമുക്ക് ഒരു നല്ല mentor / guide ഉണ്ടാവുന്നത് നമ്മുടെ ദർശനം കൂടുതൽ രൂപപ്പെടുത്താൻ സഹായിക്കും!

ലോകത്തിന്റെ ആവശ്യങ്ങളെ വിടവുകളെ സാധ്യതകളെ തിരിച്ചറിയാനും അതിനു പരിഹാരം കണ്ടെത്താനും കഴിയുന്നവനാണ് യഥാർത്ഥ നേതാവ്. "Vision is the art of seeing what is invisible to others". നല്ല ദർശനം നല്ല പ്രവർത്തനത്തിലേയ്ക്ക് നയിക്കും! നല്ല ദർശനം വലിയ motivation ആണ്! ഒരിക്കൽ ബിൽ ഗേറ്റ്സ് ജീവിത വിജയത്തെക്കുറിച്ചു ചോദിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു. "നമ്മുടെ പ്രവർത്തനം കൊണ്ട് ലോകത്തെ അത്ഭുതപ്പെടുത്താൻ നിരന്തരം പരിശ്രമിച്ചുകൊണ്ടേയിരിക്കുക. നിങ്ങൾ വലിയ വിജയം നേടും! നല്ല പ്രവർത്തനം നമ്മുടെ ആത്മാഭിമാനവും ആത്മമൂല്യവും വർദ്ധിപ്പിക്കും! Quality is never an accident. It is always the result of intelligent effort." – John Ruskin

മാറ്റങ്ങൾ കൊണ്ടുവരാൻ പുതുമകൾ സൃഷ്ടിക്കാൻ ചെറുത്തു പോരാടാൻ യുവതയ്ക്ക് കഴിഞ്ഞില്ലെങ്കിൽ തീർത്തും ദരിദ്രമായിരിക്കും നമ്മുടെ ഭാവി! നമുക്ക് രണ്ടു options ഉണ്ട്, ഒന്നുകിൽ ഓടാം അല്ലെങ്കിൽ മാറ്റങ്ങൾക്കു വേണ്ടി പോരാടാം! പോരാട്ടമാണ് നേതൃത്വം!

നിലവാരമുള്ള ജീവിതമാകട്ടെ ലക്ഷ്യം! സ്നേഹാശംസകൾ!!!

*(Sunil D. Kuruvilla is a consultant Career counsellor and HR Trainer. He is the founder of INSIGHT MISSION. He can be contacted @ +91 9847400712. Website: www.insightmission.in)*

## ഫാമിലി ഡയറക്ടറേറ്റ്

ക്രിസ്തുമസ്സിനുശേഷം വിവാഹങ്ങൾ കൂടുതൽ നടക്കാനുള്ളതിനാൽ ഡിസംബർ 26, 27 (ചൊവ്വ, ബുധൻ) ദിവസങ്ങളിൽ ഒരു വിവാഹ ഒരുക്ക സെമിനാർ നടത്തുന്നതാണ്.

ഡയറക്ടർ

**റവ. ഫാ. രാജൻ ഏബ്രഹാം കുളമട**

Ph: 9446913633, 9074210501,

സെക്രട്ടറി:

**റവ. ഫാ. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ**

Ph: 9447119918

## ക്നാനായ കമ്മിറ്റി ചാർജ്ജ് എടുത്തു

2023–2028 കാലഘട്ടത്തിലേയ്ക്ക് മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ തിരഞ്ഞെടുത്ത ക്നാനായ കമ്മറ്റി ഇന്ന് (11–11–2023) ൽ ചാർജ് എടുത്തു. സമുദായ സെകട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലിന് സമുദായ മെത്രാപ്പോലീത്ത റെക്കാർഡുകൾ കൊടുത്ത് ചാർജ് കൈമാറി. സമുദായ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ മുൻ ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്ട് പുതിയ ട്രസ്റ്റി റ്റി.സി.തോമസ് തോപ്പിലിന് ചാർജ് കൈമാറ്റം നടത്തി. വൈദിക ട്രസ്റ്റി ഫാ. സക്കറിയ മധുരംകോട്ട്, മുൻ വൈദിക ട്രസ്റ്റി ഫാ. മോനായി ഫിലിപ്പിൽ നിന്നും ചാർജ് ഏറ്റെടുത്തു.

# വി. ബൈബിളും കേരള ക്രൈസ്തവ സഭയും

ടോമി കുന്നുപറമ്പിൽ

കേരളത്തിലെ ക്രൈസ്തവസഭ സുദീർഘമായ പാരമ്പര്യം അവകാശപ്പെടുന്നുണ്ടെങ്കിലും 19-ാം നൂറ്റാണ്ടിന്റെ ആരംഭകാലംവരെ അവർക്ക് അവരുടെ മാതൃഭാഷയായ മലയാളത്തിൽ ബൈബിൾ ലഭ്യമായിരുന്നില്ല. മലയാളദേശത്തിലെ ക്രൈസ്തവർ ഉപയോഗിച്ചു വന്നിരുന്നത് സുറിയാനി ഭാഷയിലുള്ള ബൈബിളും കുർബ്ബാനക്രമവുമായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ C.M.S. മിഷണറിമാർ വന്നതോടുകൂടി മലയാള ദേശത്തിലെ ക്രിസ്ത്യാനികളെപ്പറ്റി പാശ്ചാത്യർ കൂടുതൽ അറിയാനിടയാവുകയും ബൈബിൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുവാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു.

ഈ ലേഖനം ബൈബിൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയതിന്റെയും വിവിധ മലയാളം ബൈബിൾ പരിഭാഷകളുടെയും ചരിത്രം പ്രതിപാദിക്കുന്നു.

**റമ്പാൻ ബൈബിൾ പ്രധാന ലേഖനം**

ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ കൽക്കട്ടയിലെ ചാപ്ലയിനായിരുന്ന ഡോ. ക്ലോഡിയസ് ബുക്കാനൻ 1806 ൽ മലബാർ സന്ദർശിച്ചു. ബൈബിൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഇംഗ്ലണ്ടിലെ തന്റെ മാതൃസഭയേയും മലയാള ദേശത്തെ സുറിയാനി സഭാനേതാക്കളേയും ബോദ്ധ്യപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. അങ്ങനെ ബൈബിൾ സുറിയാനിയിൽ നിന്നു മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുവാനുള്ള യത്നം ആരംഭിച്ചു. അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായ മാർ ദിവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ 1807-ൽ നാലു സുവിശേഷങ്ങൾ സുറിയാനിയിൽ നിന്നു മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യാൻ ആരംഭിച്ചു. ഈ യത്നത്തിൽ സഹകരിച്ചവരിൽ പ്രമുഖനാണ് കായങ്കുളം ഫിലിപ്പോസ് റമ്പാൻ. 1811-ൽ ഈ നാലു സുവിശേഷങ്ങളും ഒരു പുസ്തകമായി ബോംബെയിലെ കൂറിയർ പ്രസ്സിൽ നിന്നു അച്ചടിച്ചു പ്രസിദ്ധീകരിച്ചു. സുറിയാനിയിൽ നിന്നുള്ള പദാനുപദ വിവർത്തനം ആയതിനാൽ ധാരാളം സുറിയാനി പദങ്ങൾ ആ വിവർത്തനത്തിൽ കടന്നു കൂടിയിരുന്നു.

1817-ൽ ബൈബിൾ പൂർണ്ണമായി തർജ്ജിമ ചെയ്യുവാനും കോട്ടയത്തു നിന്നു അതു പ്രസിദ്ധീകരിക്കുവാനും ബൈബിൾ സൊസൈറ്റി തീരുമാനിച്ചു. അതിനുവേണ്ടി ചർച്ച് മിഷനറി സൊസൈറ്റി C.M.S. റവ. ബഞ്ചമിൻ ബെയ്‌ലിയുടെ സേവനം വിട്ടുകൊടുത്തു. കൊച്ചിക്കാരനായ എബ്രായ പണ്ഡിതൻ മോശെ ഈശാർഫനി എന്ന യഹൂദൻ, ത്രിഭാഷാ പണ്ഡിതനായ ചാത്തുമേനോൻ, സംസ്കൃത പണ്ഡിതനായ വൈദ്യനാഥയ്യർ എന്നിവരുടെ സഹകരണം വിവർത്തന പ്രക്രിയയിൽ ബെയ്‌ലിക്കു ലഭിച്ചു.

ഇവരെക്കൂടാതെ സുറിയാനി പണ്ഡിതന്മാരായ എട്ടു പുരോഹിതന്മാരുടെ സഹായവും അദ്ദേഹത്തിനു ലഭിച്ചു. അന്നു തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺറോയുടെ പിന്തുണയും ഈ സംരംഭത്തിനുണ്ടായിരുന്നു. അക്കാലത്ത് പ്രവർത്തിച്ചിരുന്ന ബൈബിൾ സൊസൈറ്റി ഇതിനാവശ്യമുള്ള ധനസഹായം നൽകി. 1825-ൽ ബെയ്‌ലി വി. മത്തായിയുടെ സുവിശേഷത്തിന്റെ ഒരു താത്ക്കാലിക മലയാള തർജ്ജിമ പ്രസിദ്ധീകരിച്ചു. 1829-ൽ ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ഓക്സിയലറി ബെയ്‌ലിയുടെ ആദ്യത്തെ പുതിയ നിയമ തർജ്ജിമ കോട്ടയം സി. എം. എസ് പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു.

ഈ പുതിയ നിയമം അച്ചടിക്കുവാൻ വേണ്ടി ബെയ്‌ലി സ്വയം രൂപകല്പന ചെയ്തു നിർമ്മിച്ച മരം കൊണ്ടുള്ള പ്രസ്സ് ഇന്നും കോട്ടയം സി.എം.എസ് പ്രസ്സിൽ സൂക്ഷിച്ചിട്ടുണ്ട്. 1835-ൽ ബെയ്‌ലിയുടെ പഴയനിയമ തർജ്ജിമ പൂർത്തിയായി. മദ്രാസ് ഓക്സിയലറി 1841-ൽ അതു പ്രസിദ്ധീകരിച്ചു. ഈ ബൈബിളിന്റെ പരിഷ്ക്കരിച്ച പതിപ്പ് 1859-ൽ പ്രസിദ്ധീകരിച്ചു.

**ഗുണ്ടർട്ടിന്റെ പരിഭാഷ**

ഹെർമ്മൻ ഗുണ്ടർട്ട് തന്റെ ലേഖനത്തിൽ പറയുന്നു ബെയ്‌ലിയുടെ പരിഭാഷയ്ക്ക് ചില പരിമിതികൾ ഉണ്ടായിരുന്നു. പദങ്ങളിലും പ്രയോഗങ്ങളിലും മലബാറിലെ ഭാഷയ്ക്ക് തിരുവിതാംകൂറിലെ മലയാളത്തെ അപേക്ഷിച്ച് ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. വടക്കേ മലബാറിലെ ഉപയോഗത്തിനു മതിയായ ബൈബിൾ ആവിഷ്ക്കരിക്കുന്നതിന് നേതൃത്വം നൽകിയത് ആധുനിക മലയാളത്തിന്റെ സൃഷ്ടികർത്താക്കളിൽ ഒരാളായ ഹെർമ്മൽ ഗുണ്ടർട്ടാണ്. ഗ്രീക്കുഭാഷയും സംസ്കൃതവും ഉൾപ്പെടെ പല ഭാരതീയ ഭാഷകളും അദ്ദേഹത്തിനു വശമായിരുന്നു. ഗ്രീക്കു പുതിയ നിയമത്തിൽ നിന്നു ഗുണ്ടർട്ട് നേരിട്ടു വിവർത്തനം ചെയ്ത പുതിയ നിയമം മംഗലാപുരത്തു ബാസൽ മിഷൻ പ്രസ്സിൽ നിന്നും 1854-ൽ പ്രസിദ്ധം ചെയ്തു. 1859-ൽ പഴയനിയമവും അദ്ദേഹം തന്നെ പ്രസിദ്ധീകരിച്ചു. സത്യവേദപുസ്തകം തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ ബൈബിൾ ഉപയോഗിക്കുന്നതിനു പൊതുവായ ഒരു പരിഭാഷ തയ്യാറാക്കുവാൻ 1871-ൽ ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ഓക്സിലിയറി ഒരു കമ്മിറ്റിയെ നിയമിച്ചു. അതിൽ C.M.S. ന്റെയും L.M.S. ബാസൽ മിഷന്റെയും സുറിയാനി സഭയുടെയും പ്രതിനിധികൾ ഉൾപ്പെട്ടിരുന്നു. ഈ കമ്മിറ്റി ആദ്യം തയ്യാറാക്കിയത് പുതിയ നിയമത്തിന്റെ പരിഭാഷയാണ്. യവന മൂലകൃതിയെ ആധാരമാക്കിയാണ് ഈ വിവർത്തനം നിർവ്വഹിച്ചത്. ഇതിനുവേണ്ടി ലൂഥറിന്റേയും സ്റ്റെറിന്റേയും ജർമ്മൻ ഭാഷയിലുള്ള വിവർത്തനങ്ങളും, തമിഴിലുള്ള പുതിയ പരിഭാഷയും, ബെയ്‌ലിയുടെ മലയാള തർജ്ജിമയും സാമുവേൽ ലീ യുടെ സുറിയാനി ബൈബിളുകളും സസൂക്ഷ്മം പരിശോധിച്ചു. ഡോ. ഗുണ്ടർട്ടിന്റെ പരിഭാഷയായിരുന്നു ഈ പരിഭാഷയ്ക്ക് അടിസ്ഥാനമാക്കി സ്വീകരിച്ചത്.

1880-ൽ പുതിയനിയമം പൂർത്തിയാക്കിയെങ്കിലും 1889 ലാണ് അതു പ്രസിദ്ധീകരിച്ചത്. 1871-ൽ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ നിയമിച്ച കമ്മിറ്റിയുടെ കാർമ്മികത്വത്തിൽ പരിഭാഷ ചെയ്യപ്പെട്ട് 1910-ൽ പ്രസിദ്ധീകരിച്ച മല

യാള ബൈബിൾ പരിഭാഷയാണ് സത്യവേദപുസ്തകം എന്ന പേരിൽ ഇന്ന് അറിയപ്പെടുന്നത്. ഇംഗ്ലീഷ് റിവൈസ്ഡ് വേർഷന്റെ വെളിച്ചത്തിൽ ബെഞ്ചമിൻ ബെയ്‌ലിയുടെ വിവർത്തനത്തിന് വരുത്തിയ പരിഷ്ക്കാരങ്ങൾ ഉൾപ്പെടുത്തി 1889-ൽ പ്രസിദ്ധീകരിച്ച പുതിയ നിയമത്തിന്റെ ശൈലിയിലാണ് ഇത് തയ്യാറാക്കിയത്. ഈ പരിഭാഷയാണ് ഇപ്പോൾ പ്രചുര പ്രചാരത്തിലിരിക്കുന്ന സത്യവേദപുസ്തകം.

മലയാള ഭാഷയുടെ അന്നുവരെയുള്ള വളർച്ചയും വികാസവും ആശയവ്യാപ്തിയും ഉൾക്കൊള്ളാൻ ഈ തർജ്ജമയ്ക്കു കഴിഞ്ഞു. കേരള കത്തോലിക്കാ സഭയും, യാക്കോബായ സഭയും ഒഴിച്ചുള്ള മിക്കവാറും എല്ലാ കേരള ക്രൈസ്തവ സഭകളും 1910 ൽ പുറത്തിറങ്ങിയ "സത്യവേദപസ്തകം" എന്ന ഈ ബൈബിൾ പരിഭാഷയാണ് ഉപയോഗിക്കുന്നത്.

**കേരള കത്തോലിക്ക സഭയുടെ പരിഭാഷ**

കേരള കത്തോലിക്ക സഭ 1893 മുതൽ പരിഭാഷപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഫാ.മാത്യു വടക്കേലിന്റെ നേതൃത്വത്തിലുള്ള ഒരു വിവർത്തക സമിതി പഴയനിയമം പൂർണ്ണമായി പരിഭാഷപ്പെടുത്തുകയും മൂന്നു വാല്യങ്ങളിലായി യഥാക്രമം 1930, 1934, 1939 എന്നീ വർഷങ്ങളിൽ S.H. ലീഗ് അതു അതു പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ മാണിക്കത്തനാര് വിവർത്തനം ചെയ്തു 1935 ൽ പ്രസിദ്ധീകരിച്ച പുതിയനിയമഗ്രന്ഥമാണ് കേരളത്തിലെ കത്തോലിക്കർക്കിടയിൽ കൂടുതൽ പ്രചാരം നേടിയത്. ●

# അബ്രഹാമിന്റെ ബലി

**സീമ ഷിന്റോ കന്നിയേൽ, റാന്നി**

വിശ്വാസികളുടെ പിതാവായ അബ്രഹാം, നീതിമാനും സർവ്വോപരി ദൈവദാസനുമായിരുന്നു. ദൈവകല്പനകളെ മാനിക്കുകയും അനുസരിക്കുകയും ചെയ്യുന്ന യഹോവ ഭക്തൻ. അബ്രഹാമിന്റെ വാർധക്യകാലത്ത് ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ മക്കളെ നൽകും എന്ന ദൈവപിതാവിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചു കാത്തിരുന്ന നീതിമാനായ പുരുഷനായിരുന്നു അദ്ദേഹം. ദൈവം തന്റെ വാഗ്ദാനം നിറവേറ്റി. അബ്രഹാമിനും സാറായ്ക്കും ഒരു പുത്രനുണ്ടാകുന്നു ഇസഹാക്ക്. അങ്ങനെ ദൈവനന്മകളെ സ്തുതിച്ചു പുകഴ്ത്തിക്കൊണ്ട് മൂവരും മുന്നോട്ട് ജീവിക്കുമ്പോൾ ദൈവത്തിന്റെ അരുളപ്പാട് വീണ്ടും അബ്രഹാമിനുണ്ടാകുന്നു. അത് ഇപ്രകാരമായിരുന്നു "നിന്റെ മകനെ നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ ഇസഹാക്കിനെത്തന്നെ, കൂട്ടിക്കൊണ്ട് മോറിയ ദേശത്തേക്ക് ചെന്ന് അവിടെ ഞാൻ നിന്നോട് കൽപ്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക"



അബ്രഹാമിന്റെ ചങ്കൊന്നു പിടഞ്ഞെങ്കിലും അദ്ദേഹം പരാതിപ്പെടുകയോ പരിഭ്രമിക്കുകയോ ചെയ്തില്ല. ദൈവത്തിന്റെ കല്പന അനുസരിക്കാൻ അദ്ദേഹം തയ്യാറാകുന്നു. അതുകൊണ്ട് ഇസഹാക്കിനെയും കൂട്ടി അബ്രഹാം മലയിലേക്ക് പുറപ്പെടുന്നു. അബ്രഹാം ഹോമയാഗത്തിനുള്ള വിറകെടുത്ത് തന്റെ മകനായ ഇസഹാക്കിന്റെ ചുമലിൽ വയ്ക്കുന്നു. തീയും കത്തിയും അബ്രഹാമെടുത്ത് ഇരുവരും ഒന്നിച്ച് നടക്കുന്നു. അപ്പോൾ ഇസഹാക്ക് തന്റെ അപ്പനായ അബ്രഹാമിനോട് ചോദിക്കുന്ന ചോദ്യം വളരെ ശ്രദ്ധേയമാണ്.

"Father, we have the wood and the fire,'' but where is the lamb for the Sacrifice??? God will proved a lamb my son" Abraham Answered. അപ്പാ തീയും വിറകുമുണ്ട് എന്നാൽ ഹോമയാഗത്തിന് ആട്ടിൻകുട്ടി എവിടെ എന്ന് അവൻ ചോദിച്ചു. ദൈവം തനിക്ക് ഹോമയാഗത്തിന് ഒരു ആട്ടിൻ കുട്ടിയെ നോക്കിക്കൊള്ളും മകനെ എന്ന് അബ്രഹാം പറഞ്ഞു. 'Yes god will provide' അബ്രഹാമിന്റെ വിശ്വാസം പോലെ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെ മലമുകളിൽ സർവ്വശക്തനായ ദൈവം ഒരുക്കി വച്ചിരുന്നു. ഈ ജീവിത പന്ഥാവിൽ പലവിധ കഠിന പരീക്ഷണങ്ങളാൽ വലയുമ്പോൾ തളരുമ്പോൾ നമ്മുടെ നാവിലും ഉതിരേണ്ട ഒരു ഉത്തരമാണിത്. Yes god will provide, ദൈവം കരുതുന്നവനാണ്. കൂട്ടം വിട്ടു വഴിതെറ്റി അലയുന്ന ആടിനെ പോലും ഹിംസ ജന്തുക്കളുടെ താവളമായ കാട്ടിൽനിന്നും തേടിപ്പിടിച്ചു തോളിലേറ്റിക്കൊണ്ടുവരുന്ന ഇടയനാണ് നമ്മുടെ ദൈവം. നന്മയുള്ള മേച്ചിൽപ്പുറങ്ങൾ അവിടുന്ന് നമുക്കായി ഒരുക്കുന്നു. നിനക്കുള്ള ആട്ടിൻകുട്ടിയെ ദൈവം ഒരുക്കി വച്ചിട്ടുണ്ട്. അബ്രഹാമിനെപോലെ ദൈവത്തിൽ അടിയുറച്ചു വിശ്വാസം ഉണ്ടായാൽ ജീവിതത്തിലുണ്ടാകുന്ന ഏതു കൊടുങ്കാറ്റിൽ നിന്നും ദൈവം നമ്മെ രക്ഷിക്കും. മലയിലെത്തിയ അബ്രഹാം ഒരു യാഗപീഠം പണിതു വിറകടുക്കി തന്റെ മകൻ ഇസഹാക്കിനെ കെട്ടി യാഗപീഠത്തിൻമേൽ വിറകിൻ മീതെ കിടത്തി, പിന്നെ അബ്രഹാം തന്റെ മകനെ അറുക്കേണ്ടതിന് കൈനീട്ടി കത്തി എടുത്തു. ആ സമയം യഹോവയുടെ ദൂതൻ ആകാശത്തുനിന്നും "അബ്രഹാമേ ബാലന്റെ മേൽ കൈ വെക്കരുത്; അവനെ ഒന്നും ചെയ്യരുത്'' എന്ന് വിളിച്ചു പറഞ്ഞു. അങ്ങനെ അബ്രഹാം ചുറ്റും നോക്കിയപ്പോൾ ഒരു ആട്ടുകൊറ്റൻ കൊമ്പ് കാട്ടിൽ പിടിപെട്ട് കിടക്കുന്നത് കണ്ടു. അബ്രഹാം ആട്ടുകൊറ്റനെ പിടിച്ച് തന്റെ മകനു പകരം ഹോമയാഗം കഴിച്ചു. അബ്രഹാമിന്റെ വിശ്വാസം വലിയതായിരുന്നു. തക്കസമയത്ത് തന്റെ ദൈവം പ്രവർത്തിക്കുമെന്നുള്ള ഉറപ്പ് അദ്ദേഹത്തിനുണ്ടായിരുന്നു. അതുപോലെ തന്നെ സംഭവിച്ചു. നമ്മുടെ ജീവിതത്തിലും ആ വിശ്വാസം നമുക്ക് ഏറ്റെടുക്കാം. മുന്നോട്ട് പോകാം.

ദൈവം അനുഗ്രഹിക്കട്ടെ. ●

പുസ്തകപരിചയം

# നിത്യ പ്രചോദനമായി ഒരു ജീവിതകഥ

Arun Govind., Senior Graphic Designer

സംരംഭകനും സാമൂഹിക പ്രവർത്തകനുമായ ശ്രീ. കെ. എം. പുന്നൂസിന്റെ ആത്മകഥയാണ് 'ജീവിതം ഒരു നേർക്കാഴ്ച'. പ്രശസ്ത സാഹിത്യകാരന്മാരുടേതും രാഷ്ട്രീയ നേതാക്കന്മാരുടേതും ബ്യൂറോക്രാറ്റുകളുടേതും കലാസാംസ്ക്കാരിക പ്രവർത്തകരുടേതും ഒക്കെയായി നിരവധി ആത്മകഥകൾ വളരെയൊന്നും മലയാളത്തിൽ ഉണ്ടായിട്ടില്ല. വളരെ പരിമിതമായ ലക്ഷ്യമേ ശ്രീ.കെ.എം. പുന്നൂസ് തന്റെ ജീവിതകഥ ആഖ്യാനം ചെയ്യുന്നതിലൂടെ ഉന്നം വെയ്ക്കുന്നുള്ളു. തന്റെ അനന്തര തലമുറകൾക്ക് ജീവിത വിജയത്തിന് പ്രചോദനമരുളുക, സദാചാര നിരതമായ ജീവിതം പുലർത്താൻ അവരെ സജ്ജരാക്കുക, സ്വപ്രത്യയ സ്ഥൈര്യത്തോടെ പ്രവർത്തനമണ്ഡലങ്ങളിൽ ഊർജ്ജസ്വലരായി മുന്നേറാൻ അവർക്ക് മാർഗ്ഗദർശനം നല്കുക എന്നിവയാണ് ആ ലക്ഷ്യങ്ങൾ. അന്യൂനമായ വ്യക്തിത്വത്തിനുടമയൊന്നുമല്ല താനെന്ന് വിനയാന്വിതനായിക്കൊണ്ട് തന്റെ ജീവിതവിജയങ്ങളും അതിജീവനങ്ങളും മാത്രമല്ല നേരിടേണ്ടിവന്ന പ്രതിസന്ധികളും തളർന്നുപോയ സംഭവങ്ങളുമെല്ലാം അദ്ദേഹം സരസമായി വിവരിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ.

ഒ.എൻ.ജി.സിയിൽ ഉദ്യോഗാർത്ഥിയായി എത്തിയതും അവിടെ ഉദ്യോഗസ്ഥനായി ത്തീർന്നതുമാണ് പ്രഥമാധ്യായത്തിന്റെ പ്രതിപാദ്യം. അതിനുമുമ്പ് പ്രതിരോധസേനയിൽ സിവിലിയനായി പ്രവർത്തിച്ചതിന്റെ ഓർമ്മകൾ തുടർന്നു പങ്കുവെയ്ക്കുന്നു. ചൈനയുദ്ധം, ഗോവൻ വിമോചന പ്പോരാട്ടം തുടങ്ങിയ ചരിത്ര സംഭവങ്ങൾകൊണ്ട് ശ്രദ്ധേയമായ ഒരു കാലമായിരുന്നു അത്. മൂന്നാമത്തെ അദ്ധ്യായം മത്തായി 1. ക്രമത്തിൽ തന്റെ ബാല്യകൗമാരങ്ങളെപ്പറ്റി വിവരിക്കുന്നു. ഗൾഫ് ജീവിതവും സംരംഭക പരിശ്രമങ്ങളും കുടുംബജീവിതവും സാമുദായിക പ്രവർത്തനങ്ങളുമെല്ലാം ലളിതമായ ഭാഷയിൽ ആവിഷ്കരിക്കുവാൻ ഗ്രന്ഥകാരനു കഴിഞ്ഞിരിക്കുന്നു.




ഒരു മാതൃകാ കുടുംബനാഥനെന്ന നിലയിൽ ഗ്രന്ഥകാരന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളാണ് വായനക്കാരെ ആകർഷിക്കുന്ന പ്രഥമകാര്യം. ഉത്തമനായ ഒരു കുടുംബ നാഥനെന്ന നിലയിൽ ആവശ്യമായ ഇടപെടലുകൾ നടത്തിയും ഉപദേശ നിർദ്ദേശങ്ങൾ കൊടുത്തും ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയും മക്കൾ ഇരുവരെയും വിശ്വപൗരത്വത്തോളം വളർത്തിയെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. 'മക്കളെ എങ്ങനെ വളർത്തണം' എന്ന കാര്യത്തിൽ കോഴ്സുകളും കളരികളും സംഘടിപ്പിക്കുന്ന കാലമാണിത്. ആ വിഷയത്തിലുള്ള ഏതു പരിശീലനക്കളരിയേക്കാളും മൂല്യവത്താണ് ഈ ഗ്രന്ഥം നല്കുന്ന പാഠങ്ങൾ.

വിജയിച്ച ഒരു സംരഭകനെന്ന നിലയിൽ അദ്ദേഹത്തിന്റെ അനുഭവപാഠങ്ങൾ ആ ദിശയിൽ മുന്നേറാൻ ഇച്ഛിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശമരുളാൻ പര്യാപ്തമാണ്. ഒരു നൂതന സംരംഭത്തെ സഹജീവികൾക്ക് ജീവിതോപായം ഒരുക്കിക്കൊണ്ട് എങ്ങനെ ഒരു സാമ്പത്തിക വിജയമാക്കാം, ഏതുവിധത്തിൽ ഒരു നാടിനെ വിപ്ലവകരമാക്കിയെടുക്കാം, എന്നതിന്റെ മികച്ച തെളിവാണ് അദ്ദേഹം സ്വന്തം വിയർപ്പിൽ പടുത്തുയർത്തിയ യൂണിയൻ ബ്ലോക്ക്സ് എന്ന മഹത്തായ സംരംഭം. മധ്യകേരളത്തിൽ കെട്ടിട നിർമ്മാണരംഗത്ത് സമൂലമായ പരിവർത്തനമുണ്ടാക്കുവാൻ പാകത്തിൽ ആ സംരംഭം വിജയപതാക പാറിച്ചു. വിജയത്തിലെത്തിയ സംരംഭം നല്കിയ അടിത്തറയിൽ നിന്നുകൊണ്ടാണ് ശ്രീ.കെ. എം. പുന്നൂസ് സാമുദായിക സാമൂഹിക പ്രവർത്തനങ്ങളിൽ ശ്രദ്ധയൂന്നിയത്.

കല്ലിശ്ശേരി വലിയപള്ളി ട്രസ്റ്റി, ക്നാനായ അസ്സോസിയേഷൻ അംഗം, ക്നാനായ കൺവെൻഷൻ പ്രവർത്തകൻ, ക്നാനായ സംരംഭ കൂട്ടായ്മയായ WAKE-ന്റെ ഭാരവാഹി എന്നീ നിലകളിൽ ക്നാനായ സമുദായത്തിന്റെ മുന്നേറ്റത്തിനായി അദ്ദേഹം പ്രവർത്തിച്ചു. അശരണരുടെ അത്താണിയായ മരുപ്പച്ച, വ്യാപാരി വ്യവസായി ഏകോപനസമിതി, സീനിയർ സിറ്റിസൺ ഫോറം എന്നീ സംഘടനകളിൽ അദ്ദേഹം സജീവമായി.

യാത്രകളെ വളരെയധികം ഇഷ്ടപ്പെടുന്ന വ്യക്തിയായ അദ്ദേഹത്തിന് യൂറോപ്യൻ, ഏഷ്യൻ, അമേരിക്കൻ വൻകരകളിലുള്ള ഒട്ടനവധി രാജ്യങ്ങളിൽ സന്ദർശനം നടത്തുവാൻ അവസരം ലഭിച്ചു. അദ്ദേഹത്തിന്റെ ഇസ്രായേൽ സന്ദർശന അനുഭവങ്ങൾ 'ഞാൻ കണ്ട വിശുദ്ധനാട്' എന്ന പേരിൽ പുസ്തകമായിട്ടുണ്ട്. ഏറ്റവും ഒടുവിൽ അദ്ദേഹം നടത്തിയ ശ്രീലങ്കൻ സന്ദർശനത്തിന്റെ അനുഭവങ്ങൾ ഈ പുസ്തകത്തിന്റെ ഭാഗമായുണ്ട്.

താൻ നേരിട്ട ചില പ്രതിസന്ധി ഘട്ടങ്ങളെപ്പറ്റിയുള്ള ഓർമ്മകൾ അദ്ദേഹം വിവരിക്കുന്നുണ്ട്. സഹപ്രവർത്തകരിൽ ചിലരുടെ ഉപജാപം കാരണം ജോലിയിൽനിന്ന് അല്പ കാലം മാറ്റി നിർത്തപ്പെട്ട അനുഭവം, കല്ലിശ്ശേരിപ്പള്ളിയുടെ കുരിശടി നിർമ്മാണവുമായി ബന്ധപ്പെട്ട് അകാരണമായി തന്റെ പേരിൽ ഉന്നയിക്കപ്പെട്ട ആരോപണം മൂലമുണ്ടായ വേദന, തന്റെ സംരംഭത്തിൽ ഒരു ഘട്ടത്തിൽ അരങ്ങേറിയ സമരാഭാസം ഉളവാക്കിയ പ്രതിസന്ധി, നേരിടേണ്ടിവന്ന മൂന്ന് വാഹനാപകടങ്ങൾ ഇവയെല്ലാം നിർമ്മമതയോടെ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ഇത്തരം ദുരനുഭവങ്ങൾ ഗ്രന്ഥകാരനെ തളർത്തുകയല്ല കൂടുതൽ ഊർജ്ജസ്വലനായി മുന്നേറാൻ പ്രചോദിപ്പിക്കുകയാണുണ്ടായത്.

വിജയിച്ച ജീവിതമാണ് ശ്രീ.കെ.എം. പുന്നൂസിന്റേത്. അദ്ദേഹത്തിന്റെ വിജയത്തിന്റെ അടിസ്ഥാനഘടകങ്ങൾ നാലാണ്. സ്വപ്രത്യയസ്ഥൈര്യം, ഉൽക്കർഷേച്ഛ, ദൈവഭയം, സ്ഥിരപരിശ്രമം, മൂല്യവത്തായ ജീവിതം, ജീവിതത്തിന്റെ ഏതു ശ്രേണിയിലുള്ള വ്യക്തിയ്ക്കും മാതൃകയാക്കാവുന്നതാണ്. തന്റെ ജീവിത കാലത്തുണ്ടായ വ്യത്യസ്ത സംഭവങ്ങളെപ്പറ്റിയുള്ള ഓർമ്മകളും പ്രതികരണങ്ങളും ഗ്രന്ഥത്തിന്റെ ഭാഗമാണ്. ദാരിദ്ര്യത്താൽ ചൂഴ്ന്നുനിന്ന പഴയ കാലഘട്ട ജീവിതവും താരതമ്യേന സുഭിക്ഷമായ സമകാലജീവിതവും ഗ്രന്ഥത്തിൽ പലയിടത്തും കൃത്യമായി വിശകലനം ചെയ്യപ്പെടുകയും തുലനം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. അശീതിയുടെ നിറവിൽ എത്തിനില്ക്കുന്ന ഗ്രന്ഥകാരൻ മലയാളത്തിലെ ആത്മകഥാ ശാഖയ്ക്കു നൽകിയ വിലപ്പെട്ട ഉപഹാരമാണ് 'ജീവിതം ഒരു നേർക്കാഴ്ച' എന്നു പ്രസ്താവിക്കുവാൻ മടിയ്ക്കേണ്ടതില്ല. ധരണിബുക്സ് പ്രസാധനം ചെയ്ത സാമാന്യം ബൃഹത്തായ ഈ ഗ്രന്ഥം കെട്ടിലും മട്ടിലും ഉന്നതനിലവാരം പുലർത്തുന്നു എന്ന വസ്തുതയും എടുത്തു പറയേണ്ടതാണ്.

# "ക്രിസ്തുമസ്സ് കേവലം ആഘോഷങ്ങളിൽ ഒതുങ്ങേണ്ടതോ?

റ്റി. കെ. തോമസ്, തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

ലോകമെമ്പാടുമുള്ള ക്രൈസ്തവർ യേശു ദേവന്റെ തിരു:പിറവി ആഘോഷിക്കുവാൻ, ഡിസംബർ ഇരുപത്തഞ്ചാം തീയതി സമാഗതമാകുവാൻ കാത്തിരിക്കുന്നു. വിദേശങ്ങളിലും അന്യസംസ്ഥാനങ്ങളിലും ആയിരിക്കുന്ന മക്കൾ മാതാപിതാക്കൾക്കൊപ്പം ക്രിസ്തുമസ്സ് ആഘോഷത്തിൽ സംബന്ധിക്കുന്നതിന്, നാട്ടിലേക്കും, നാട്ടിലേക്കു കടന്നുവരാൻ സാഹചര്യം അനുവദിക്കാത്തവർ, മാതാപിതാക്കളെ അവരുടെ അടുത്തേക്ക് എത്തിച്ച് സന്തോഷം പങ്കിടുവാൻ ടിക്കറ്റം ബുക്ക് ചെയ്ത് ദിവസങ്ങളെണ്ണിക്കാത്തിരിക്കുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ ഒരു മാസം നീളുന്ന ക്രിസ്തുമസ്സ് ആഘോഷങ്ങൾക്ക് ഡിസംബർ ഒന്നിന് തിരശ്ശീല ഉയരും. പുതുവൽസര ആഘോഷങ്ങൾകൂടി പരിസമാപ്തിയിലെത്തുന്നതോടുകൂടി എല്ലാ ആഘോഷങ്ങൾക്കും തിരശീല വീഴുകയും ചെയ്യും. എന്നാൽ ക്രിസ്തുവിന്റെ ജനനം നമ്മുടെ ജീവിതത്തിൽ എന്തു സന്ദേശമാണ് നൽകുന്നത് എന്ന് ഈ ആഘോഷങ്ങൾക്കിടയിൽ പലപ്പോഴും ബോധപൂർവ്വം നാം വിസ്മരിച്ചു പോകുന്നു. സകലജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷത്തിന്റെ സദ്വാർത്ത ദൂതൻ ഇപ്രകാരം ആ രാത്രിയിൽ ഇടയന്മാരോട് അറിയിച്ചു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ, നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. പെട്ടെന്ന് സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോട് ചേർന്ന്, ദൈവത്തെ പുകഴ്ത്തി, അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം. ദൂതന്മാർ അവരെ വിട്ട് സ്വർഗ്ഗത്തിൽ പോയ ശേഷം ഇടയന്മാർ, ബദ്ലഹേമോളം ബദ്ധപ്പെട്ട് ചെന്ന് തങ്ങളോട് ദൂതൻ അറിയിച്ച മഹാവിസ്മയം കാണാൻ കടന്നു ചെന്നു, മറിയയേയും, യൗസേഫിനേയും, പശുത്തൊട്ടിയിൽ കിടന്നിരുന്ന ശിശുവിനേയും കണ്ട്, അവർ ദൈവത്തെ മഹത്വപ്പെടുത്തിയും, പുകഴ്ത്തിയുംകൊണ്ട് മടങ്ങിപ്പോയി. വിദ്വാന്മാർക്കുണ്ടായ ദർശനം ഹേതുവായി അവരും നക്ഷത്രത്തെ പിൻചെന്ന് ആ വീട്ടിൽ ചെന്ന്, ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ട്, വീണ് അവനെ നമസ്കരിച്ച്, നിക്ഷേപപാത്രങ്ങളെ തുറന്ന്, അവന്, പൊന്നും കുന്തിരിക്കവും, മൂരും കാഴ്ചവച്ച്, അരുളപ്പാടുണ്ടായ പ്രകാരം ഹേരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകാതെ, വേറെവഴിയായി സ്വദേശത്തേക്ക് മടങ്ങിപ്പോകുകയും ചെയ്തു. വർഷാവർഷം നാം ക്രിസ്തുമസ് അത്യാർഭാടപൂർവ്വം ആഘോഷിക്കുന്നു, എന്നാൽ ക്രിസ്തുവിന്റെ ജനനത്തിന്റെ സന്തോഷം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊണ്ടുതന്നെയാണോ, ആഘോഷിക്കുന്നത് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പുത്തൻ വസ്ത്രങ്ങൾ ധരിക്കുന്നതിലും, പരസ്പരം ഉപഹാരങ്ങൾ കൈമാറുന്നിലും, വിഭവസമൃദ്ധമായ ഭക്ഷണം കഴിക്കുന്നതിലും ഒക്കെ ഉപരി യഥാർത്ഥമായി ക്രിസ്തു നമ്മിൽ പുനർജനിക്കുകയും, ക്രിസ്തുവിനു യോഗ്യമായ പ്രവർത്തികൾ നമ്മിൽ നിന്നു പുറപ്പെടുകയും ചെയ്യുമ്പോൾ മാത്രമാകും ക്രിസ്തുമസ് പൂർണ്ണതയിൽ എത്തുക. ഓരോ ക്രിസ്തുമസ് ദിനത്തിലും ക്രിസ്തു നമ്മിൽ വീണ്ടും ജനിക്കുന്നുണ്ടോ എന്നു നാം ചിന്തിക്കുക, ക്രിസ്തു നമ്മിൽ ജനിക്കുന്നില്ലെങ്കിൽ നമ്മുടെ ആഘോഷങ്ങൾ ഒക്കെ വ്യർത്ഥമാണ്. ക്രിസ്തു നമ്മിൽ ജനിക്കുന്നു എങ്കിൽ നാം മറ്റുള്ളവർക്ക് സന്തോഷത്തിന് കാരണമാകുന്നുണ്ടോ എന്ന് സ്വയം ഉറപ്പുവരുത്തണം. ആട്ടിടയന്മാർക്ക് അന്ന് രാത്രിയിൽ ദൂതനാൽ ലഭിച്ച അറിയിപ്പു പ്രകാരം, അവർ ബദ്ലഹേമിൽ കടന്നു ചെന്ന് പൈതലിനെ മറിയത്തോടും, യൗസേഫിനോടും ഒപ്പം കണ്ടതുപോലെ, യേശുവിനെക്കുറിച്ച് ദൈവവചനം നമുക്ക് നൽകുന്ന തിരിച്ചറിവു പ്രകാരം അവനെ അന്വേഷിച്ച് പോകുവാനും, അവനെ കണ്ടെത്തുവാനും, ആ ശോഭ ഒന്നു ദർശിക്കുവാനും നാം തയ്യാറാകണം. വിദ്വാന്മാർക്ക് ലഭിച്ച ദർശനം ഹേതുവായി അവരും യേശുപൈതലിനെ അന്വേഷിച്ച്, ഹേരോദാവിന്റെ കൊട്ടാരത്തിൽ ചെല്ലുന്നു, രാജാവായി ജനിക്കുന്നവൻ, ലോകപ്രകാരം കൊട്ടാരത്തിലാണല്ലോ ജനിക്കുക. എന്നാൽ മറിയയുടെയും, യൗസേഫിന്റെയും, മകനായി ജനിച്ച, യഹൂദന്മാരുടെ രാജാവായവൻ പുൽത്തൊഴുത്തിൽ പിറന്നത് വിനയത്തിന്റെ പ്രതീകമായിരുന്നു. വിദ്വാന്മാർ യേശുവിനെകണ്ട്, കാഴ്ചകൾ സമർപ്പിച്ച്, വേറെ വഴിയായി സ്വദേശത്തേക്ക് കടന്നുപോയി. വിദ്വാന്മാർക്ക് ലഭിച്ച ആ ഉൾവിളി ഓരോ ക്രിസ്തുമസ്സ് ദിവസത്തിലും നമുക്കും ഉണ്ടാകണം, നാമും ദൈവത്തെ അന്വേഷിച്ച് ഇറങ്ങണം. അവൻ കൊട്ടാരത്തിലല്ല, പ്രശ്നങ്ങളുടെയും, പ്രതിസന്ധികളുടെയും പ്രയാസങ്ങളുടെയും നടുവിലാണ് എന്ന തിരിച്ചറിവോടെ, അവനെ തേടി കണ്ടെത്തി നമ്മുടെ, ആകുലതകളും, സന്തോഷങ്ങളും, അവന് കാഴ്ചയായി അർപ്പിച്ച്, അവനിൽനിന്നും അനുഗ്രഹം പ്രാപിക്കാൻ കഴിയണം. യേശുവിനെ കണ്ടുമുട്ടിക്കഴിയുമ്പോൾ നമ്മുടെ മടക്കയാത്രയ്ക്ക് ഒരു ദിശാ വ്യതിചലനം ഉണ്ടാകണം, വേറിട്ട വഴിയിലൂടെ നമ്മുടെ തുടർന്നുള്ള യാത്ര നമുക്ക് തുടരാൻ സംഗതിവരും. ഇന്നു നാം കൊണ്ടാടുന്ന ക്രിസ്തുമസ്സ് ആഘോഷങ്ങൾ, പലപ്പോഴും, മദ്യത്തിൽ മുക്കിയും, അനാവശ്യ ധൂർത്തിൽ ചാലിച്ചും കടന്നുപോകുന്നു. ഇരുപത്തഞ്ചു ദിവസം നോമ്പ് ആചരിച്ചുകൊണ്ട് പൂർണ്ണ സമർപ്പണത്തോടെ ക്രിസ്തു നമ്മിൽ വീണ്ടും ജനിക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊണ്ട് ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെട്ട്, നാം കണ്ടുമുട്ടുന്നവർക്കും, നമ്മെ കണ്ടുമുട്ടുന്നവർക്കും സന്തോഷത്തിന്റെയും, അനുഗ്രഹത്തിന്റെയും, കാരണക്കാരായി നാം മാറുന്നു എങ്കിൽ മാത്രമാകും ക്രിസ്തുമസ്സ് പൂർണ്ണമാകുക. എല്ലാവർക്കും ഏറിയ സ്നേഹത്തോടും വിനയത്തോടും, ക്രിസ്തുമസിന്റെയും, പുതുവത്സരത്തിന്റെയും ആശംസകൾ നേരട്ടെ.

# സന്ന്യാസം

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

സന്ന്യാസം എന്ന പദത്തിന്റെ അർത്ഥം 'സമ്യക്' + 'ന്യാസം' എന്നാണ്. 'സമ്യക്' എന്നാൽ 'എല്ലാം' (All) എന്നർത്ഥം. 'ന്യാസം' എന്നാൽ 'ഉപേക്ഷിക്കുക, (Casting away) എന്നർത്ഥം.

ദൈവത്തെ നേടാനായി ലോകത്തെ മുഴുവൻ മനസു കൊണ്ട് ത്യജിക്കുന്നതാണ് സന്ന്യാസം. നല്ല മുത്തു കണ്ടെത്തിയ വ്യാപാരിയെപോലെ, ഉള്ളിലെ സ്വർഗ്ഗരാജ്യസാഫല്യത്തിനായി, സർവ്വ സമ്പത്തും,നേട്ടങ്ങളും, സ്ഥാനമാനങ്ങളും, പൊങ്ങച്ചങ്ങളും, ഏതിനോടുമുള്ള അഭിമാനബോധവും, അഹംബോധവും, സ്വാർത്ഥ താല്പര്യങ്ങളും ത്യജിക്കുന്നതാണ് സന്ന്യാസം.

'ഞാനെന്ന ഭാവത്തെ' കുരിശിൽ ബലിയർപ്പിച്ച ക്രിസ്തു എന്ന ഉത്തമ സന്ന്യാസിയെ മാതൃകയാ ക്കി ഞാനെന്നും, എന്റേതെന്നുമുൾപ്പെടെ സകല സ്വാർത്ഥകാര്യങ്ങളും ത്യജിക്കുന്നയവസ്ഥയാണ് സന്ന്യാസം. എനിക്കുവേണ്ടിയും, എന്റെ കുടുംബത്തിനുവേണ്ടിയും മാത്രമല്ല മറിച്ച് സർവ്വ ലോകത്തിന്റെയും ഹിതത്തിനുവേണ്ടിയും സമൂഹത്തിന്റെ നവോത്ഥാനത്തിനു വേണ്ടിയും യജ്ഞഭാവത്തോടുകൂടെ ചെയ്യുന്ന കർമ്മാനുഷ്ഠാനമാണ് സന്ന്യാസം.

ഉപാസന നിഷ്ഠയോടെയുള്ള സ്വധർമ്മാനുഷ്ഠാനം നമ്മുടെ അവകാശമാണ്. നമ്മുക്ക് നമ്മോടു തന്നെയും, സഹജീവികളോടും പ്രകൃതിയോടുമൊക്കെ ചില കടമകളുണ്ട്. സ്വധർമ്മം തിരിച്ചറിഞ്ഞ്, ജന്മനിയോഗം പൂർത്തീകരിക്കുക.

അഹത്തിൽനിന്നും ഇഹത്തിൽനിന്നും, ജഢത്തിൽനിന്നുമുള്ള മോചനമാണ് സന്ന്യാസം. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിങ്ങനെ മൂന്നു വ്രതങ്ങളുടെ അനുഷ്ഠാനം ആണ് സന്ന്യാസം.

**അനുസരണം** അടിമത്തമല്ല. അവനവനിൽനിന്നും ദൈവീകമായ അപാരതയിലേയ്ക്കുള്ള സ്വാതന്ത്ര്യമാണ്. സമർപ്പണത്തിന്റെ ആനന്ദമാണ് സന്ന്യാസം. എനിക്ക് ദൈവമല്ലാതെ, സ്വന്തമായൊരു മനസുപോലുമില്ല എന്നു പറഞ്ഞ് അഹം ബോധത്തെ അടിയറ വെച്ചവർ, സത്യന്വേഷികളായി ദൈവത്തിന്റെ ഇഷ്ടം തിരിച്ചറിഞ്ഞ് തന്നെതന്നെ ബോധോദയത്തിനായി അനുസരണം വ്രതമാക്കി സ്വയം സമർപ്പിക്കുന്നു.

**ദാരിദ്രം** വല്ലായ്മയല്ല. യഥാർത്ഥ ദാരിദ്രബോധമുള്ള വ്യക്തി ഉള്ളതുകൊണ്ട് ഓണംപോലെ കഴിയുന്നു. മിച്ചം വരുന്ന തുച്ഛമായ നേട്ടങ്ങളിലൂടെ ആനന്ദത്തിന്റെ കൊടുമുടി കയറുന്ന സന്ന്യാസിയുടെ മാനസം സന്തോഷ സമ്പൽ സമൃദ്ധി നിറഞ്ഞതായിരിക്കും. മനസിന്റെ ഐശ്വര്യവും, അനുഗ്രഹവുമാണ് യഥാർത്ഥ സമ്പാദ്യം. ഒന്നില്ലാതാവുമ്പോഴേ അതിന്റെ വിലയറിയുകയുള്ളു. ലോകം മുഴുവനേയും, തനിക്കുള്ളതെല്ലാത്തിനെയും നഷ്ടപ്പെടുത്തിയാലും പരിശുദ്ധാത്മാവിന്റെ പരിപൂർണ്ണതയിൽ സകല സമൃദ്ധിയും അതിന്റെ പൂർണ്ണതയിൽ അനുഭവിക്കുന്നവനാണ് സന്ന്യാസി.

ബ്രഹ്മത്തിൽ സദാ ചരിക്കുന്നവസ്ഥയാണ്. **ബ്രഹ്മചര്യം** ലോകത്തു കഷ്ടവും, നഷ്ടവുമുണ്ട്. പോസിറ്റീവും, നെഗറ്റീവും അവസ്ഥകളുണ്ട്. പ്രതികൂലങ്ങളിൽ ദൈവത്തിന്റെ പ്രഭയിൽ ജ്വലിക്കുന്നവനാണ് യഥാർത്ഥ സന്ന്യാസി. നെഗറ്റീവ് അനുഭവങ്ങളിൽ നിന്ന് ഒളിച്ചോടുന്നവനല്ല സന്ന്യാസി. സമൂഹത്തിനു മുൻപിൽ എപ്പോഴും നല്ലപിള്ള ചമയാൻ പ്രതികൂലങ്ങളിൽ മറുത്തു പറയുന്നവനല്ല സന്ന്യാസി. ഏതു നെഗറ്റീവ് അവസ്ഥകളിലൂടെ കടന്നുപോകുമ്പോഴും, ശുദ്ധമായ പോസിറ്റീവ് മനോഭാവത്തോടെ കറതീർന്ന നിഷ്കളങ്കതയോടെ അതിലൂടെ കടന്നുപോയി തന്നെ അതിനെ അതിജിവിക്കുന്നവനാണ് സന്ന്യാസി. എന്തൊക്കെയായിരുന്നാലും, എങ്ങനെയൊക്കെ, ഏതവസ്ഥയിലായിരുന്നാലും ഞാൻ ദൈവത്തോടൊപ്പമാണ് എന്ന ഉറച്ച ബോധ്യവും, ദൈവപിതാവിന്റെ മടിത്തട്ടിലെ സ്വർഗ്ഗീയ പൈതൃകപുണ്യം ഏതു പ്രതികൂല സാഹചര്യങ്ങളിലും അനുഭവിച്ചറിഞ്ഞ്, ആനന്ദിച്ച് ആശ്വസിച്ച് സത്യത്മാവിലടിയുറച്ചു നിൽക്കുന്നവനാണ് യഥാർത്ഥ സന്ന്യാസി.

ഭൗതീകമായ ആഗ്രഹങ്ങളോട് ഉപേക്ഷ വിചാരിക്കുകയും, മോഹബന്ധമോ, അഹങ്കാരമോ, സ്വാർത്ഥതയോ ഇല്ലാതെ, ഭൗതീകതയിൽ മറഞ്ഞിരിക്കുന്ന ആത്മീയതയുടെ രഹസ്യ മർമ്മങ്ങളുടെ പൂട്ടുകൾ തുറന്ന്, ലോക നന്മയ്ക്കു വേണ്ടി സമൂഹത്തിന്റെ നവോത്ഥാനത്തിനുവേണ്ടി പ്രയോജന പ്രദമാകുന്നവനാണ് സന്ന്യാസി.

സമർപ്പണത്തിന്റെ ആഴവും അർത്ഥവും സന്ന്യാസി പഠിക്കുന്നത് കുരിശിലാണ് പിതാവിന്റെ ഇഷ്ടം തന്നിൽ നിറവേറാൻ സ്വയം ബലിയാകാൻ സമ്പൂർണ്ണ അനുസരണയോടെ സ്വയം സമർപ്പിച്ചുകൊടുത്തു. കയ്പ്പു നിറഞ്ഞ കാസ യേശു അനുസരണയോടെ വാങ്ങി കുടിച്ചു. ചോദ്യം ചെയ്യാതെ വേദന കടിച്ചിറക്കി. പീഢാസഹങ്ങളുടെ കണ്ണീർ ആരോടും പരാതിയോ പരിഭവങ്ങളോ ഇല്ലാതെ കുടിച്ചിറക്കി. മരണത്തോളം ഒന്നുമല്ലാത്തവനും ഒന്നുമില്ലാത്തവനുമായി തന്നെതന്നെ പിതാവിന്റെ ഇഷ്ടത്തിനു സമർപ്പിച്ചു. എത്രയധികം കഷ്ട നഷ്ടങ്ങൾ ഉണ്ടായാലും ദൈവപിതാവിനോട് ചേരുംവരെ ക്രിസ്തുവിനെപോലെ ഇടറാതെ, പതറാതെ, കുതറാതെ സമൂഹത്തിന്റെ നവോത്ഥാനത്തിനുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കുന്ന സ്വർഗ്ഗീയ കുഞ്ഞാടായ ക്രിസ്തുവിനെപോലെ സത്യത്തിന്റെയും കരുണയുടെയും പാതയിൽ ഉറച്ചു നിൽക്കണം. അപ്പോസ്തലൻ പറയുംപോലെ ആപത്തോ കഷ്ടതയോ നഗ്നതയോ വാളോ അങ്ങനെ ലോകപ്രകാരമുള്ള യാതൊരു ഭീഷണികൾക്കും ദൈവ സ്നേഹബോധ്യത്തിൽ നിന്നും നിങ്ങളെ അകറ്റുവാൻ കഴിയരുത്.

മരണത്തോളം ഒന്നുമല്ലാത്തവനും, ഒന്നുമില്ലാത്തവനുമായ ക്രിസ്തു ഒരു നിലനിൽപ്പുപോലുമില്ലാതെ പീഢാനുഭവത്തിന്റെ നിലയില്ലാക്കയങ്ങളിൽ പെട്ടുപോയെങ്കിലും, ഉയിർപ്പിന്റെ കരുത്തുമായി ഇന്നും ക്രിസ്തു നമ്മിലൂടെ ജീവി

ക്കുന്നു.

ക്രൂശിതനായ ക്രിസ്തു ധ്യാനത്തിലൂടെയാണ് സന്ന്യാസത്തിന്റെ പ്രചോദനമുൾക്കൊണ്ടത്. മദർ തേരസ എന്ന സന്ന്യാസിനി താൻ ശുശ്രൂഷിക്കുന്ന, സംരക്ഷിക്കുന്ന ഓരോ രോഗികളിലും, അഗതികളിലും ക്രിസ്തുവിന്റെ മുഖം തെളിഞ്ഞു കണ്ടിരുന്നു. 'ഈ ചെറിയവരിൽ ഒരാൾക്ക് നിങ്ങൾ ചെയ്തു കൊടുക്കുന്നതു എനിക്ക് ചെയ്യുന്നതിനു തുല്യമാണെന്ന്' ക്രിസ്തു മൊഴി'യുടെ അടിസ്ഥാനത്തിലായിരുന്നു മദർ തേരസയുടെ സമൂഹസേവനവും ശുശ്രൂഷാ ജീവിതവും. പാവപ്പെട്ടവരിൽ ക്രിസ്തുവിന്റെ വികലമാക്കപ്പെട്ട ഛായ കണ്ടെത്തി പരിചരിക്കുന്നവരാണ് യഥാർത്ഥ സന്ന്യാസി. ക്രിസ്തുവിനെ സേവിക്കുവാനും ശുശ്രൂഷിക്കുവാനും, പിൻപറ്റാനും ക്രിസ്തു ജീവിച്ചിരുന്ന കാലഘട്ടത്തിൽ തന്നെ ജീവിക്കണമെന്നില്ല. അന്നുതന്നെ ജനിക്കണമെന്നില്ല. ഇന്നും ക്രിസ്തു ജീവിക്കുന്നു, നമ്മിലൂടെ നമ്മുടെ ചുറ്റുപാടുമുള്ളവരിലൂടെ ക്രിസ്തു ജീവിതം തുടരുന്നു.

മരണമില്ലാത്ത ക്രിസ്തു ഇന്നും ക്രൈസ്തവ സഭയെ നവീകരിക്കുന്നു. സഹോദരങ്ങളുടെ, ആരോരുമില്ലാത്തവരുടെ കഷ്ടപ്പെടുന്നവരുടെ സങ്കടമുഖഭാവങ്ങളെയുൾക്കൊള്ളുന്നവർ ക്രിസ്തുവിനെയാണ് ഉൾക്കൊള്ളുന്നത്. വിശപ്പു കൊണ്ട് വികലമാക്കപ്പെട്ട മുഖങ്ങളിൽ, അപമാനിത മുഖങ്ങളിൽ, ദ്രോഹിക്കപ്പെട്ട, അപമാനിക്കപ്പെട്ട, അപവാദങ്ങളിൽ തകർക്കപ്പെട്ട സ്ത്രീ മുഖങ്ങളിൽ, ചൂഷണം ചെയ്യപ്പെടുന്ന നിഷ്കളങ്കരായ കൊച്ചു കുട്ടികളിൽ, അവഗണിക്കപ്പെടുന്ന വൃദ്ധരുടെ മുഖഭാവങ്ങളിലൊക്കെ ദൈവത്തിന്റെ വികലമാക്കപ്പെട്ട ഛായ ഉണ്ട്. എല്ലാവരുടെടെയും ഉള്ളിൽ വസിക്കുന്ന ദൈവം, ഓരോരുത്തരുടെയും വിഷമതകൾക്കനുസരിച്ച് വൈകല്യം അനുഭവിക്കുന്നു. സ്വന്തമായി ഭവനമില്ലാത്തവർ, വീട്ടു ചിലവിന് പണമില്ലാത്തവർ, കുട്ടികളെ പഠിപ്പിക്കുവാൻ നിവൃത്തിയില്ലാത്തവർ, മാരകമായ രോഗത്താൽ ഭാരപ്പെട്ട് ചികിത്സാ ചെലവിനുള്ള പണമില്ലാതെ ദുഃഖിക്കുന്നവർ, ദാരിദ്ര്യം, പട്ടിണി, പലവിധ ഭാരങ്ങൾ ആധി, വ്യാധി പുറത്തു പറഞ്ഞറിയിക്കാൻ വയ്യാത്ത ദുഖഭാരവും പേറി തളർന്നു തകർന്നവർ, ശാരീരികവും മാനസീകവുമായ രോഗങ്ങളാൽ അസ്വസ്ഥതകളാൽ പീഡിപ്പിക്കപ്പെടുന്നവർ ഇങ്ങനെ എണ്ണി തിട്ടപ്പെടുത്താനാവാത്തവിധം ദുരിതങ്ങളും, ദുരന്തങ്ങളും അനുഭവിക്കുന്നവരാണ് ഇന്നും നമ്മുക്ക് ചുറ്റുമുള്ളത്. ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെകൊണ്ട് ആവശ്യം എന്നരുളി ചെയ്ത ക്രിസ്തു എന്ന 'ആത്മവൈദ്യൻ' സമൂഹത്തിലെ പാവപ്പെട്ടവരിലേക്ക്, ദുരിതമനുഭവിക്കുന്നവരുടെയിടയിലേയ്ക്കിറങ്ങി ചെന്ന് സാധാരണക്കാർക്കിടയിൽ അവരെപോലെ വെറും ഒരു നിസ്സാരനായ സാധാരണ മനുഷ്യന്റെ ഭാവത്തിൽ അവരുടെ പ്രശ്നങ്ങൾ പഠിച്ചു അറിഞ്ഞു അതിനൊരു പരിഹാരമായി മാറി അവരെ സംരക്ഷിച്ചു. രക്ഷയുടെ സുവിശേഷം ഘോഷിച്ചു.

ഇന്നു പലരും സന്ന്യാസ ജീവിതവും, സഭാ നേതൃത്വവും, പൗരോഹിത്യവുമൊക്കെ തിരഞ്ഞെടുക്കുന്നത് സുഖലോലുപരായി ആഡംബര ജീവിതം നയിക്കുക എന്ന ലക്ഷ്യം മുൻ കണ്ടുകൊണ്ടാണ്. ആത്മീയതയ്ക്കു പകരം അധികാരം, മേൽക്കോയ്മ, പത്രോസ് ലഹരിയായി മാറുമ്പോൾ സഭയിലുള്ളവർ തമ്മിൽ തല്ലി പിരിഞ്ഞ് ദൈവബോധത്തിൽ നിന്നകലുന്നു. അതു മൂല്യച്യുതിക്കു നിമിത്തമാകുന്നു. സഭയുടെ നല്ല നടത്തിപ്പിനും, പരിപാലനത്തിനും ദൈവത്തെ അനുഭവിച്ചറിഞ്ഞുൾക്കൊള്ളുന്നവരെ തിരഞ്ഞെടുക്കണം. നവയുഗക്രിസ്തു വായിരിക്കണം സഭാ നേതൃത്വം വഹിക്കുന്നവർ. ക്രിസ്തു ബോധവും, ഭാവവും, സ്വഭാവശീലവുമില്ലാത്തവർ എങ്ങനെ ക്രിസ്തുവിന്റെ പിൻഗാമികളെന്നെ പേരിലറിയപ്പെടും. ക്രിസ്തുവിനെപോലെയുള്ളവർക്കെ ക്രിസ്താനിയെന്നു പറയുവാൻ അർഹതയുള്ളു. അല്ലാത്തവരെല്ലാം ബൈബിളിൽ പറഞ്ഞിരിക്കുന്ന വിജാതിയരാണ്. അഹങ്കാരം (Ego) എന്ന അന്യ ദൈവത്തെ വാഴ്ത്തുന്നവർക്ക് 'സത്യം' നിലനിൽക്കുന്ന ആരാധനാലയങ്ങളിലെന്തു കാര്യം. അരമനകളിലും, ആരാധനാലയമെന്ന പേരിലുള്ള മണിമാളികകളിലും, ആഡംബര വാഹനങ്ങളിലും, ആർഭാടങ്ങളിലും ജിവിക്കുന്നവർ പാവപ്പെട്ടവരുടെ സങ്കടം എങ്ങനെ അറിയും.

സാധാരണക്കാരിൽ സാധാരണക്കരായി, സാധാരണക്കാർക്കിടയിൽ ജീവിച്ച്, അവരോടൊപ്പം കഴിഞ്ഞ്, അവരുടെ സങ്കടം അവരോടൊപ്പം അനുഭവിച്ചറിഞ്ഞവർക്കു മാത്രമെ അതിനു ശാശ്വതമായ പരിഹാരം കാണുവാനുള്ള ആത്മീയ ഊർജ്ജം സംഭരിക്കുവാനാകൂ. രാജകൊട്ടാരത്തിൽ സകല സൗഭാഗ്യങ്ങളോടും കൂടെ കഴിഞ്ഞ ഗൗതമ ബുദ്ധൻ 'സത്യം' അറിയാൻ കൊട്ടാരം ഉപേക്ഷിച്ച്, ഭിക്ഷാപാത്രമെടുത്തു സാധാരണജീവിതമറിയുവാൻ തെരുവിലേയ്ക്കിറങ്ങി. ഇവിടെ രാജാവ് എല്ലാമുപേക്ഷിച്ച്, സ്വന്തമായി ഒരു ഭിക്ഷാപാത്രമല്ലാതെ മറ്റൊന്നുമില്ലാത്തവസ്ഥയിൽ യഥാർത്ഥ സന്ന്യാസത്തിനു മാതൃകയായി. ഇന്നു പലരും സന്ന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത് ഭൗതീക ജീവിത നിലവാരം ഉയർത്തുവാനും, സാമ്പത്തിക ഭദ്രതയ്ക്കുംവേണ്ടി മാത്രമാണ്.

ഉത്തരവാദിത്യങ്ങൾ ഏറ്റെടുക്കുവാനുള്ള ഭയം, അലസതമൂലം ജീവിതത്തിൽ നിന്നും ഓടിയൊളിക്കുന്നതല്ല സന്ന്യാസം. അവനവനുവേണ്ടിയും, സമൂഹത്തിനുവേണ്ടിയും, സത്യം കണ്ടെത്തി, സമ്പൂർണ്ണതയെ സാക്ഷാത്ക്കരിക്കുവാനുള്ള ധ്യാന ജീവിത്തിന്റെ കഠിനാധ്വാനം ആണ് സന്ന്യാസം. ഉള്ളിലുള്ള പരമാത്മജ്ഞാനവും, ശക്തിയും, ഊർജ്ജവും ഉണർത്തി പരമമായ ബോധോയത്തിൽ എല്ലാ ദുഃഖങ്ങളിൽ നിന്നുമുള്ള ശാശ്വതമായ മോചനമാണ് സന്ന്യാസം.

'ജഢമോഹം, കൺമോഹം, ജീവിനത്തിന്റെ പ്രതാപം, ലോകം, ജഢം, പിശാചിന്റെ ബന്ധങ്ങളെ അതിജീവിക്കലാണ് സന്ന്യാസം.' അഹങ്കാര ബോധം (EGO) ഉപേക്ഷിച്ചവർക്ക് മാത്രമെ ഇതിനു സാധ്യമാകൂ. 'ഞാൻ, എന്റേത്, എനിക്കു മാത്രം' എന്ന സ്വാർത്ഥ താത്പര്യങ്ങളെ ഉപേക്ഷിച്ച് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയെന്നതാണ് സന്ന്യാസം.

'കർമ്മഫല ത്യാഗമാണ് സന്ന്യാസം'. എന്നു ഗീത പറയുന്നു. കർമ്മത്തെയല്ല മറിച്ച് കർമ്മം ചെയ്തു കിട്ടുന്ന ഫലത്തെയാണ് ത്യജിക്കേണ്ടത്. യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ കർമ്മം ചെയ്യുക.

ഈ ലോകത്ത് ഒരു പദവി നേടിയെടുക്കുവാനും, എന്റെ പേര് ഈ ലോകത്തെന്നും നിലനിൽക്കണമെന്ന ആഗ്രഹത്തോടും പ്രവർത്തിക്കുന്നത് ഒന്നും തന്നെ സന്ന്യാസമല്ല. ആരൊക്കെ എന്തൊക്കെ പറഞ്ഞു ദുഷിച്ചാലും, നിന്ദിച്ചാലും, ഉപദ്രവിച്ചാലും, സത്യത്തിന്റെ പാതയിൽ, സ്നേഹത്തിന്റെ കൊടിയുമായി ദൈവീക മർമ്മങ്ങളുടെ യാഥാർത്ഥ്യം (സത്യം) ഇടറാതെ, പതറാതെ, അന്വേഷിച്ച്, ഒരിക്കലും മടുത്തുപോകാതെ നിരന്തരം പ്രാർത്ഥനയിൽ പൊരുതി ജയിച്ച് വ്രതനിഷ്ഠയിൽ ഉറച്ചുനിന്ന് കണ്ടെത്തുന്നതാണ് സന്ന്യാസം.

'ഞാൻ ലോകത്തെ ജയിച്ചവൻ' എന്നു ക്രിസ്തു സ്വയം കണ്ടെത്തി. ആത്മവിശ്വാസത്തോടെ ഏറ്റു പറഞ്ഞു, ശിഷ്യരെ ധൈര്യപ്പെടുത്തി, അവർക്കു ലോകത്തെ ജയിക്കു



ആത്മീയതയും, ഭൗതീകതയും പരിശുദ്ധാത്മാവിൽ ഒന്നാകുന്ന അവസ്ഥയാണ് സന്ന്യാസം. ശരീരവും, മനസും, ആത്മാവും ദൈവാത്മാവിലൊന്നാകുന്ന അവസ്ഥ. ഇവിടെ ജഢത്തിന്റെ പ്രതിഭാസങ്ങളും പരമാത്മാവിൽ ലയിച്ചു ചേരുന്നു. സന്ന്യാസി പരമാത്മാവായിത്തീരുന്നു. ഈ അവസ്ഥയിലാണ് അപ്പോസ്തോലൻ പറയുന്നത് 'ഇനി ഞാനല്ല ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നത്' എന്ന്. ക്രിസ്തുവിനെ ഉപാസിച്ചു ധ്യാനിച്ചുള്ളിലുണർത്തുന്ന സന്ന്യാസി ഈ കാലഘട്ടത്തിന്റെ ക്രിസ്തുവായി മാറുന്നു. ക്രൂശിനെ ധ്യാനിക്കുന്ന സന്ന്യാസി 'ജഢത്തെ' അതിന്റെ രാഗമോഹങ്ങളോടെ ക്രൂശിക്കുന്നു.

സഭാ നേതൃത്വത്തിലുള്ളവർ സുഖലോലുപൻമാരും ഭൗതീകജീവിതം മാത്രം മെച്ചപ്പെടുത്തുന്നവരുമാണെങ്കിൽ, അണികളും ആഡംബര പ്രിയരും, അധികാരം മോഹികളും, സ്വാർത്ഥരും, അഹങ്കാരികളുമായി അധഃപതിക്കും. സ്വന്തം ജീവിതംകൊണ്ട് ക്രിസ്തുവിനെ വരച്ചു കാട്ടുന്നവർക്കു മാത്രമെ ക്രിസ്തു അനുഭവമറിഞ്ഞ സത്യ ക്രിസ്ത്യാനികളെ വാർത്തെടുടുക്കുവാനാകു. യേശു പറഞ്ഞു ഞാൻ 'വിശുദ്ധനാകയാൽ, നിങ്ങളും വിശുദ്ധർ ആകുവീൻ'. യേശു സ്വന്തം ജീവിതം മാതൃകയാക്കുവാൻ ശിഷ്യർക്ക് വിശുദ്ധിയും പ്രാർത്ഥനയും ജീവിതത്തിലൂടെ അവതരിപ്പിച്ചു കാണിച്ചു കൊടുത്തു. സന്ന്യാസിയുടെ വാക്കും പ്രവൃത്തിയും ഒന്നായിരിക്കണം. പറയുന്ന ദൈവവചനം ജീവിതത്തിൽ പ്രാവർത്തീകമാക്കിയാലേ അനുകരണീയമാകൂ.

മോക്ഷത്തിലേയ്ക്കുള്ള സന്ന്യാസത്തിന്റെ പാത ഇടുങ്ങിയതും, ഞെരുക്കമുള്ളതുമാണ്. സന്ന്യാസികൾ ഇടുങ്ങിയ പാത തിരഞ്ഞെടുക്കുന്നു. സ്വയം കണ്ടെത്താൻ സ്വയം ഞെരുങ്ങുന്നു. സത്യത്തിന്റെ പാത പുഷ്പ പരവതാനിയെന്നുമല്ല. ചിലപ്പോൾ മുള്ളുകളും, കുപ്പിച്ചില്ലുകളും തീക്കനലുകളും വിതറിയതാണ്. കർത്താവ് എപ്പോഴും സമീപസ്ഥനാണ് കഷ്ടങ്ങളിൽ ഏറ്റവുമടുത്ത തുണയാണ്. ഏതു പ്രതികൂലങ്ങളിലും കരുണയും, കരുതലും, കരുത്തും, കാവലുമാണ്. ഏതവസ്ഥയിലും നാം ആ കരവലയത്തിനുള്ളിലാണ്. എവിടെയും, എപ്പോഴും എങ്ങനെയായാലും ആ നല്ല സ്വർഗ്ഗീയ പിതാവിന്റെ മടിത്തട്ടിലാണ് തന്റെ വാസം എന്നുത്തമ ബോധ്യമുള്ളവരെ നല്ല ഇടയനെപോലെ ദൈവം എന്ന 'ആത്മബോധം' വഴി നടത്തി ലക്ഷ്യത്തിലെത്തിക്കുന്നു.

പിറക്കുവാൻ ഒരിടം തേടിയലഞ്ഞു നടന്ന്, ഒടുവിൽ ആരുടെയോ, പുൽക്കൂട്ടിൽ പിറന്നു വീണ ക്രിസ്തുവിനെ ആരാധിക്കുവാൻ ഇന്ന് കോടികൾ വിലമതിക്കുന്ന ആരാധനാലയങ്ങൾ ക്രിസ്ത്യാനികൾക്കുവേണം. ദാരിദ്രം വ്രതമാക്കി സ്വന്തമായൊന്നുമില്ലാതെ, സമ്പൂർണ്ണമായി പിതാവിനെ അനുസരിച്ച ശാശ്വത ബ്രഹ്മചാരിയായിരുന്നു ക്രിസ്തു. 'എന്നെ കണ്ടവൻ പിതാവിനെയും കാണുന്നു. ഞാനും പിതാവും ഒന്നാണെന്നുദ്ഘോഷിച്ച' ക്രിസ്തുവിൽ മനുഷ്യനും ദൈവവും ഒന്നായി ഏകീഭവിക്കുന്ന അദ്വൈത ആനന്ദ മൂർത്തിയാകുന്നു. 'ഞാനും പിതാവും രണ്ടല്ല ഒന്നാണ്' എന്ന് ഏറ്റു പറയുവാനുള്ള ചങ്കുറ്റമാകുന്നു സന്ന്യാസം. കുരിശിലേ മരണത്തോളം എല്ലാമുപേക്ഷിച്ച ക്രിസ്തുവിനെപോലൊരു സന്ന്യാസിക്കു മാത്രമെ ശത്രുക്കളോട് ക്ഷമിക്കുവാനും, അവരുടെ നവോത്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും, സ്വന്തം ആത്മാവിനെ പിതാവിന്റെ പക്കൽ ഏൽപ്പിച്ച്, ആത്മസമർപ്പണത്തിലൂടെ, ബ്രഹ്മലയ സമ്പൂർണ്ണത സാക്ഷാത്ക്കരിക്കുവാനും കഴിയൂ. സന്ന്യാസത്തിന്റെ സമ്പൂർണ്ണതയിൽ സന്ന്യാസി ദൈവവുമായി ഒന്നാകുന്നു. 'അദ്വൈത ആനന്ദി'യാണ് സന്ന്യാസി.

വാനുള്ള ആത്മീയ മാർഗ്ഗങ്ങൾ പഠിപ്പിച്ചു കൊടുത്തു. സന്ന്യാസിയുടെ രസം ദൈവത്തിലായിരിക്കും. ദൈവമൊഴികെയുള്ള ഭൗതീക കാര്യങ്ങളെല്ലാം വിരസവും, വിരക്തവുമായിരിക്കും.

അവനവന്റെ അഹങ്കാരങ്ങളോടും, അത്യാഗ്രഹങ്ങളോടുമുള്ള പോരാട്ടമാണ് സന്ന്യാസം. അനാവശ്യ ആഗ്രഹങ്ങളോടുള്ള യുദ്ധം. അത്യാഗ്രഹങ്ങലേയ്ക്കും, ആഡംബര ഭ്രമങ്ങളിലേയ്ക്കും, അംഗീകാര ദാഹങ്ങളിലേയ്ക്കും, പ്രദർശന കമ്പങ്ങളിലേയ്ക്കും വഴിതെറ്റി പോകാതിരിക്കുവാൻ ഉറച്ച സന്ന്യസ ബോധം സഹായിക്കുന്നു.

സന്ന്യാസി മനസിനെ കീഴടക്കും. ഞാൻ എന്നത് ദേഹമല്ല, മനസല്ല, മറിച്ച് ആത്മാവാണ് എന്ന തിരിച്ചറിവാണ് സന്ന്യാസം. സർവ്വസംഗ പരിത്യാഗിയാണ് സന്ന്യാസി. ഭൗതീകതയോടുള്ള സർവ്വ ബന്ധങ്ങളും ഉപേക്ഷിച്ചവൻ. ഭൗതീക വിഷയങ്ങളോട് സംപൂർണ്ണ വൈരാഗ്യം വന്നവനും, ആത്മീയതയിൽ ആനന്ദം കണ്ടെത്തുന്നവനും മാത്രമെ സന്ന്യാസം സ്വീകരിക്കാവൂ

# ഏവൻഗേലിയോൻ ദീപം



ഫാ. പി.റ്റി മാത്യു, പയ്യനാട്ട്

## 1. ജോസഫിനുണ്ടായ വെളിപാടിന്റെ ഞായർ (മത്താ. 1:18 – 25) 17 – 12 – 2023

പരിശുദ്ധ സഭ, നവംബർ മാസത്തിലെ 2–ാം ഞായറാഴ്ച ഹൂദോസ്ഈത്തോ പെരുന്നാൾ ആചരിച്ചാൽ കർത്താവിന്റെ ജനനപ്പെരുന്നാൾ ആയ ഡിസംബർ 25–ാം തീയതി വരെയുള്ള ഞായറാഴ്ചകളിൽ അവന്റെ ജനനത്തോടു ബന്ധപ്പെട്ടു നടന്ന സംഭവങ്ങളാണ് ഏവൻഗേലിയോനിൽ ധ്യാനിക്കുന്നത്.

ഇന്നു നാം ധ്യാനിക്കുന്ന വേദഭാഗത്തിൽ വിശുദ്ധ കന്യക മറിയത്തിൽനിന്നുള്ള നമ്മുടെ കർത്താവിന്റെ കന്യകാജനനം വളരെ വ്യക്തമാണ്. യഹൂദ പെൺകുട്ടികൾക്ക് 12 വയസ്സാകുമ്പോൾ അവരുടെ വിവാഹനിശ്ചയം നടക്കും. ഒരു വർഷത്തിനു ശേഷമായിരിക്കും അവർ കൂടിച്ചേരുക. ഇവിടെ യൗസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട മറിയാം കൂടിച്ചേരലിനുമുമ്പേ ഗർഭിണിയായി കാണപ്പെട്ടു. യൗസേഫ് സമൂഹത്തിൽ അപമാനിതനാകുന്ന ഒരു സാഹചര്യമാണുണ്ടായിരിക്കുന്നത്. അവനു സമൂഹത്തിൽ തല ഉയർത്തി നടക്കണമെങ്കിൽ മറിയാം സമൂഹത്തിൽ കല്ലെറിഞ്ഞ് കൊല്ലപ്പെടണം. എന്നാൽ യൗസേഫ് നീതിമാനാകകൊണ്ടു അവളെ സമൂഹത്തെ ഏല്പിക്കാതെ ശുദ്ധമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. ആരാണു നീതിമാൻ? യഹസ്കിയേൽ 18:5–10 വരെ ഭാഗം നോക്കുക.

വ്യാകുലപ്പെട്ടു കഴിയുന്ന യൗസേഫിന്റെ അരികിലെത്തിയ ദൈവദൂതൻ യൗസേഫിനോടു പറയുന്നു; നിന്റെ ഭാര്യയായ മറിയാമിനെ ചേർത്തുകൊള്ളുവാൻ മടിക്കണ്ട; അവളിലുല്പാദിതമായത് പരിശുദ്ധാത്മാവിനാലാണ്. പരിശുദ്ധ അമ്മയുടെ അരികിലെത്തിയ ഗബ്രിയേൽ മാലാഖയും; നീ ഭയപ്പെടേണ്ട പരിശുദ്ധ റൂഹാ നിന്റെമേൽ നിഴലിടും, നീ ഗർഭം ധരിക്കും (ലൂക്കോ. 1:35) എന്നാണ് പറഞ്ഞത്. പുരുഷസ്പർശം ഏല്ക്കാതെയുള്ള ഗർഭധാരണമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്.

യേശയ്യാ പ്രവചനം 7:14 ൽ വിവരിച്ചിരിക്കുന്ന പ്രകാരം, എവിടെ കന്യക പ്രസവിക്കുന്നു എന്നന്വേഷിച്ച് ആ പൈതലിനെ കൊന്നു കളയുവാൻ നടക്കുന്ന പിശാചിന്റെ കണ്ണിൽ പൊടിയിടുവാനുള്ള ദൈവിക പദ്ധതിയായി നാമിതിനെ കാണണം.

## 2. കർത്താവിന്റെ ജനനത്തിനു മുമ്പുള്ള ഞായർ (മത്താ. 1:1 – 17) 24 – 12 – 2023

യഹൂദനായ മത്തായിശ്ലീഹാ സുവിശേഷം എഴുതുന്നത് യഹൂദാ ക്രിസ്ത്യാനികൾക്കുവേണ്ടിയാണ്. കർത്താവായ യേശുക്രിസ്തു ദൈവത്തിൽനിന്നു വാഗ്ദത്തം പ്രാപിച്ച അബ്രഹാമിന്റെ പുത്രനാണ് എന്നു സമർത്ഥിക്കയാണു അദ്ദേഹം ചെയ്യുന്നത്. ദൈവസൃഷ്ടിയായ ആദാം ദൈവത്തിന്റെ മകനാണെന്നും, ആദാമിന്റെ പിൻതലമുറക്കാരനായിട്ടാണ് നമ്മുടെ കർത്താവു ജനിച്ചതെന്നും, സുവിശേഷകനായ ലൂക്കോസ് വ്യക്തമാക്കുന്നു (ലൂക്കോ. 3:23–38). ഈ വംശാവലി ലോക സ്ഥാപനത്തിനുമുമ്പേ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണെന്നും, നാമെല്ലാവരും ക്രിസ്തുയേശുവിൽ ലോകസ്ഥാപനത്തിനു മുമ്പേ തിരഞ്ഞെടുക്കപ്പെട്ടവരുമാണെന്നും പൗലോസ്അപ്പസ്തോലൻ വ്യക്തമാക്കുന്നു. (കൊലാ. 1:4). നാം കർത്താവിനെ രക്ഷിതാവായി സ്വീകരിക്കയല്ല, മറിച്ച് കർത്താവു നമ്മെ രക്ഷിക്കയാണു ചെയ്തിരിക്കുന്നത്.

പുരുഷമേധാവിത്വമുള്ള സമൂഹമാണ് യഹൂദാസമൂഹം. സ്ത്രീകൾ മക്കളെ പ്രസവിക്കുന്ന വെറും ഉപകരണങ്ങൾ മാത്രം. എന്നിട്ടും ചില സ്ത്രീകളെ ശ്ലീഹാ ഇതിൽ പരാമർശിച്ചിരിക്കുന്നു. താമാർ, രാഹബ്, രൂത്ത്, ബേത്ത്-ശേബാ, യൗസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്ന മറിയം. ഇവർക്കെല്ലാം ഓരോ പ്രത്യേകത ഉള്ളതിനാലാണ് പേരെടുത്ത് പറഞ്ഞിരിക്കുന്നത്. രാഹബ് വേശ്യയായിരുന്നുവെന്നും, രൂത്ത് ലോത്തിനു തന്റെ മൂത്തമകളിൽ ഉണ്ടായ മോബാവിന്റെ പിൻതലമുറക്കാരിയാണെന്നും, ബേത്ത്-ശേബാ ഊരിയാവ് എന്ന ഭടന്റെ ഭാര്യയും പിന്നീട് ദാവീദു രാജാവിനു ഭാര്യയായിത്തീർന്നതും തിരുവചനം വ്യക്തമാക്കുന്നു. ഏതു പാപിയേയും തന്റെ വംശാവലിയൊടു ചേർക്കാൻ ദൈവത്തിനവകാശമുണ്ട്.

താമാറിനെക്കുറിച്ചു ചിന്തിക്കാം. പ്രധാന പിതാക്കന്മാരിൽ മൂന്നാമനായ യാക്കോബിന്റെ മകൻ യഹൂദാ പൂർവ്വ പിതാക്കന്മാർ പഠിപ്പിച്ച പാരമ്പര്യം ലംഘിച്ച്, തന്റെ സഹോദരന്മാരെ വിട്ടു, കനാന്യസ്ത്രീയായ ശുഖായെ പരിഗ്രഹിച്ചു. അവളിൽ ഏർ, ഒനാൻ, ശേലാ എന്നീ ആൺമക്കൾ ഉണ്ടായി. ഉല്പത്തി 38–ാം അദ്ധ്യായം മുഴുവൻ വായിക്കുക. മൂത്തമകൻ ഏറിനു യഹൂദാ ഭാര്യയായി കൊടുത്തവളത്രേ താമാർ. കനാന്യസ്ത്രീയിൽനിന്നു ജനിച്ച ‘ഏർ’ യഹോവയ്ക്ക് അനിഷ്ടനായിരുന്നതിനാൽ അവനെ മരിപ്പിച്ചു. യഹൂദാ, അനിയനായ ‘ഒനാന്’ അവളെ ഭാര്യയായിക്കൊടുത്തു. അവനിലൂടെയും മക്കളുണ്ടാകുവാൻ ദൈവം സമ്മതിച്ചില്ല. ഇളയവനായ ശേലാ പ്രായമാകാത്തതിനാൽ യഹൂദാ, താമാറിനെ അവളുടെ വീട്ടിൽ പറഞ്ഞുവിട്ടു. ഒടുവിൽ യഹൂദയുടെ ഭാര്യയും മരിച്ചു. അപകടം മണത്തറിഞ്ഞ താമാർ ഒരു വേശ്യയുടെ വേഷം ധരിച്ച് അമ്മായി അപ്പനായ യഹൂദയിൽനിന്നു ഗർഭം ധരിച്ചു പാരസിനെ പ്രസവിച്ചു. അബ്രഹാമിൽനിന്നു യേശുക്രിസ്തുവിങ്കലേക്ക് സ്വർഗ്ഗം നിശ്ചയിച്ചിരുന്ന വംശാവലി യഹൂദയിൽ അവസാനിക്കുമായിരുന്നു. എന്നാൽ താമാർ ദൈവാത്മാപ്രേരിതയായി യഹൂദായുടെ കടിപ്രദേശത്തുനിന്നു നേരിട്ടു കൈക്കലാക്കി; യേശുക്രിസ്തുവിങ്കലേക്കുള്ള വംശാവലി അനുസ്യൂതം ഒഴുക്കി.

“യൂദായിൻ മറവിലമർന്ന മന്നനെ മോഷ്ടിച്ചാൽ താമാർ അവൾ മോഹിച്ചൊരു ലാവണ്യം വിജയ ശ്രീ ഇന്നാർജിച്ചു”. (ജനനപ്പെരുന്നാൾ പ്രഭാതം).

യഹൂദായുടെ കടിപ്രദേശത്തു ഒളിച്ചിരുന്ന രാജകുമാരനെ താമാർ മോഷ്ടിച്ചു. അവൾ അന്നു മോഹിച്ച രാജകുമാരനാണ് ഇന്നു ബേത്‌ലഹേമിലെ പുൽതൊട്ടിയിൽ വിളങ്ങുന്ന

യഹൂദന്മാരുടെ രാജാവ്. യഹൂദാ ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുകയും സ്വവംശ വിവാഹനിഷ്ടയിൽ ഊറ്റം കൊള്ളുകയും ചെയ്യുന്ന നാം ഈ വിഷയം പഠിക്കുകയും തലമുറകളെ പഠിപ്പിക്കുകയും ചെയ്യണം.

## 3. കർത്താവിന്റെ ജനനപ്പെരുന്നാൾ (വി. മത്താ. 2:1 – 12) 25 – 12 – 2023

ഈ വർഷം ജനനപ്പെരുന്നാൾ 25-12-2023 തിങ്കളാഴ്ച യാണ് സഭ കൊണ്ടാടുന്നത്. എന്താണ് ജനനപ്പെരുന്നാൾ എന്ന് നാം അറിഞ്ഞിരിക്കണം.

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് ആദിപിതാവായ ആദ മിനെ സൃഷ്ടിക്കുന്നതിനുമുമ്പേ തന്റെ എതിരാളിയായ സാത്താൻ (ലൂസിഫർ) ദൈവസൃഷ്ടിയായ അവനെ വഞ്ചിച്ചു തന്നിൽനിന്നു അകറ്റിക്കളയുമെന്നു തീർച്ചയുണ്ടാ യിരുന്നതിനാൽ അവനെ പാപത്തിൽനിന്നു രക്ഷിച്ചു തന്നി ലേക്കു തിരികെക്കൊണ്ടുവരുന്നതിന് ബ്രഹത്തായ ഒരു പദ്ധതി മനുഷ്യസൃഷ്ടിക്കു മുമ്പേ ആവിഷ്കരിച്ചു. അതാ യത് കാലസമ്പൂർണ്ണതയിൽ തന്റെ ഏകജാതനായ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ലോകത്തിലേക്കയച്ചു. സകല ലോകത്തിന്റെയും പാപത്തെ, ദൈവ കുഞ്ഞാടായ അവന്റെമേൽ ആക്കി, അവനെ ബലി അർപ്പിച്ചു ലോകത്തെ വീണ്ടെടുക്കുന്ന ദൈവിക പദ്ധതിയുടെ ആദ്യ പടിമാത്രമാണ് യഹൂദ്യയിലെ ബേത്‌ലഹേമിൽ നടന്ന യേശുവിന്റെ ജനനം. ദൈവിക പദ്ധതി പൂർത്തിയാകുന്നത് കാൽവറിയിലെ ക്രൂശി ലാണ്. ആയതിനാൽ ക്രിസ്തുമസ്സ് ആചരണത്തോടുകൂടെ നമ്മുടെ വിശ്വാസജീവിതം അവസാനിപ്പിക്കരുത്.

## ജനനപ്പെരുന്നാളിനു ശേഷമുള്ള ഞായർ (ലൂക്കോസ് 2:39 – 52) 31 – 12 – 2023

മക്കൾ ദൈവത്തിന്റെ ദാനമാണെന്നും, കർത്തൃശരീര മായ സഭ കല്പിച്ചിരിക്കുന്ന കാര്യങ്ങളൊക്കെയും മടി കൂടാതെ നമ്മുടെ മക്കൾക്കായി നിർവ്വഹിക്കണമെന്നും മറി യാമും യൗസേഫും നമ്മെപഠിപ്പിക്കുന്നു. മകനുവേണ്ടിയുള്ള സകല കർമ്മങ്ങളും നിർവ്വഹിച്ചശേഷം മറിയാമും യൗസേഫും അവരുടെ താമസസ്ഥലമായ ഗലീലിയായിലെ നസ്രേത്തിൽ ചെന്നു പാർത്തു.

യേശുവിന് 12 വയസ്സായപ്പോൾ പെസഹാ ആചരിപ്പാൻ യേശുവുമായി യറുശലേമിലേക്കുപോകുന്നു. പന്ത്രണ്ടു വയ സ്സാകുമ്പോഴാണ് പ്രായപൂർത്തിയായ പുരുഷന്മാരായി യഹൂദാ ബാലന്മാരെ കണക്കാക്കുന്നത്. 12 വയസ്സായാൽ അവർ ദൈവാലയത്തിനു ആണ്ടുവരി കൊടുത്തു തുടങ്ങ ണം.

പെസഹാ പെരുന്നാളിന് നിശ്ചയമായും യരുശലേം ദൈവാലയത്തിൽ വരണം. തന്റെ 12-ാം വയസ്സിൽ പെസഹാ പെരുന്നാളിന്ന് ദൈവാലയത്തിൽപോയ യേശു താൻ ദൈവ ത്തിന്റെ പുത്രനാണെന്നും ദൈവാലയം തന്റെ പിതാവിന്റെ ഭവനമാണെന്നും വെളിപ്പെടുത്തുന്നു. എന്നിട്ടും തന്റെ മാതാ വായ മറിയാമിനോടും വളർത്തുപിതാവായ യൗസേഫി നോടും ഒത്തു അനുസരണയുള്ള കുട്ടിയായി നസ്രേത്തിൽ ചെന്നു പാർക്കുന്നു. ഈ യേശുവാകട്ടെ നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും "റോൾ മോഡൽ'.

പരിശുദ്ധനായ പൗലോസ്ശ്ലീഹാ എന്താണുപഠിപ്പിക്കുന്ന തെന്നു ശ്രദ്ധിക്കുക. "മക്കളെ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അത് ന്യായമല്ലോ. നിനക്കു നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരി പ്പാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക. പിതാക്കന്മാരെ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ (എഫേ. 6:1-4).

## 5. ദനഹായ്ക്ക്ശേഷം 1 – ാം ഞായർ (മത്താ. 4:12 – 22) 07 – 01 – 2024

നാം ചിന്തിക്കുന്ന വേദഭാഗത്തുനിന്ന് നാം ഉൾക്കൊ ള്ളേണ്ട പ്രധാന വിഷയങ്ങൾ:-

1) കർത്താവ് പരസ്യശുശ്രൂഷ ആരംഭിച്ച ഗലീലയിലെ കപ്പർനഹൂം ഇരുട്ടിലിരുന്ന ഭൂപ്രദേശമാണ്.

2) കർത്താവിന്റെ പ്രസംഗവിഷയം "മാനസാന്തരം" ആയി രുന്നു.

3) ഇരുട്ടിലിരുന്ന പ്രദേശത്തു നിന്നുമാണ് കർത്താവ് പര സ്യശുശ്രൂഷ ആരംഭിച്ചത്.

4) ഈ പ്രദേശത്തുനിന്നാണ് കർത്താവ് തന്റെ ശിഷ്യ ന്മാരെ തിരഞ്ഞെടുത്തു തുടങ്ങിയത്.

എല്ലാം ചിന്തിക്കാൻ സാദ്ധ്യമല്ല. ഒന്നാമത്തെ വിഷയത്തി ലേക്ക് പ്രവേശിക്കാം.

യിസ്രയേലിന്റെ ചരിത്രം പഠിക്കുമ്പോൾ; ദാവീദു രാജാവ് 12 ഗോത്രങ്ങൾ ഉൾക്കൊള്ളുന്ന യിസ്രായേൽ രാജ്യം, സകല ശത്രുക്കളുടെയും കയ്യിൽനിന്നു രക്ഷിച്ചു ഒരു രാജ്യമാക്കി. അദ്ദേഹത്തിന്റെ കാലത്തും പുത്രനായ ശലോമോന്റെ കാലത്തും സമാധാനത്തോടെ വസിച്ചു. ശലോമോന്റെ കാലത്തു യറുശലേമിൽ ദൈവാലയം പണിതു ഈ ദൈവാ ലയത്തെ 'ലോകത്തിന്റെ വെളിച്ചം' എന്നാണു യഹൂദൻ വിശേഷിപ്പിച്ചിരുന്നത്. ജ്ഞാനംകൊണ്ടും സമ്പത്തു കൊണ്ടും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ശലോമോൻ രാജാവ് യഹോവയുടെ വഴികളിൽ നടന്നില്ല. 1 രാജാക്കന്മാർ 11-ാം അദ്ധ്യായം മുതൽ പഠിക്കുക. ശലോമോന്റെ കാല ശേഷം ദേശം രണ്ടായി വിഭജിക്കപ്പെട്ടു. ശലോമോന്റെ മക നായ രെഹബയാവിന് രണ്ട് ഗോത്രങ്ങൾ മാത്രം ഉൾപ്പെടു ന്ന തെക്കൻ ദേശവും, അവന്റെ ദാസനായ യെരോബയാ മിന് പത്തു ഗോത്രങ്ങൾ ഉൾപ്പെടുന്ന വടക്കൻ ദേശവും ലഭി ച്ചു. തനിക്കു ലഭിച്ച വടക്കൻ പ്രദേശത്തെ ജനങ്ങളെ യറുശ ലേമിൽ പോകുവാൻ, യെരോബയാം സമ്മതിച്ചില്ല. അങ്ങനെ ദൈവാലയവുമായുള്ള ബന്ധം ദൈവജനത്തിനു നിഷേധി ക്കപ്പെട്ടു. കർത്താവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ യിസ്രായേലിൽ മൂന്നു ഭൂവിഭാഗങ്ങൾ ഉണ്ട് 1) യഹൂദ്യ, 2) ശമര്യ- ഇവിടത്തെ ജനങ്ങൾ പുറജാതിക്കാരുമായി ബന്ധ ത്തിലേർപ്പെട്ടു ഒരു സങ്കര വർഗ്ഗമായിത്തീർന്നു. 3) ഗലീലി യ- ഈ പ്രദേശത്താണ് നമ്മുടെ കർത്താവിന്റെ ബാല്യം മുതൽ യുവാവായ സമയംവരെയും വളർന്ന നസ്രേത്ത് പട്ട ണവും, നാമിപ്പോൾ ചിന്തിക്കുന്ന കപ്പർന്നഹൂമും. യിസ്രാ യേലിന്റെ വടക്കുപടിഞ്ഞാറു സ്ഥിതി ചെയ്യുന്ന ഈ പ്രദേശം യവന രാജ്യങ്ങളാൽ ചുറ്റപ്പെട്ട സ്ഥലം. കനാന്യരെ നീക്കിക്കളയേണ്ട, സെബുലൂൻ നഫ്താലി ഗോത്രപിതാ ക്കന്മാർ അതിനു മുതിരാതെ കനാന്യരെ തങ്ങളോടുകൂടെ ബന്ധിപ്പിക്കാൻ അനുവദിച്ച ദേശം. യറുശലേമ്യ ബന്ധമു ള്ളവർ വളരെക്കുറച്ചു മാത്രമുള്ള പ്രദേശം. ഈ പ്രദേശത്തു ള്ളതായ യിസ്രായേല്യരെയാണ്, ഇരുട്ടിലിരുന്ന ജനം എന്ന് പ്രവാചകനെ ഉദ്ധരിച്ചു മത്തായിശ്ലീഹാ വിശേഷിപ്പിക്കുന്നത്.

നമുക്കു നമ്മിലേക്കൊന്നു തിരിഞ്ഞു നോക്കാം. ലോകത്തെ പ്രകാശിപ്പിക്കാൻ വന്ന ദൈവപുത്രനുമായി നമു ക്കുള്ള ബന്ധം. അവന്റെ നാമം പ്രഘോഷിക്കപ്പെടുന്ന പരിശുദ്ധ ദൈവാലയവുമായി നമുക്കുള്ള ബന്ധം, പരിശുദ്ധ സഭയുടെ നിർമ്മിതിക്കും വളർച്ചയ്ക്കും കാരണഭൂതരായ

പരി. ശ്ലീഹന്മാരുമായുള്ള ബന്ധം, നാം ദൈവമക്കളായിത്തീരുവാൻ നമ്മെ പഠിപ്പിച്ച നമ്മുടെ പിതാക്കന്മാരോടുള്ള ബന്ധം ശരിയായ ദിശയിലെന്ന് ഉറപ്പു വരുത്തുക. ഗലീലായിലെ, എണ്ണത്തിൽ കുറഞ്ഞ യഹൂദാ കുടുംബങ്ങളെപ്പോലെ, പ്രതികൂലങ്ങളുടെ മദ്ധ്യത്തിലും വംശശുദ്ധി കാത്ത് സൂക്ഷിച്ചു ജീവിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

### 6. ദനഹായ്ക്ക്ശേഷം 2 – ാം ഞായർ (യോഹ. 1:43 – 51) 14 – 1 – 2024

നമ്മുടെ കർത്താവ് യഹൂദാ ഗോത്രത്തിൽപ്പെട്ടവനാണ്. പരസ്യശുശ്രൂഷയിൽ തന്നോടുകൂടെ ആയിരിപ്പാൻ കപ്പർന്നഹൂം മുതൽ, യഹൂദാ ഗോത്രത്തിൽപെട്ട ശ്ലീഹന്മാരെ താൻ തിരഞ്ഞെടുത്തു തുടങ്ങി. കപ്പർന്നഹൂമിൽനിന്നു ഗലീലയ്ക്ക് പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഫീലിപ്പോസിനെ കണ്ടു; അവനെയും ശിഷ്യസമൂഹത്തിൽ ചേർത്തു. ഫീലിപ്പോസ് തന്റെ സ്നേഹിതനായ നാഥനിയേലിനെ (ബർത്തുൽമായി) കണ്ടു യഹൂദന്മാർ നോക്കിപ്പാർത്തുകൊണ്ടിരിക്കുന്ന രക്ഷകനെക്കുറിച്ചും, അതു നസ്രായനായ യേശുവാണെന്നും അറിയിച്ചു. തിരുവചനത്തിലെവിടെയും രക്ഷകൻ നസ്രേത്തിൽനിന്നുവരും എന്നെഴുതിയിട്ടില്ലല്ലോ എന്ന് നാഥനിയേലിന്റെ മറുപടി. ഫിലിപ്പോസ് ഒരു വാഗ്വാദത്തിനു മുതിർന്നില്ല. വന്നുകാണുക അഥവാ അനുഭവിച്ചറിയുക എന്നു മാത്രം പറഞ്ഞു ഫിലിപ്പോസിന്റെ വാക്കു കേട്ട് കർത്താവിന്റെ അടുക്കൽചെന്ന ബർത്തലോമായിയെക്കുറിച്ച് കർത്താവിന്റെ സാക്ഷ്യം; "ഇതാ സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടമില്ല. തുടർന്നു അത്തിയുടെ ചുവട്ടിലിരുന്ന കാര്യമൊക്കെയും യേശു പറഞ്ഞു.

യഹൂദൻ ധ്യാനിപ്പാനാണ് അത്തിയുടെ ചുവട്ടിൽ ഇരിക്കുന്നത്. അവന്റെ ധ്യാനവിഷയം വരുവാനിരിക്കുന്ന രക്ഷകനെക്കുറിച്ചു മാത്രമാണ്. ഒരു യഥാർത്ഥ യഹൂദൻ കപടമില്ലാത്തവനായിരിക്കണം; യഹൂദനായ നമ്മുടെ കർത്താവിനെപ്പോലെ! കർത്താവ് ഹൃദയങ്ങളേയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നവനാണ്. അവന്റെ കാഴ്ചയിൽനിന്നും നമുക്കൊന്നും മറച്ചുവയ്ക്കാൻ സാധിക്കയില്ല. നാം അവനു സമീപസ്ഥനായാലും ദൂരസ്ഥനായാലും നമ്മുടെ അന്തരംഗങ്ങളെ അറിയുന്നവനാകുന്നു. നമുക്കും താൻ ഇരിക്കുന്നിടത്ത് ഇരിപ്പാനായി നമ്മെ കൂട്ടിച്ചേർപ്പാൻ വരുന്ന കർത്താവിനെ കപടമില്ലാത്ത ഹൃദയത്തോടെ ധ്യാനിച്ചും പ്രാർത്ഥിച്ചു കർത്തൃകല്പനകൾ അനുസരിച്ചും നോക്കിപ്പാർത്തു കൊണ്ടിരിക്കാം.

അനുഗ്രഹ സമ്പൂർണ്ണമായ ക്രിസ്തുമസ്സും, ഐശ്വര്യ സമ്പൂർണ്ണമായ പുതുവത്സരവും നേർന്നു കൊള്ളുന്നു.

# അരങ്ങിനപ്പുറത്തെ അണിയറ യാഥാർത്ഥ്യങ്ങൾ

**എൻജി. ടി. എം. തോമസ് കൊച്ചുപുരയ്ക്കൽ, തുണ്ടിയിൽ, കല്ലിശ്ശേരി**

മരുപ്പച്ചയുടെ പ്രാരംഭകാലഘട്ടത്തിൽ ചെങ്ങന്നൂർ ടൗണിൽ കൂടി മാനസിക അസ്വസ്ഥതയാൽ അലഞ്ഞു നടന്നു പോലീസിന്റെ ഇടപെടലിൽ സ്നേഹധാര അഭയഭവനത്തിൽ എത്തുകയും അവിടെനിന്നും മരുപ്പച്ചയിലേക്കു വരികയും ചെയ്ത തമിഴ്നാട്ടുകാരനായിരുന്നു ശ്രീ. ശങ്കരയ്യ. ഇവിടുത്തെ പരിചരണത്താൽ ടിയാൻ മാനസിക അസ്വസ്ഥതയിൽ വിടുതൽ പ്രാപിച്ചപ്പോഴാണ് ഇയാളുടെ പൂർവ്വകാലചരിത്രം മനസ്സിലാകുന്നത്. തിരുനെൽവേലിക്കടുത്ത ഏതോ ഗ്രാമക്കാരനാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഇൻഡ്യൻ പട്ടാളത്തിൽ പ്രവേശിച്ചു വർഷങ്ങൾക്കുശേഷം അവിടെ നിന്നും റിട്ടയർമെന്റും എടുക്കാതെ ചാടിപോരുകയായിരുന്നു. വസ്തുസംബന്ധമായ എന്തോ തർക്കത്താൽ ഭാര്യയുമായി തെറ്റി അസ്വസ്ഥനായി അലഞ്ഞു തിരിഞ്ഞു നടന്ന് എങ്ങനെയോ കേരളത്തിൽ എത്തി മരുപ്പച്ചയിൽ താമസമായി. മരുപ്പച്ചയിലെ പരിചരണത്താൽ മാനസിക അസ്വസ്ഥതകളൊക്കെ മാറി ഇവിടെ താമസിച്ചു വരികയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ഇയാളുടെ ഭാര്യ അവരുടെ സഹോദരനുമായി ടിയാനെ നാട്ടിലേക്കു കൊണ്ടുപോകാനായി കടന്നുവന്നു. ഭാര്യയുടെ കൂടെ എന്നെ വിടരുതെന്നും വിട്ടാൽ അവരെന്നെ കൊന്നു കളയുമെന്നും പറഞ്ഞു പോകാൻ തയ്യാറായില്ല. നാട്ടിൽ കൊണ്ടുപോയി ബലപ്രയോഗത്താൽ വസ്തുവകകൾ അവരുടെ പേരിൽ എഴുതി വാങ്ങുന്നതിനായിരുന്നു അവരുടെ ഉദ്യമം.

ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ ഒരു വാനിൽ ഭാര്യയും നാലു ഗുണ്ടകളുമായി ഈ സ്ത്രീ വീണ്ടും മരുപ്പച്ചയിലേയ്ക്ക് വന്ന് ബലമായി കൊണ്ടുപോകാൻ ശ്രമിച്ചു. ഇവിടുത്തെ അന്തേവാസികളുടെ കെയർടേക്കറായി ജോലി ചെയ്യുന്ന ശ്രീ. ബാബുവിനു തമിഴ് നല്ലവണ്ണം വശമുള്ളയാളാണ്. ഞാൻ പോലീസിനെ വിളിക്കാൻ പോകുകയാണെന്നു പറഞ്ഞതിനാൽ ഭയന്ന് അവർ പിൻമാറി തിരികെപോയി.

മാനസിക അസ്വസ്ഥതകളിൽ നിന്നും പൂർണ്ണമായി വിടുതലായപ്പോൾ ഇയാൾ ഇൻഡ്യൻ മിലിട്ടറി സർവ്വീസിൽ ജോലിയായിരുന്നുവെന്നും എന്തോ മാനസിക വിഭ്രാന്തിയാൽ ഡിപ്പാർട്ടുമെന്റ് അറിയാതെ ചാടിപ്പോന്നതാണെന്നും മനസ്സിലായി. പെൻഷനോടുകൂടിയുള്ള വോളന്ററി റിട്ടയർമെന്റു എടുക്കുന്നതിനുള്ള കാലാവധിയിൽ കൂടുതൽ സർവ്വീസ് ഉണ്ടെന്നുള്ളതിനാൽ ആയതിനു ശ്രമിക്കുന്നതിനായി തിരുനെൽവേലിയിലോ ചെന്നൈയിലോ ഉള്ള എക്സ് സർവ്വീസ്മെൻ അസ്സോസിയേഷനുമായി ബന്ധപ്പെടുന്നതിനായി തമിഴ്നാട്ടിലേക്കു ടിയാനെ പറഞ്ഞുവിട്ടു. ഏതാനും മാസങ്ങൾ കഴിഞ്ഞ് ടിയാൻ ഒരിക്കൽ മരുപ്പച്ചയിൽ സന്ദർശനത്തിനായി വന്നപ്പോൾ മിലിട്ടറി കാന്റീൻ സർവ്വീസ് ബനിഫിറ്റ് ഉൾപ്പെടെ പെൻഷനും മറ്റാനുകൂല്യങ്ങളെല്ലാം ലഭ്യമായ വിവരണങ്ങൾ അറിയാൻ സാധിച്ചു. ശ്രീ ശങ്കരയ്യ ഇപ്പോൾ സ്വന്തമായി ഒരു ഓട്ടോറിക്ഷാ വാങ്ങി സർവ്വീസ് നടത്തി ജീവിക്കുന്നു. ഒരാളെക്കൂടി ജീവിതത്തിലേയ്ക്ക് മടക്കി അയക്കാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

(തുടരും)

# ഭാഗ്യവാനായ മനുഷ്യൻ

സനീഷ് എബ്രഹാം മണിമലേത്ത്, പഞ്ചാബ്

യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ പ്രത്യാശ ആയിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ (യിരെമ്യാവ് 17:7).

യഹോവയായ കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവർ ആയിത്തീരുവാൻ നമ്മൾ എല്ലാവരും ആഗ്രഹിക്കുകയും ചിന്തിക്കുകയും ചെയ്യാറുണ്ട്. ഈ അവസ്ഥയിലേയ്ക്ക് മനുഷ്യന് ഉയരുവാൻ കഴിയണമെങ്കിൽ അവൻ യഹോവയിൽ തന്നെ വിശ്വസിക്കുകയും യഹോവ തന്നെ അവന്റെ ആശ്രയവും പ്രത്യാശയും ആയിരിക്കണമെന്ന് പ്രവാചകൻ ഈ വചനത്തിൽ കൂടെ ഓർമ്മിപ്പിക്കുന്നു.

യഹോവയായ കർത്താവിനൊപ്പം മറ്റു പലതിലും വിശ്വാസം അർപ്പിക്കുന്ന വ്യക്തിക്ക് കർത്താവിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ പ്രയാസമാണ്,

നാം ദൈവത്തോടൊപ്പം മറ്റുപലതിലും വിശ്വാസം അർപ്പിക്കുമ്പോൾ ദൈവത്തിന് നമ്മുടെ ജീവിതത്തിലെ പരമോന്നതമായ സ്ഥാനം നഷ്ടമാകുന്നു.

ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്ക് ഉണ്ടാകരുത് എന്ന് അരുളിചെയ്ത ദൈവം മനുഷ്യൻ തന്റെ സ്ഥാനം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത് ഒട്ടും ഇഷ്ടപ്പെടുന്നില്ല.

സർവ്വശക്തനായ ദൈവത്തിൽ സമ്പൂർണ്ണമായി വിശ്വസിക്കുന്ന, ആശ്രയിക്കുന്ന ഒരു വ്യക്തിയ്ക്ക് മാത്രമേ യഹോവയായ ദൈവത്തിൽ തന്നെ പ്രത്യാശ വയ്ക്കുവാൻ കഴിയുകയുള്ളൂ. യഹോവയായ ദൈവത്തെ രുചിച്ചറിഞ്ഞിട്ടുള്ള പല വ്യക്തികളും ആവശ്യങ്ങളുടെയും അത്യാവശ്യങ്ങളുടെയും മുമ്പിൽ ലോകമനുഷ്യരുടെ വാക്കിൽ, സമ്പത്തിൽ, പ്രതാപത്തിൽ, അധികാരത്തിൽ വിശ്വാസമർപ്പിച്ച് മുന്നോട്ട് പോകാറുണ്ട്; അവർ പ്രാർത്ഥിക്കുന്നവരാണ്. പക്ഷേ പലപ്പോഴും സ്വന്തമായ ബുദ്ധിയിൽ ആശ്രയിച്ച് മനുഷ്യനിൽ അഭയം തേടി മനുഷ്യരിൽ നിന്നും മറുപടികൾ പ്രതീക്ഷിക്കുന്നു.

മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജം ആക്കി ഹൃദയം കൊണ്ട് യഹോവയിൽ നിന്ന് വിട്ടകലുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ ആകുന്നു എന്നാണ് പ്രവാചകൻ പറയുന്നത്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം എന്നതാണ് മുഖ്യകല്പന. (മർക്കോസ് 12:30). എന്നാൽ മനുഷ്യഹൃദയം അത് ചെയ്യാറില്ല. കാരണം ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവും ഉള്ളതത്രെ. മനുഷ്യന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണം ഒക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രെ (ഉല്പ.6:5). തകർന്ന് നുറുങ്ങിയ ഹൃദയം അനുതാപത്തെയും താഴ്മയെയും കാണിക്കുന്നു. (സങ്കീ.51:17). ദൈവഹിതത്തിനു വഴങ്ങാൻ കഴിയാതവണ്ണം ഹൃദയം കല്ലുപോലെ കഠിനമാക്കിയിരിക്കുകയാണ് മനുഷ്യൻ.

ഓരോ വ്യക്തിയുടെയും ഹൃദയം എങ്ങനെയാണെന്ന് ദൈവത്തിന് അറിയാം. ദൈവമേ എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ എന്നും ഹൃദയത്തെ നിർമ്മലമാക്കണമെ എന്നും ഉള്ളതാണ് ആത്മാർത്ഥമായ പ്രാർത്ഥന.

ഹൃദയശുദ്ധിയുള്ളവരാണ് ദൈവത്തെ കാണുന്നത്. നന്മയും പ്രസാദവും ഉള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടേണ്ടതാണ് (റോമ.12:2).

ഓരോ വിശ്വാസിയുടെയും മനസ്സും ജഡത്തിന്റെ നിയന്ത്രണത്തിൽ ആകാം (കൊലോ.2:18). ദൈവിക വെളിപ്പാട് ഗ്രഹിക്കാനും അതിനോട് പ്രതികരിക്കാനും കഴിവുള്ളതുകൊണ്ട് മനസ്സ് മനുഷ്യന്റെ ജഡത്തേക്കാൾ ഉന്നതമായ പ്രകൃതിയാണ്. ആത്മാവിന്റെ അവസ്ഥ മനസ്സിന്റെ എല്ലാ പ്രവർത്തനങ്ങളെയും ബാധിക്കും. മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങണമേ എന്നാണ് ദാവീദ് പ്രാർത്ഥിച്ചത്.

ആത്മാവ് ഒരുക്കം ഉള്ളത് ജഡമോ ബലഹീനമത്രേ എന്ന ക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിക്കേണ്ടതാണ്. ദൈവിക പ്രവർത്തനങ്ങൾക്ക് മനസ്സൊരുക്കം വളരെയധികം അത്യാവശ്യമാണ്. മനസ്സ് ക്ഷീണിക്കുകയും തകരുകയും ചെയ്യും. ക്രിസ്തു വിശ്വാസത്താൽ ഹൃദയത്തിൽ വസിക്കുന്നത് മൂലമാണ് ക്രിസ്തുവിന്റെ സ്നേഹം വിശുദ്ധന്മാർക്ക് ഗ്രഹിക്കുവാൻ കഴിയുന്നത് (എഫെ.3:17).-19.അതുകൊണ്ട് പ്രിയ സഹോദരങ്ങളെ, ദൈവത്തിൽ ആശ്രയിക്കുകയും ദൈവം തന്നെ പ്രത്യാശ ആയിരിക്കുകയും ചെയ്യുന്ന മനുഷ്യജീവിതത്തിൽ ദൈവത്തിന്റെ സ്ഥാനം പല കാര്യങ്ങളിൽ ഒന്നല്ല. മറിച്ച് ദൈവം അവന് സർവ്വസ്വമാണ്, പരമോന്നതമാണ്.



ക്നാനായ ഫാമിലി ഡയറക്ടറേറ്റ് ഭാരവാഹികൾ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടൊപ്പം ചുമതലയേറ്റു.




## നഗരത്തിലെ എലിയും ഗ്രാമത്തിലെ എലിയും

ഒരിക്കൽ നഗരത്തിലെ എലി ഗ്രാമത്തിലുള്ള സുഹൃത്തിന്റെ വീട്ടിൽ ചെന്നു. 'എന്താ? വഴിതെറ്റി വന്നതാണോ? നമ്മളെയൊക്കെ മറന്നുപോയോ? എന്നു സന്തോഷപൂർവ്വം ചോദിച്ചുകൊണ്ട് ഗ്രാമച്ചുണ്ടെലി അതിഥിയെ സ്വീകരിച്ചു. കുശലങ്ങൾക്കുശേഷം അവർ ഭക്ഷണം കഴിക്കാൻ ഇരുന്നു. അതിഥിക്ക് ബാർലിയും നെല്ലും ഗോതമ്പും ഗ്രാമച്ചുണ്ടെലി ബഹുസന്തോഷത്തോടെ വിളമ്പി. പക്ഷേ, അതിഥിക്ക് ഒന്നും ഇഷ്ടമായില്ല. വിഭവങ്ങളെല്ലാം മാറ്റിവെച്ച് ചുളിഞ്ഞ മുഖവുമായി അതിഥി പറഞ്ഞു: 'എന്റെ പൊന്നു സുഹൃത്തേ! ഇതൊക്കെയാണോ താങ്കളുടെ ആഹാരം? ഒരു ഉറുമ്പിന്റേതിനെക്കാൾ കഷ്ടമാണല്ലോ ഈ ജീവിതം. എനിക്ക് ഓർക്കാൻ പോലും വയ്യ!'

നഗരച്ചുണ്ടെലി തുടർന്നു: 'ആകട്ടെ, താങ്കൾ നഗരത്തിലേക്കു വരുന്നോ? അവിടുത്തെ വിഭവങ്ങൾ കണ്ടാലും രുചിച്ചാലും പിന്നെ ഇങ്ങോട്ടു തിരിച്ചുവരില്ല.' ഗ്രാമച്ചുണ്ടെലി സമ്മതിച്ചു. രണ്ടുപേരും നഗരത്തിൽ എത്തി. തന്റെ കൊട്ടാരസദൃശമായ വീട്ടിലെ സ്റ്റോർ മുറിയിലേക്ക് അതിഥിയെ കൂട്ടിക്കൊണ്ടുപോയശേഷം നഗരച്ചുണ്ടെലി വിഭവങ്ങൾ ഓരോന്നായി കാട്ടിക്കൊടുത്തു.

'ഭാഗ്യം ചെയ്യണം. എന്നാലേ ഇതൊക്കെ അനുഭവിക്കാനൊക്കൂ.' ഗ്രാമച്ചുണ്ടെലി ആത്മഗതം ചെയ്തു. 'ഇവിടെത്തന്നെ തങ്ങിയാലോ?

അവർ ഭക്ഷണം കഴിക്കാൻ തുടങ്ങുകയായിരുന്നു. പെട്ടെന്ന്, നായ കുരയ്ക്കുന്ന ശബ്ദം കേട്ടു. രണ്ടുപേരും ചാടിപ്പിടഞ്ഞ് ഒരു മൂലയിൽ ഒളിച്ചു.

'കൊച്ചമ്മയുടെ കാലുനക്കി നടക്കുന്ന ഒരു ഓമനപ്പട്ടിയുണ്ടിവിടെ. അതു മുറിയിലും എല്ലായിടത്തും ഇങ്ങനെ ഓടി നടക്കും. ഭയപ്പെടാനൊന്നുമില്ല.' നഗരച്ചുണ്ടെലി പറഞ്ഞു.

അല്പം കഴിഞ്ഞ് അവർ വീണ്ടും ഭക്ഷണത്തിനിരുന്നു. അപ്പോൾ കുഞ്ഞു കരയുന്ന ശബ്ദം കേട്ടു.. തുടർന്നു കേട്ടത് പൂച്ചയുടെ ശബ്ദവും.അതുകേൾക്കേണ്ട താമസം, രണ്ടെലികളും വെപ്രാളത്തോടെ ഓടിപ്പോയി.

'കൊച്ചമ്മ കുഞ്ഞിനെ കളിപ്പിക്കുകയാണ്. ഭയപ്പെടാൻ ഒന്നുമില്ല.' ആതിഥേയനായ എലി പറഞ്ഞു: 'പൂച്ചയുടെ ആകൃതിയിൽ ഒരു കളിപ്പാവയുണ്ട്. അതിനെ അമർത്തിയാൽ പൂച്ച കരയുന്ന ശബ്ദവും വരും. അത്രയേയുള്ളു.'

'എന്തായാലും എനിക്കു മതിയായി. പട്ടിണി കിടന്നാലും വേണ്ടില്ല. ഞാൻ പോട്ടെ!' ഗ്രാമച്ചുണ്ടെലി പറഞ്ഞു: 'അവിടെ ബാർലിയും നെല്ലും മാത്രമേയുള്ളു. എങ്കിലും മനസ്സമാധാനത്തോടെ ഇരുന്നു കഴിക്കാമല്ലോ. ഇതുപോലെ ജീവൻ കൈയിലെടുത്തു പിടിച്ച്, കണ്ണും ചെവിയും കൂർപ്പിച്ചു കഴിയുന്ന വിദ്യ ഇനി എനിക്കു വശത്താക്കാൻ വിഷമമാണ്. താങ്കൾ സുഖമായി ജീവിച്ചാലും!

സുഹൃത്തിന്റെ യാത്രയും നോക്കി നഗരച്ചുണ്ടെലി മിഴിച്ചിരുന്നു.

***എളിയമട്ടിലായാലും മനസ്സമാധാനത്തോടെയുള്ള ജീവിതമാണ് അഭികാമ്യം; ഭീഷണികളുടെ നടുവിലെ സമൃദ്ധിയല്ല.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**നവംബർ മാസത്തിലെ ചോദ്യങ്ങൾ**

(ഉല്പത്തി പുസ്തകത്തിൽനിന്നും)

1. കെരൂബുകളെക്കുറിച്ചുള്ള ആദ്യ പരാമർശം എവിടെ?
2. എല്ലാ കന്നുകാലികളിലും എല്ലാ കാട്ടുമൃഗങ്ങളിലും വെച്ച് ശപിക്കപ്പെട്ടിരിക്കുന്നതെന്ത്?
3. നോഹയുടെ പുത്രൻമാർ ആരെല്ലാം?
4. മുന്തിരിത്തോട്ടം നട്ടുണ്ടാക്കിയതായി പറയപ്പെടുന്ന ആദ്യവ്യക്തി ആര്?
5. ഊസിന്റെ പിതാവാര്?
6. തേരഹിന്റെ പുത്രന്മാരിൽ ജന്മദേശത്തു വെച്ചു തന്നെ മരിച്ചുപോയതാര്?
7. സോദോം വരെ കൂടാരം നീക്കി നീക്കി അടിച്ചവൻ ആര്?
8. ഉപ്പുകടലിന്റെ സ്ഥാനത്ത് പണ്ടുണ്ടായിരുന്ന താഴ്‌വര ഏത്?
9. അബ്രാം സകലത്തിനും ദശാംശം നൽകിയതാർക്ക്?
10. മഹാനദി എന്ന അപരനാമത്തിൽ അറിയപ്പെടുന്ന നദി ഏത്?

**നവംബർ മാസത്തിലെ ഉത്തരങ്ങൾ**

1. ജീവവൃക്ഷം നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും (2:9)
2. ഗീഹോൻ നദി (2:13)
3. മെഥുശയേൽ (4:18)
4. ശേത്ത് (4:25)
5. ഹാബെൽ (4:8)
6. നോഹ (6:9)
7. സാറായി (12:14)
8. സിദ്ധീം താഴ്‌വര (14:10)
9. പരിച്ഛേദന (17:7-11)
10. ഏഴു പെണ്ണാട്ടിൻ കുട്ടികൾ (21:30)

## 32 –ാം ചരമവാർഷികം
**26- 12 - 2023**

## 9 –ാം ചരമവാർഷികം
**07 - 01- 2024**







Advt - O

## റവ. ഫാ. പി. ഐ. ഏബ്രഹാം

(റിട്ട. ഹെഡ്മാസ്റ്റർ, നാഷണൽ ഹൈസ്കൂൾ, വള്ളംകുളം)

## അച്ചാമ്മ ഏബ്രഹാം

**പാറയ്ക്കാമണ്ണിൽ, കറ്റോട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും". (യോഹന്നാൻ 11:25)

*കുടുംബാംഗങ്ങൾ*



## 1 –ാം ചരമവാർഷികം
**25 – 12 – 2023**

# K.M. KURIAKOSE
**Kunnumpurathu,
Ramamangalam**

Advt - S

*മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ*

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3 – ാം ചരമവാർഷികം

19 – 12 – 2023



## കുഞ്ഞൂഞ്ഞമ്മ ജേക്കബ്

**കോന്ത്യാപറമ്പിൽ, രാമങ്കരി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 14 – ാം ചരമവാർഷികം

18 – 12 – 2023

## 2 – ാം ചരമവാർഷികം

18 – 12 – 2023





## പി. ഐ. മാത്തുക്കുട്ടി    ഏലിയാമ്മ മാത്തുക്കുട്ടി

**പാറയ്ക്കാമണ്ണിൽ, കറ്റോട്**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 3 – ാം ചരമവാർഷികം

27 – 12 – 2023

## 6 – ാം ചരമവാർഷികം

27 – 01 – 2024



## കെ. ഒ. ഉതുപ്പാൻ    കുഞ്ഞമ്മ ഉതുപ്പാൻ

**കോവിലാൽ, മഴുക്കീർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

Advt -S

## 12 – ാം ചരമവാർഷികം

5 – 12 – 2023



## മറിയാമ്മ ചാക്കോ

കോയിത്ര, കുറിച്ചി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## വേർപാടിന്റെ 2 – ാം വാർഷികം

01 – 12 – 2023



## സാറാമ്മ മാത്യു (മണി)

എട്ടൊന്നിൽ, ഇടയാടിയിൽ, ഇടക്കുളം, റാന്നി.

സങ്കടങ്ങൾ ഏറെ ഉണ്ട് നാഥാ കൂട്ടിനായി നൊമ്പരങ്ങളും

" നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭർത്താവ് – മാത്യു തോമസ് (ജോയ്)
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, മറ്റ് ബന്ധുമിത്രാദികൾ

Advt -S



## പറുദീസയിലെ 6 – ാം വർഷം

06 – 12 – 2023

## വിനു കുര്യൻ ജേക്കബ്

താഴ്ചയിൽ, കുറ്റൂർ

മാനത്തെ വെള്ളിത്തേരിലുറങ്ങും മാലാഖപ്പൂമുത്തേ
മാനത്തിരുന്നൊരു പൊൻമുത്തമേകിടാൻ
  താഴോട്ടു നോക്കിടുമോ? നീ
  താഴോട്ടു നോക്കിടുമോ?
മുത്തുകൾകൊണ്ടു പണിഞ്ഞൊരു വീട്
സ്വർഗത്തിലിന്നില്ലേ? നിന്റെ
  അമ്മയാം മേരിയും യൗസേഫുമിന്ന്
  കൂട്ടിനിരിപ്പില്ലേ? നിന്റെ
  കൂട്ടിനിരിപ്പില്ലേ?.....

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*



11 – ാം ചരമ വാർഷികം
26 – 12 – 2023

# ചിന്നമ്മ തോമസ്

ഇടയാടിയിൽ, ഐത്തല,
റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

| | | |
|---|---|---|
| ഭർത്താവ് | : | Abraham Thomas |
| മക്കൾ | : | Lovely, Biju, Shiney, Binu |
| മരുമക്കൾ | : | Sajan, Priya, Sanjayan, Smitha |
| കൊച്ചുമക്കൾ | : | Elvis, Edvin, Sherin, Angel, Arnold, Edric, Eric |

Advt - S

4 – ാം ചരമവാർഷികം
19 – 12 – 2023



## പി.കെ. മാത്യു

(ബേബി ആനിയ്ക്കൽ)

21 – ാം ചരമവാർഷികം
08 – 12 – 2023



## ശോശാമ്മ കുര്യൻ

ആനിയ്ക്കൽ പുതുപ്പറമ്പിൽ, വാകത്താനം

(Amson Group)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ...

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## ഞങ്ങളിൽ നിന്നും വേർപിരിഞ്ഞിട്ട് ഇന്നേയ്ക്ക് ആറാംവർഷം

25 – 12 – 2023



# മറിയാമ്മ ബേബി

കോന്ത്യാപറമ്പിൽ

Advt -S

Inserted by

കോന്ത്യാപറമ്പിൽ ലേഡീസ് സ്റ്റോർ & സ്റ്റേഷനറി, ഗിഫ്റ്റ് & ഫർണിച്ചർ

രാമങ്കരി

## 12th Birthday in Heaven

23-12-2023



Advt - R

**Vijaya Abraham**

Vinod Bhavan

Vazhappally, Changanacherry

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*പ്രാർത്ഥനയോടെ* Edwin Abraham (Son)

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4th Birthday in Heaven

18-12-2023



Advt -O

**Thomas Punnoose (Joy)**

Ozhumannil, Aythala, Ranni

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

ഭാര്യ: അന്നാമ്മ തോമസ്, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

## 21st Death Anniversary

27-12-2023



Advt - R

**Rev. Fr. Abraham Thomas**

Valiyaveettil Padickal, Vallamkulam

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ-
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

By Sorrowing Family

| 6-ാം ചരമവാർഷികം | 53-ാം ചരമവാർഷികം |
|---|---|
| 07-12-2023 | 18-01-2024 |
|  |  |
| **ചാച്ചിക്കുട്ടി ഉണ്ണിട്ടൻ** | **കെ. സി. ഉണ്ണിട്ടൻ** |

കരിപ്പാലിൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

7 – 12 – 2023



## ഏബ്രഹാം മാത്യു (തമ്പി)

മുക്കടയിൽ, കുറ്റൂർ, തിരുവല്ല

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 1 – ാം ചരമ വാർഷികം

23 – 12 – 2023



## കുഞ്ഞുമോൾ ചെറിയാൻ

നെടിങ്ങാട്ടേത്ത്, മഴുക്കീർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## 5 – ാം ചരമവാർഷികം

13 – 01 – 2024

## Philip Kuruvilla

**Aronnil, Mumbai**

**I am the resurrection and the life,
whoever believes in me will live,
even though he dies.**
**John 11:25**

By Sorrowing Family

Advt -O



## 2nd Death Anniversary

01-01-2024

# Mathukutty Thomas (Joy) USA

**Kandallumannil Paracattu**

**Eraviperoor**

Advt -O

" ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



## 50th Death Anniversary

01-12-2023

# Adv. M.J. John B.A., B.L.

**Malloosseril,**
**Valiyangadi, Kottayam**

Advt -O

"എന്നാൽ ബുദ്ധിമാന്മാർ ആകാശ മണ്ഡലത്തിന്റെ പ്രഭപോലെയും
പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും
എന്നും എന്നേക്കും പ്രകാശിക്കും" (ദാനിയേൽ 12:3)

Beloved Children & Grand Children



## 2nd DEATH ANNIVERSARY
12-12-2023

## SOMAN JACOB
Kavanal, Trivandrum

*Jacob's Engineering Works*

*"I am the resurrection and the life*
*He who believes in me will live,*
*Even though He dies"*
*John 11:25*

SORROWING FAMILY

Advt -G

## 15 – ാം ചരമവാർഷികം
20 – 12 – 2023



## ഷോബി ആൻഡ്രൂസ്
എഴുമായിൽ, കടുവാക്കുളം

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 25th Death Anniversary
15 – 12 – 2023



## K.M. KURIAKOSE (Babu)
Kannakuzhyil, West Othera

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -O

## 1 –ാം ചരമവാർഷികം

25 – 12 – 2023



### സജിൻ ജോസഫ് (39)

തുണ്ടിയിൽ ഹൗസ്, മഞ്ഞാടി

By Sorrowing Family

Advt -O

സ്നേഹസ്മരണയ്ക്ക്

## 12 –ാം ചരമവാർഷികം

01 – 01 – 2024



### തങ്കമ്മ ഏബ്രഹാം

വള്ളംകുളത്തായ വേലുകിഴക്കേതിൽ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 8 –ാം ചരമവാർഷികം

17 – 12 – 2023



### O. A. ABRAHAM (RAJAN)

Ochalil

Vallamkulam, Thiruvalla

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 1 –ാം ചരമവാർഷികം

10 – 01 – 2024



### റ്റി. എ. രാജു (മോനാച്ചൻ)

തൈയ്യിൽ, നീലംപേരൂർ (കുറിച്ചി)

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭാര്യ – ലില്ലിക്കുട്ടി, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -S

# FIRST BIRTHDAY IN HEAVEN

09 - 12 - 2023



# MARIAMMA THOMAS

Kochuparavelil, Vakathanam

*(Former President Grama Panchayath, Vakathanam)*

*I am the resurrection and the life. The one who believes in me will live, even though they dies*

*John 11 : 25*

By Sorrowing Family

Advt -O

## 40 – ാം ചരമദിനം

26 – 12 – 2023



## മത്തായി മാത്യു (കുട്ടപ്പായി)

മറ്റത്തിൽ, പള്ളം

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## In Loving Memory

| 12th Death Anniversary 08-12-2023 | 11th Death Anniversary 28-12-2023 |
|---|---|
|  |  |
| **Mathew A. Panicker** | **C. M. Abraham (Raju)** |

**Panickarodathu House**
**Kottayam**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 1 – ാം ചരമവാർഷികം

27 – 12 – 2023



## മോനി മാത്യു (മോനാച്ചൻ)

നെടിയകാല, വെള്ളുത്തുരുത്തി

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 15 – ാം ചരമവാർഷികം

8 – 12 – 2023



## KURUVILLA THOMAS
**(BABY)**

**Kakkamparambil, Vakathanam**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

By Sorrowing Family

Advt - S



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

*(ഈ ലേഖനത്തോടെ ഈ പരമ്പര അവസാനിക്കുന്നു)*

**കഴിഞ്ഞ ലക്കം തുടർച്ച**

**വിടപറയും മുമ്പേ**

ജോസഫിന്റെ പ്രസംഗത്തിനുശേഷം ട്രസ്റ്റിയും സെക്രട്ടറിയും ചേർന്ന് അച്ചന് സ്നേഹോപഹാരം സമർപ്പിച്ചു. മറുപടി പ്രസംഗത്തിനായി അച്ചൻ എഴുന്നേറ്റു. അച്ചൻ പ്രസംഗിച്ചു തുടങ്ങി.

കഴിഞ്ഞ അഞ്ചുവർഷമായി ഞാൻ ഈ ഇടവകയിൽ ശുശ്രൂഷിച്ചു തുടങ്ങിയിട്ട്. ഏറ്റവും കൂടുതൽ പ്രാധാന്യം ഞാൻ നൽകിയത് കുടുംബത്തിനാണ്. അതിനാൽ ഞാൻ ഏറ്റവും കൂടുതൽ പ്രസംഗിച്ചതും ക്ലാസ്സ് എടുത്തതും കുടുംബ നവീകരണത്തെ ലക്ഷ്യമിട്ടുകൊണ്ടാണ്. കുടുംബങ്ങൾ കൂടുന്നതാണ് ഇടവക. ഇടവകകൾ കൂടുന്നതിനാണ് സഭ എന്നു പറയുന്നത്. അതിനാൽ സഭയുടെ ഒരു മിനി പതിപ്പാണ് കുടുംബം.

ഒരു കുടുംബം കടന്നുപോകേണ്ട മിക്കവാറും എല്ലാ വഴികളിലൂടെയും നാം സഞ്ചരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനം ഭാര്യാഭർതൃബന്ധമാണ്. ഭാര്യാഭർതൃബന്ധം ശരിയായ ദിശയിലാണെങ്കിൽ അനുബന്ധമായ എല്ലാ വിഷയങ്ങളും ശരിയായ പാതയിലായിരിക്കും. ദൈവം ഏദൻതോട്ടത്തിൽ ആദ്യം സ്ഥാപിച്ച കുടുംബം ആദത്തിന്റെയും ഹൗവ്വയുടേതുമാണ്. ആദം ഏകൻ ആയിരിക്കുന്നത് നന്നല്ല എന്ന് കണ്ട ദൈവം അവനൊരു തുണയെ ആവശ്യമെന്ന് മനസ്സിലാക്കി ഹൗവ്വയെ സൃഷ്ടിച്ചു. തുടർന്ന് ദൈവം ആദമിനെ ഉപദേശിച്ചു.

"ആകയാൽ പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായി തീരും" (ഉല്പ.2:24). ഇതേ വചനമാണ് മത്തായിയുടെ സുവിശേഷത്തിൽ കർത്താവ് ഉദ്ധരിച്ചിരിക്കുന്നത്. അതാണ് വി. വിവാഹ കൂദാശയിൽ വായിക്കുന്ന ഏവൻഗേലിയോൻ. ഒരു വാചകം കർത്താവ് കൂട്ടിച്ചേർക്കുന്നു. "അതുകൊണ്ട് അവർ മേലാൽ രണ്ടല്ല; ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" (വി. മത്തായി 19:6).

മനുഷ്യന്റെ ബാഹ്യമായ കണ്ണുകൾ കൊണ്ടോ യുക്തികൊണ്ടോ ഗ്രഹിക്കുവാൻ കഴിയത്തില്ല "ഒരു ദേഹമത്രെ" എന്ന് യേശു പറഞ്ഞത്. എന്നാൽ പരിശുദ്ധാത്മാവിൽ നിന്നുകൊണ്ട് ദൈവത്തിന്റെ അത്ഭുത വചനങ്ങളെ തിരിച്ചറിയുവാൻ കഴിയും. വി. വിവാഹകൂദാശയിലൂടെ ഭാര്യയെയും ഭർത്താവിനെയും ദൈവം കൂട്ടിച്ചേർക്കുകയാണ്. കുടുംബം ദൈവപദ്ധതിയാണ്. മനുഷ്യന്റെ പദ്ധതിക്കതീതമായി ദൈവം ആസൂത്രണം ചെയ്യുന്നതാണ് ഭാര്യാഭർതൃബന്ധം. വിവാഹം ഉറപ്പിക്കുമ്പോൾ മനുഷ്യന് പലവിധ മാനദണ്ഡങ്ങളുണ്ട്. എന്നാൽ ദൈവം മനുഷ്യന്റെ മാനദണ്ഡങ്ങൾക്കല്ല മുൻഗണ നൽകുന്നത്. ഹൃദയങ്ങളുടെ യോജിപ്പിനെയാണ് ദൈവം പരിഗണിക്കുന്നത്. സാമ്പത്തികവും വിദ്യാഭ്യാസവും കുടുംബമഹിമയും ജോലിയുമൊക്കെ മനുഷ്യൻ പരിഗണിക്കുമ്പോൾ ദൈവം ഹൃദയങ്ങളുടെ യോജിപ്പിനെയാണ് ശ്രദ്ധിക്കുന്നത്.

അതുകൊണ്ട് വിവാഹം ഉറപ്പിക്കുമ്പോൾ ദൈവത്തിന്റെ ആലോചനയ്ക്ക് മുൻഗണന കൊടുക്കണം. പ്രാർത്ഥിച്ച് തീരുമാനിക്കേണ്ടതാണ് വിവാഹം.

വിവാഹംവരെ ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തികൾ മാതാപിതാക്കളോ സുഹൃത്തുക്കളോ ആയിരിക്കാം. വിവാഹശേഷം ഏറ്റവും പ്രാധാന്യം ജീവിതപങ്കാളിയായിരിക്കണം. അതുകൊണ്ടാണ് ദൈവം പറയുന്നത് "പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും. അവർ ഒരു ശരീരമായിരിക്കും" എന്ന്. അപ്പനെയും അമ്മയെയുംകാൾ പ്രാധാന്യം ജീവിതപങ്കാളിയ്ക്ക്. ഭാര്യ ഭർത്താവിനോട് സംയോജിക്കപ്പെടുന്നത് തന്റെ മാതാപിതാക്കളെ വിട്ടിട്ടാണ്. അവർ ഒരു ശരീരമായിത്തീരും. ദൈവം തന്ന ഏറ്റവും നല്ല സമ്മാനം ജീവിതപങ്കാളിയാണ്.

"ഭവനവും സമ്പത്തും പിതാക്കന്മാർ മക്കൾക്ക് വച്ചേക്കുന്ന അവകാശം. ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം" (സദൃശ.19:14) ജീവിതപങ്കാളി ദൈവം തരുന്ന ഏറ്റവും നല്ല സമ്മാനം എന്ന് നാം തിരിച്ചറിയണം. അതിനാൽ ജീവിതപങ്കാളിയെ സ്നേഹിക്കേണ്ടത് ക്രിസ്തുവിലൂടെ ആയിരിക്കണം. അപ്പോൾ ജീവിത പങ്കാളിയ്ക്ക് ഏതെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ അത് ക്ഷമിച്ച് ചേർത്ത് പിടിക്കുവാൻ സാധിക്കും.

മക്കൾ ദൈവത്തിന്റെ സമ്മാനം. സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നു. "മക്കൾ യഹോവ തരുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ" (സങ്കീ.127 :3). വിവാഹം കഴിച്ചു എന്നതുകൊണ്ട് (മക്കൾ ലഭിക്കണമെന്ന്) നിർബന്ധമില്ല. മക്കൾ ദൈവത്തിന്റെ ദാനമാണ്. മക്കൾ ഇല്ലാതിരിക്കുന്നത് ഒരു കുറവോ ശാപമോ ആയി കാണരുത്. നമ്മെ ഏൽപ്പിച്ചിരിക്കുന്ന മക്കളെ ദൈവത്തിന്റെ മക്കളാക്കി വളർത്തുക എന്നത് നമ്മുടെ ധർമ്മമാണ്. കുഞ്ഞുങ്ങളെ ദൈവഭയത്തിലും ശിക്ഷണത്തിലും വളർത്തണം. അവർക്ക് നല്ല വിദ്യാഭ്യാസം നൽകണം. ദൈവസന്നിധിയിൽ അന്ത്യന്യായവിധി ദിനത്തിൽ മാതാപിതാക്കൾ മക്കളെക്കുറിച്ച് കണക്കു ബോധിപ്പിക്കണം. ദൈവം തന്ന മക്കളെ ദൈവത്തിന്റേതാക്കി വളർത്തുക. കുഞ്ഞുങ്ങളുടെ വ്യക്തിത്വത്തെയും അഭിപ്രായങ്ങളെയും മാനിക്കണം. അവരുടെ ജീവിതത്തിലെ ഏറ്റവും നല്ല മാതൃക മാതാപിതാക്കളായിരിക്കണം.

തോബീദിന്റെ മകൻ തോബിയാസിന് പിതാവ് നൽകുന്ന ഉപദേശം തോബീദിന്റെ പുസ്തകം നാലാം അദ്ധ്യായത്തിലുണ്ട്. ഒരുവൻ തന്റെ മാതാപിതാക്കളെ എങ്ങനെ സ്നേഹിക്കണമെന്നും എങ്ങനെ ദൈവപ്രീതി സമ്പാദിക്കണമെന്നും സമൂഹത്തോട് എപ്രകാരം പ്രതിബദ്ധത ഉണ്ടായിരിക്കണമെന്നും അവിടെ സൂചിപ്പിക്കുന്നുണ്ട്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, വൃദ്ധനായാലും അവൻ അത് വിട്ടുമാറുകയില്ല" (സദൃ22:6). മാതാപിതാക്കൾ നല്ല വഴികാട്ടികളാകണം. മാതാപിതാക്കളോട് മക്കൾ ആദ്യം പ്രതികൂലമായി പ്രതികരിച്ചാലും പിന്നീട് അവരുടെ ഭാവിയിൽ മാതാപിതാക്കളുടെ ഉപദേശങ്ങളെ അവർ പ്രയോജനപ്പെടുത്തും. നമ്മുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും പ്രാർത്ഥനകളും നിഷ്പ്രയോജനമാകില്ല. നമ്മൾ അവർക്കുവേണ്ടി പ്രാർത്ഥിക്കണം.

വിവാഹം എന്ന പദത്തിന് സുറിയാനിയിൽ 'സുവോഗോ' എന്നാണ്. 'സ്വേഗ്' എന്നതാണ് അതിന്റെ മൂലം. മൂലാർത്ഥം 'വിവാഹത്തിൽ യോജിക്കുക, ഒന്നാകുക' എന്നാണ്. മൂലത്തിൽ നിന്നുള്ള മറ്റൊരു പദമാണ് "സൂഗോ". ഇതിന്റെ അർത്ഥം 'നുകം' (yoke) എന്നാണ്. ഈ പദം 'വിവാഹം' എന്ന പദത്തോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ശ്രദ്ധിക്കാം. നുകത്തിൽ ഒരേ സമയത്ത് രണ്ടു മൃഗങ്ങളെ ഒരുപോലെ കെട്ടിയാൽ മാത്രമേ കർഷകന്റെ ലക്ഷ്യം നിറവേറുകയുള്ളൂ. മാത്രമല്ല രണ്ടു മൃഗങ്ങളും ഒരുപോലെ മുന്നോട്ട് നടക്കുമ്പോൾ ആണ് കലപ്പ ഉപയോഗിച്ച് മണ്ണ് ഇളക്കുവാൻ കഴിയുന്നത് എന്നതുപോലെ ഭാര്യയും ഭർത്താവും ഒരുപോലെ ഒരേമനസ്സോടെ കുടുംബ ജീവിതത്തിൽ പ്രയത്നിക്കണം. അപ്പോഴാണ് കുടുംബജീവിതം വിജയകരമാകുന്നത്.

സ്ത്രീപുരുഷസമത്വം ഇതിന് അനിവാര്യമാണ്. ശാരീരികമായി പുരുഷൻ സ്ത്രീയെക്കാൾ ആരോഗ്യമുള്ളവനാണെങ്കിൽ കുടുംബജീവിതത്തിൽ മാനസികമായി മുൻതൂക്കം ഉള്ളത് സ്ത്രീയ്ക്കാണ്. കാരണം പുരുഷൻ കുടുംബത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വം മാത്രമാണ് ഏറ്റെടുക്കുന്നതെങ്കിൽ സ്ത്രീ കുടുംബത്തിലെ ബാക്കി എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നു. (ഇത് എപ്പോഴും ശരി ആകണമെന്നില്ല) അതിനുള്ള മനഃശക്തി സ്ത്രീ ആർജ്ജിച്ചെടുക്കും.

വീട്ടിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമ്പോൾ പുരുഷൻ ആശങ്കപ്പെടും. എന്നാൽ സ്ത്രീ പുരുഷനെ ധൈര്യപ്പെടുത്തി പറയും: "ഇച്ചായൻ വിഷമിക്കേണ്ട, ദൈവം നമുക്കു ഒരു വഴി കാണിച്ചു തരും". സ്ത്രീയ്ക്ക് നല്ല ആത്മവിശ്വാസം ആണ്. ഒരു പരിധിവരെ പുരുഷനെക്കാൾ കൂടുതൽ ദൈവാശ്രയം സ്ത്രീക്കാണ് ഉള്ളത്. അതിനാൽ അവൾക്ക് നല്ല ധൈര്യമാണ്. തന്റെ കുടുംബത്തിനുവേണ്ടി എന്തുചെയ്യുവാനുമുള്ള മനക്കരുത്ത് സ്ത്രീക്കാണ്. വീട്ടിൽ ആർക്കെങ്കിലും അസുഖം വന്നാൽ കൂട്ടിരിക്കുന്നത് അപ്പനല്ല; അമ്മയാണ്. ആരെങ്കിലും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടാൽ കൂടെ നിൽക്കുന്നത് പുരുഷനല്ല; സ്ത്രീയാണ്. പ്രത്യേകിച്ച് അമ്മ. അതുകൊണ്ടാണ് പുരുഷനെക്കാൾ മനഃശക്തി സ്ത്രീക്കാണെന്ന് പറയുന്നത്. സ്ത്രീപുരുഷ സമത്വത്തിൽ വിശ്വസിക്കുന്ന കുടുംബമാണ് മാതൃകാ കുടുംബം.

ജീവിതം പങ്കിട്ടാസ്വദിക്കാനുള്ളതാണ് "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും" എന്ന് യഹോവ അരുളിച്ചെയ്തു (ഉല്പ.2:18). ഇണയായും തുണയായും ജീവിതപങ്കാളിയെ കണ്ടെങ്കിൽ മാത്രമെ ജീവിതത്തിൽ പങ്കിടീൽ സാധ്യമാകൂ. സന്തോഷം മാത്രമല്ല; സങ്കടങ്ങളും ആശങ്കകളും പങ്കുവയ്ക്കണം. ജീവിത പങ്കാളിയെ ഏറ്റവും നല്ല സുഹൃത്തായി കണ്ട് എല്ലാം പങ്കുവയ്ക്കണം. അപ്പോഴാണ് ജീവിതം ആസ്വാദ്യകരമായി തോന്നുന്നത്.

ജീവിതപങ്കാളിയോട് പങ്കുവയ്ക്കണമെന്ന് നിർദ്ദേശിക്കുമ്പോൾ തന്നെ നിങ്ങളുടെ മാതാപിതാക്കളോടും നിങ്ങൾ പങ്കുവയ്ക്കണമെന്ന് പറയട്ടെ. അല്പസമയം മാതാപിക്കൾക്കു വേണ്ടി നീക്കിവയ്ക്കുക. അവർ നിങ്ങളോട് സംസാരിക്കുവാനും നിങ്ങളെ കാണുവാനും ആഗ്രഹിക്കുന്നുണ്ട്. അവരുടെ ആരോഗ്യത്തെക്കുറിച്ച് അന്വേഷിക്കുകയും ആവശ്യമെങ്കിൽ സാമ്പത്തിക പിന്തുണ നൽകുകയും അഭിപ്രായങ്ങൾ പറഞ്ഞ് അവരുടെ ആശയങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നത് അനുഗ്രഹമാണ്. അവരുടെ വിയർപ്പും അദ്ധ്വാനവുമാണ് നിങ്ങളെ ഇന്നത്തെ നിലയിൽ എത്തിച്ചിരിക്കുന്നത്. മാത്രമല്ല നിങ്ങളുടെ മക്കളെയും അപ്പച്ചനോടും അമ്മച്ചിയോടും ഇടപെടുവാൻ പ്രോത്സാഹിപ്പിക്കണം. നിങ്ങൾ വിദേശത്താണെങ്കിൽ വീഡിയോകോളിലൂടെ കണ്ട് മാതാപിതാക്കളോട് സംസാരിക്കാനും ശ്രദ്ധിക്കണം. അവരുടെ അനുഗ്രഹം നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ investment ആണ്.

എഫേസ്യർ 5:22 മുതൽ 6:4 വരെയുള്ള ഭാഗമാണ് വിവാഹത്തിനു വായിക്കുന്ന പൗലോസ് ശ്ലീഹായുടെ ലേഖനം. വി.ഏവൻഗേലിയോനു മുൻപു വായിക്കുന്നു. അതിലെ ഒരു പ്രധാനഭാഗം "ഭർത്താക്കന്മാരെ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പീൻ". ഭാര്യമാരും അപ്രകാരം ഭർത്താക്കന്മാരെ സ്നേഹിക്കുവാനും ശ്ലീഹാ ഉപദേശിക്കുന്നുണ്ട്. മാത്രമല്ല സ്നേഹത്തിൽ പരസ്പരം കീഴടങ്ങുവാനും പൗലോസ് ശ്ലീഹാ നിർദ്ദേശിക്കുന്നു. സ്നേഹമാണ് മുഖ്യം. കേവലം ഉപരിപ്ലവമായ സ്നേഹമല്ല. ക്രിസ്തു സ്നേഹിച്ച ത്യാഗോജ്ജ്വലമായ സ്നേഹം, സ്വയം ശൂന്യമാക്കുന്ന സ്നേഹം. ഗ്രീക്കിൽ 'agape' എന്നാണ് സ്നേഹത്തിനുപയോഗിക്കുന്ന പദം ഈ വാക്കിന്റെ പൂർണ്ണമായ അർത്ഥം "സ്വയം ശൂന്യമാക്കുന്ന സ്നേഹം' (Self - Emptying Love) എന്നാണ്. കുടുംബ ജീവിതത്തിന്റെ അടിത്തറ സ്നേഹമാണ്. മോതിരവാഴ്വിന്റെ ശുശ്രൂഷയ്ക്കുശേഷമുള്ള ആശീർവാദ പ്രാർത്ഥനയിൽ "പരസ്പരം സ്നേഹിക്കുവാനായി സ്നേഹാഗ്നികൊണ്ട് ഇവരുടെ ഹൃദയങ്ങളെ യോജിപ്പിക്കേണമെ" എന്ന് പറയുന്നുണ്ട്. സ്നേഹം ഒരു അഗ്നിയാണ്.

പരസ്പരം അംഗീകരിക്കുവാനും വ്യക്തിത്വത്തെ ബഹുമാനിക്കുവാനും ഭാര്യാഭർത്താക്കന്മാർക്കു സാധിക്കണം. Life is not an adjustment but an understanding. ജീവിതപങ്കാളിയുടെ വ്യക്തിത്വത്തെ തിരിച്ചറിയുവാനും അതിനെ ആദരിക്കുവാനും സാധിക്കുന്നത് ജീവിതവിജയത്തിന്റെ ലക്ഷണ



ന്നാൽ വഷളാകുകയേയുള്ളൂ. തുറന്നു പറയുവാൻ തയ്യാറാകണം. കുടുംബ ജീവിതത്തിൽ അഭിപ്രായവ്യത്യാസങ്ങളും പൊരുത്തക്കേടുകളും സാധാരണമാണ്. ജീവിത പങ്കാളിയോടു അത് പങ്കുവച്ചെങ്കിൽ മാത്രമെ അവരറിയൂ. അങ്ങനെ പരിഹാരത്തിന് വഴിയുണ്ടാകും. രാത്രിയിൽ ഉറങ്ങുന്നതിന് മുൻപുതന്നെ രമ്യതപ്പെടണം. പിണങ്ങി ഉറങ്ങരുത്. പിണങ്ങി യാത്രചെയ്യരുത്.

ഞാൻ എന്റെ വാക്കുകളെ അവസാനിപ്പിക്കുന്നു. ഇക്കഴിഞ്ഞ അഞ്ചുവർഷങ്ങൾ നിങ്ങൾ എനിക്കു തന്ന എല്ലാ പ്രാർത്ഥനകൾക്കും പിന്തുണയ്ക്കും നന്ദി പറയുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

അച്ചൻ പറഞ്ഞവസാനിപ്പിച്ചപ്പോൾ ഇടവകജനങ്ങളുടെ പ്രത്യേകിച്ച് ഫൈവ് ഫിംഗേഴ്സിന്റെ കണ്ണുകൾ സജലങ്ങളായി. അച്ചന് നല്ല ഒരു യാത്ര അയപ്പ് നൽകിയതിന്റെ ചാരിതാർത്ഥ്യത്തോടെ ഇടവകക്കാർ അച്ചന് യാത്രാമംഗളങ്ങൾ നേർന്നുകൊണ്ട് ഭവനങ്ങളിലേയ്ക്ക് മടങ്ങിപ്പോയി. ഫൈവ് ഫിംഗേഴ്സ് മാത്രം അച്ചന്റെ മുറിയിലേയ്ക്ക് ചെന്നു.

അക്ഷരാർത്ഥത്തിൽ ലിസി നന്ദി നിറഞ്ഞ മനസ്സോടെ പൊട്ടിക്കരഞ്ഞപ്പോൾ മറ്റുള്ളവർ വിതുമ്പിപ്പോയി. അച്ചൻ എല്ലാവരെയും ആശ്വസിപ്പിച്ചു മടക്കി അയച്ചു. അച്ചന്റെയും കണ്ഠം ഇടറുന്നതുപോലെ.

"അച്ചോ ഞങ്ങൾ അച്ചനോട് എന്നും നന്ദിയുള്ളവരായിരിക്കും"

ജോസഫ് പറഞ്ഞു.

"താങ്ക് യൂ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ"

അച്ചൻ അവരെ യാത്ര അയച്ചു.

(ഈ പരമ്പര ഇവിടെ അവസാനിക്കുന്നു. ഇതിലെ കഥാപാത്രങ്ങളെല്ലാം ഭാവനയിൽ നിന്നു മാത്രം).

മാണ്. കുറ്റങ്ങളും കുറവുകളും ഇല്ലാത്തവർ ആരുമില്ല. ജീവിതപങ്കാളിയെ സ്വീകരിക്കുമ്പോൾ കുറവുകളും കൂടെചേർത്ത് സ്വീകരിക്കണം. അത് മനസ്സിലാക്കലിന്റെ ലക്ഷണമാണ്. forget and forgive. മറക്കുക പൊറുക്കുക. ജീവിതപങ്കാളിയെ ചേർത്ത് പിടിക്കുന്നവർക്കെ മറക്കാനും പൊറുക്കാനും കഴിയൂ.

മനുഷ്യന്റെ വ്യക്തിത്വത്തിന്റെ ഭാഗമാണ് പെരുമാറ്റശൈലി. അതിനെ രൂപാന്തരപ്പെടുത്താൻ കഴിയില്ല. അതിനെ ഉൾക്കൊള്ളുവാൻ ശ്രമിക്കണം. പങ്കാളിയുടെ പെരുമാറ്റശൈലി മാറ്റിയെടുക്കാൻ വാശിപിടിക്കുന്നത് അബദ്ധമാണ്. തന്റെ പങ്കാളിയ്ക്ക് ഹിതമല്ലാത്ത പെരുമാറ്റശൈലി തനിക്കുണ്ടെന്ന് ബോധ്യമായാൽ സ്വയം തിരുത്താൻ ശ്രമിക്കണം. പെരുമാറ്റശൈലി ചെറുപ്രായത്തിൽ രൂപപ്പെടുന്നതാകയാൽ മറ്റൊരാൾ വിചാരിച്ചാൽ അതിനെ തിരുത്താൻ സാധിക്കില്ല.

കുടുംബജീവിതത്തിൽ കിടപ്പറ (Bed room) യ്ക്ക് വലിയ പ്രാധാന്യമുണ്ട്. ആത്മാവും ശരീരവും മനസ്സും ഒന്നാകുന്ന ഇടമാണ് കിടപ്പറ. അതിനെ വളരെ പ്രാധാന്യത്തോടെ കാണണം. ലൈംഗികത മാത്രമല്ല കിടപ്പറയിലെ ഘടകം. ഒന്നാകലും പങ്കുവയ്ക്കലും സ്നേഹിക്കലും മനസ്സിലാക്കലും എല്ലാം സാധ്യമാകുന്ന ഇടമാണ് കിടപ്പറ. അതിന്റെ പാവനത ഭാര്യാഭർത്താക്കന്മാർ കാത്തുസൂക്ഷിക്കണം. വിവാഹിതരുടെ കിടക്ക നിർമ്മലവും മാന്യവുമെന്ന് എബ്രായ ലേഖലത്തിൽ പറയുന്നു. ദൈവസാന്നിധ്യം അനുഭവിക്കുവാൻ ഭാര്യാഭർത്താക്കന്മാർക്കു സാധിക്കണം. നല്ല മക്കളെ ലഭിക്കുവാൻ ഭാര്യാഭർത്താക്കന്മാർ കിടപ്പറയിൽ തീഷ്ണമായി പ്രാർത്ഥിക്കണം. മക്കൾ ദൈവത്തിന്റെ ദാനവും ഉദരഫലം ദൈവം തരുന്ന സമ്മാനവുമാണ് എന്ന് സങ്കീ.127 ൽ പറയുന്നു.

ഒരു കാര്യം കൂടി പറഞ്ഞ് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. കുടുംബജീവിതത്തെ വിജയപാതയിലേയ്ക്ക് നയിക്കുന്നതിൽ ശരിയായ ആശയവിനിമയത്തിന് (proper communication) സാരമായ പങ്കുണ്ട്.

മനസ്സ് തുറന്ന് സംസാരിക്കുമ്പോഴാണ് ശരിയായ ആശയവിനിമയും സാധിക്കുന്നത്. മനസ്സ് അടച്ച് വായ തുറന്ന്, സംസാരിച്ചാൽ ഒരിക്കലും അനുരഞ്ജനം ഉണ്ടാകുകയില്ല. പ്രശ്നങ്ങൾ പറഞ്ഞവസാനിപ്പിക്കാൻ മനസ്സുണ്ടാകണം. വിഷമങ്ങളും പൊരുത്തക്കേടുകളും മനസ്സിലിട്ടുകൊണ്ട് നട

**നന്ദിയോടെ**

ക്നാനായ ഫാമിലി ഡയറക്ടറേറ്റിന്റെ ഡയറക്ടറായി ചുമതല ഏറ്റെടുത്ത കഴിഞ്ഞ അഞ്ചുവർഷങ്ങൾ എനിക്കും സെക്രട്ടറി ബഹു. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ അച്ചനും ക്നാനായ സമുദായഅംഗങ്ങൾ നൽകിയ എല്ലാ സഹകരണത്തിനും പിന്തുണയ്ക്കും നന്ദി. ഞങ്ങളോടൊപ്പം കമ്മറ്റിയിലുണ്ടായിരുന്ന റവ.ഫാ.രാജൻ കുളമട, റവ.ഫാ.എ.പി.ജേക്കബ് ആഞ്ഞിലിമൂട്ടിൽ, റവ.ഫാ.ഷാജി ജേക്കബ് പുത്തൻപുരയ്ക്കൽ, റവ.ഡോ.തോമസ് ഏബ്രഹാം മലേച്ചേരിൽ, റവ.ഫാ.അനിൽ കെ. തോമസ് കൊന്നയ്ക്കൽ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു. ക്ലാസ്സുകൾ എടുക്കുവാൻ ഞങ്ങളോടൊപ്പം ഫാക്കൽറ്റി അംഗങ്ങളായി പ്രവർത്തിച്ച റവ.ഫാ. ജെയിൻ തോമസ് കുളത്തുങ്കൽ, റവ.ഫാ.ജിനു കുരുവിള കിഴക്കേമുട്ടത്തിൽ, റവ.ഫാ. ക്രിസ്റ്റോസി. കുര്യൻ ചക്കിട്ടപറമ്പിൽ, ഡോ. ജോസ് ജോസഫ്, മിസ്സസ് രേണു ബാബു എന്നിവർക്കും നന്ദി. പുതിയതായി ഡയറക്ടർ സ്ഥാനത്തേയ്ക്ക് വന്ന റവ.ഫാ. രാജൻ കുളമടയ്ക്ക് എല്ലാ ആശംസകളും നേരുന്നു. ഇതിനു ആവശ്യമായ പിന്തുണ നൽകിയ മെത്രാപ്പോലീത്തന്മാരോടും സമുദായ നേതൃത്വത്തോടുമുള്ള നന്ദി അറിയിക്കുന്നു.

സർവ്വോപരി ഈ പ്രസ്ഥാനത്തെ അനുഗ്രഹിച്ച ദൈവത്തിന് നന്ദി.

# ഒറ്റപ്പെടുന്നവർ

റ്റി.യു. ജോസ്, തൈത്തറ, കുറിച്ചി

അന്യോന്യമുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും കളരിയായി പ്രവർത്തിക്കേണ്ട കുടുംബങ്ങൾ വിദ്വേഷത്തിന്റെയും കലഹത്തിന്റെയും വ്യവഹാരങ്ങളുടെയും വേദിയായി മാറുന്നു. പ്രായമായ മാതാപിതാക്കളെ കരുതുവാനോ സ്നേഹിക്കുവാനോ മക്കൾക്ക് കഴിയുന്നില്ല. മിക്ക ഭവനങ്ങളിലും വൃദ്ധരായ മാതാപിതാക്കൾ ഒറ്റപ്പെട്ടുകഴിയുകയാണ്. ആകെയുള്ളത് ഒന്നോ രണ്ടോ മക്കളാണ്. അവരും കുടുംബാംഗങ്ങളും വിദേശത്തും. അവർ അവധിക്ക് നാട്ടിൽ വരുമ്പോൾ മാത്രമാണ് ഈ മാതാപിതാക്കൾക്ക് ഒരു ആശ്വാസം. അതുപോലെ ഒരു ബന്ധവും ഇല്ലാത്ത മക്കളുടെ അടുത്തുള്ള സ്നേഹിതൻ നാട്ടിൽ വരുമ്പോൾ അവർ വന്ന് ഈ മാതാപിതാക്കളെ കാണുകയും സ്നേഹാന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നത് ഇവർക്ക് വലിയ സന്തോഷവുമാണ്. എന്നാൽ പിതൃതുല്യമായി സ്നേഹിക്കുകയും, സഹായിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്ന സ്വന്തരക്തത്തിലുള്ള ഇളയസഹോദരങ്ങളോ അവരുടെ മക്കളോ വിദേശത്തുനിന്ന് നാട്ടിൽ വരുമ്പോൾ പോലും പ്രായമായ ജ്യേഷ്ഠസഹോദരങ്ങളെ ഒന്നു കാണുവാനോ അവരുടെ രോഗാന്വേഷണങ്ങൾ തിരക്കുന്നതിനുപോലും മെനക്കെടാറില്ല. അതുപോലെ ചെറുപ്പകാലം മുതൽ അടുത്ത സ്നേഹിതരായി കഴിഞ്ഞിരുന്നവരും ഇപ്പോൾ സാമ്പത്തികമായി അല്പം ഉയർന്ന ആളുകൾ ഈ പഴയ സ്നേഹിതരെ പലതിലും അവഗണിക്കുന്ന കാഴ്ചകൾ ഇന്ന് വിരളമല്ല. ഇതും ഒരു ഒറ്റപ്പെടുത്തലല്ലേ? ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും തന്റെ സഹോദരനെ പകക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു" (1.യോഹ.4:20) തന്നെ സ്നേഹിക്കുകയും സഹായിക്കുകയും ഒക്കെ ചെയ്തിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുമോ?



ഭവനങ്ങളിലും സ്നേഹിതരുടെ ഇടയിലും നടക്കുന്ന ഈ ഒറ്റപ്പെടുത്തലുകൾ സഭയിലും സമൂഹത്തിലുമൊക്കെ നമുക്കു കാണുവാൻ സാധിക്കും. ചിലചില ചെറിയ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ നേതൃസ്ഥാനത്തിരിക്കുന്ന സമുദായത്തിലെയോ, സമൂഹത്തിലെയോ നേതൃത്വങ്ങൾക്ക് എതിരായി ആളുകളെ സംഘടിപ്പിക്കുകയും തെറ്റിദ്ധാരണകൾ പറഞ്ഞു പരുത്തുകയും, മറ്റ് സ്വാധീനങ്ങളിൽ കൂടി അവരെ തേജോവധം ചെയ്തും, വ്യവഹാരങ്ങൾ അവർക്ക് എതിരെ കൊടുത്ത് ഇങ്ങനെ ഉള്ളവരെ ഒറ്റപ്പെടുത്തുവാൻ ശ്രമിക്കുന്നത് ഈ കാലഘട്ടത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്ന ഒരു പ്രതിഭാസമാണ്. ഏത് സമൂഹത്തിന്റെയോ സമുദായത്തിന്റെയോ നേതൃത്വം അലങ്കരിക്കുന്നവർ പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെ ഓരോ അംഗത്തിന്റെയും പ്രതിനിധികൂടിയാണ്. തന്റേതെന്നപോലെ തന്റെ സമുദായത്തിന്റെ അഥവാ സമൂഹത്തിന്റെ സുഖവും സംതൃപ്തിയും ആത്മീയ പരിപോഷണവുമൊക്കെ പരിഗണിക്കുവാൻ പ്രത്യേക കടമയുള്ളവരാണിവർ. തോളോട് ചേർന്ന് നടക്കുകയും നമ്മെ വാനോളം പുകഴ്ത്തുകയും ചെയ്യുന്നവർ തന്നെ ഒരു ദുരനുഭവം ഉണ്ടാകുമ്പോൾ പിന്നിൽ നിന്ന് കുത്തുകയും ചതിക്കുകയും ചെയ്യുന്ന അനുഭവം ആത്മിക മണ്ഡലത്തിൽപോലും നമുക്ക് കാണുവാൻ സാധിക്കും. ദൈവത്തോടുള്ള അപൂർണ്ണമായ അനുസരണയും സഭയോടും, സമൂഹത്തോടുമുള്ള പ്രതിബദ്ധതയും മറന്ന് നമ്മൾ പരസ്പരവും നേതൃത്വങ്ങൾ തമ്മിൽതമ്മിലും പ്രവർത്തിക്കുമ്പോഴാണ് സഭയിലും സമൂഹത്തിലുമൊക്കെ അസമാധാനവും കലഹങ്ങളുമൊക്കെ ഉണ്ടാകുന്നത്. താൻ അല്പനായിരിക്കുകയും മഹാൻ ആകുന്നു എന്ന് ഒരുത്തൻ നിരൂപിച്ചാൽ തന്നെത്തന്നെ വഞ്ചിക്കുന്നു ഗല. 6:4-ൽ നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോരുത്തൻ താന്താന്റെ പ്രവർത്തി ശോധന ചെയ്യട്ടെ."

തങ്ങളെക്കാൾ അല്പമെങ്കിലും പ്രായത്തിലോ അധികാരത്തിലോ, പൗരോഹിത്യത്തിലോ മറ്റ് ഏതെങ്കിലുമോ ശ്രേഷ്ഠന്മാരായവരെ ബഹുമാനിക്കാതിരിക്കുകയും, അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നത് സ്വയം വഞ്ചിക്കുകയാണെന്ന് വി. ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ആയതിനാൽ നമ്മുടെ കുടുംബങ്ങളിലും സഭയിലും സമൂഹത്തിൽനിന്നുമൊക്കെ മറ്റുള്ളവരെ ഒറ്റപ്പെടുത്തി വേദനിപ്പിക്കുകയും മാനസികമായി തളർത്തുകയും ചെയ്യുന്ന ഈ പ്രവണത നമ്മുടെ ഇടയിൽ ഉണ്ടാകാതിരിക്കുന്നതിന് നമുക്ക് ശ്രമിക്കാം, അതിനായി പ്രാർത്ഥിയ്ക്കാം.



# മല്പാനോടു ചോദിക്കാം

## വിശ്വാസപ്രമാണം എങ്ങനെ രൂപീകൃതമായി

(തുടർച്ച)

**മൂന്നാം ഖണ്ഡിക**

മൂന്നാം ഖണ്ഡിക പരിശുദ്ധാത്മാവിന്റെ നിത്യതയും, പ്രവർത്തനവും ആണ് പറയുന്നത്. പരി. ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമാണ് പരിശുദ്ധാത്മാവ്. അത് ഒരു ശക്തി എന്നതിലുപരി ഒരു വ്യക്തിയാണ്.

**സകലത്തേയും ജീവിപ്പിക്കുന്ന കർത്താവ്**

സകല സൃഷ്ടിക്കും ജീവൻ അഥവ ചൈതന്യം നൽകുന്നത് പരിശുദ്ധാത്മാവാണ്. "പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും"(യോഹ.14:26). "ഞാൻ പിതാവിന്റെ അടുത്തു നിന്ന് അയക്കുന്ന സഹായകൻ. പിതാവിൽ നിന്നു പുറപ്പെടുന്ന ആ സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും"(യോഹ. 15:26).

**പിതാവിൽ നിന്ന് പുറപ്പെട്ട് പുത്രനോടുകൂടി വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവൻ**

ഈ പ്രഖ്യാപനം പുത്രനെപ്പോലെ പരിശുദ്ധാത്മാവിന്റെ നിത്യതയെ സൂചിപ്പിക്കുന്നു. ചില സഭകളിൽ "പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെട്ടു" എന്നു പറയുമ്പോൾ പരി. സുറിയാനിസഭ 'പിതാവിൽ നിന്ന് പുറപ്പെട്ട്' പുത്രനോടുകൂടി വന്ദിക്കപ്പെടുന്നവൻ എന്നാണ് പ്രഖ്യാപിക്കുന്നത്. അതായത് പുത്രൻ എങ്ങനെ പിതാവിൽ നിന്ന് പുറപ്പെട്ടുവോ ആയതുപോലെ പരിശുദ്ധാത്മാവു പിതാവിൽ നിന്നു പുറപ്പെട്ടു എന്നു പറയുന്നു. പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെട്ടു എന്നു പറയുമ്പോൾ പരിശുദ്ധാത്മാവിന് രണ്ട് ഉറവിടം (origin) എന്നു വരും. ആ വാദം പരി. സുറിയാനി സഭാപിതാക്കന്മാർ സ്വീകരിച്ചില്ല.

**നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനും**

